

Annual '92

THANGAL KUNJU MUSALIAR
COLLEGE OF ARTS & SCIENCE

# ROYAL COMPUTER CENTRE

REI & CTC ROYAL

*(An Affiliate of the NCVT, Govt. of India)*

Masjid Buildings, Polayathodu, Kollam - 1

Phone : 70988

Telex : 886 301 ROYL IN



## ARE YOU THINKING OF COMPUTER LITERACY?

**Join the right organization**

PROFESSIONAL COMPUTER COURSES

- Govt. Certificate Course (N.C.V.T.)
- PGDCA
- DCA
- DCOM
- PC Software
- Computerised Secretarial Course
- UNIX, "C" & ORACLE
- dBASE III PLUS, FOXBASE & CLIPPER
- Other Short-Term Courses.

WELL EQUIPPED LAB WITH MULTIUSER MULTITERMINAL UNIX SYSTEM
100% HANDS ON PRACTISE
MODERATE FEES
- ASSISTANCE IN JOB PLACEMENT
- INDIVIDUAL ATTENTION

*For more details, please contact personally.*

തങ്ങൾകുഞ്ഞ് മുസലിയാർ
കോളേജ് ഓഫ് ആർട്സ് ആന്റ്
സയൻസ്
കരിക്കോട്, കൊല്ലം - മാഗസിൻ 92



ചീഫ് എഡിറ്റർ - പ്രൊഫസർ ലക്ഷ്മനാന്ദ്
കേണർ: ബഷീർകുഞ്ഞ്
മാനേജിംഗ് എഡിറ്റർ - എ. ഷംഷാദ്
ഹുസൈൻ
ചീഫ് സ്റ്റുഡന്റ് എഡിറ്റർ - നാസർ. എ
ടൈപ്പ്സെറ്റിംഗ് - ചേതന ഗ്രാഫിക്സ്

ഇല്ലസ്ട്രേഷൻസ്
സുരേന്ദ്രൻ ചൂരൽമഞ്ഞി, വയനാട്
കവർ.
ബിന്നി. യു. എം
ലേ-ഔട്ട് - ബിന്നി. യു. എം
തോമസ്. ജെ
ചമയം. നീരാവിൽ





JANAB. A. THANGAL KUNJU MUSALIAR

FOUNDER



JANAB
S.H. Musaliar
Chairman, Governing body



JANAB
T. Kamaluddin Musaliar
Treasurer, Governing body



PROF(LT.COL) BASHEER KANNU

**Our Principal**

കൂട്ടരെ,

ഈ കലാലയത്തിൽ നമുക്ക് തോളോടുതോളുരുമ്മി

ഒരു സംഘഗാനത്തിന്റെ ഈരടികൾ പാടാം.

നമ്മെ ഭിന്നിപ്പിച്ച് സ്വാർത്ഥതയുടെ

വർഗ്ഗീയ വിഷം തുപ്പികടന്നു പോകുന്നവർ..........

നമ്മെ സാമ്രാജ്യത്തിനു പണയം വയ്ക്കുന്നവർ....

ആലുകിളിച്ചതു തണലാക്കി മാറ്റിയ മാമലനാട്ടിലെ
അധികാരികൾ......

ഇവർ രാജ്യം തീറെഴുതുകയാണ്.

വ്യാജനെ അവരോധിച്ച്

നമ്മുടെ ബിരുദപത്രങ്ങളിൽപോലും

കരിനിഴൽ വീഴ്ത്തുകയാണ്.

സഹനത്തിന്റെ അതിരുകൾക്കുള്ളിൽ

അറവമാടിന്റെ നിസ്സഹായതയുമായി

നിരാലംബസ്വപ്നങ്ങൾക്ക് കാവലാകാതെ

നാമിനിയും നമ്മെ തിരിച്ചറിയേണ്ടിയിരിക്കുന്നു.

നിങ്ങളിലേക്ക് ഒരു തെളിനീരുപോലെ

മാഗസിൻ സമർപ്പിക്കുന്നു

ഒരിത്തിരി സ്നേഹത്തോടെ





നാസ്സർ. എച്ച്

നിങ്ങളുടെ എഡിറ്റർ

ഇവിടെ —

മനുഷ്യശിരസ്സുകൾ പൊതുനിരത്തിൽ ഉപേക്ഷിക്കപ്പെട്ടു കിടക്കുന്നു. കൊലവിളിയും മറുകൊലയും ജീവിതവ്രതമായി സ്വീകരിച്ചിരിക്കുന്ന കാപാലികർ, മതമൂല്യങ്ങളുടെ തിളങ്ങുന്ന തത്ത്വസംഹിതകൾ മുഖം മൂടിയായണിയുന്നു. മനുഷ്യക്കുരുതികളിൽ മതമഹിമ ആരോപിക്കപ്പെടുന്നു. മതങ്ങളുടെ യഥാർത്ഥ പൊരുളറിയാതെയുള്ള വിദ്വേഷത്തിൻെറ പോർവിളി കേട്ട് ഒരു ദേശത്തിൻെറ യുവത്വം പകച്ചുനിൽക്കുന്നു. മതം മനുഷ്യനന്മയ്ക്ക് എന്ന സത്യമന്ത്രം നമുക്ക് എവിടെയോ നഷ്ടപ്പെടുന്നു.

എങ്കിലും —

ഇനിയും പൂർണ്ണമായും നശിച്ചിട്ടില്ലാത്ത മനുഷ്യസ്നേഹത്തിൻെറ ചെറുതുരുത്തുകൾ നമുക്ക് പ്രതീക്ഷ തരുന്നു. ആയുഷ്കാലം മുഴുവനും അക്ഷരം പഠിപ്പിച്ച അബ്ദുൽഫത്താഹ് സാറിൻെറ അപകടമരണം ഒരു മുറിപ്പാടായി നീറുന്നു. വഴിയോരത്ത് രക്തത്തിൽ കുളിച്ച്, അന്ത്യശ്വാസം വലിച്ചുപിടയുന്ന അദ്ദേഹത്തെ രക്ഷിക്കുവാൻ തീവ്ര ശ്രമം നടത്തിയ തൊഴിലാളികൾക്ക് —ഉണ്ണിയ്ക്കും കുഞ്ഞുമോനും— മതത്തിൻെറ വേർതിരിവുകൾ വിഘ്നമായിത്തീർന്നില്ല. ആപത്തിനും മരണത്തിനും മതമില്ല എന്ന് അവർ നമ്മെ പഠിപ്പിക്കുന്നു.

പ്രിയപ്പെട്ടവരേ,

മനുഷ്യത്വത്തിന് ജാതിയില്ലെന്ന; ചോരയ്ക്ക് നിറഭേദമില്ലെന്ന ആ പാഠത്തിൻെറ പൊരുളാകട്ടെ നമ്മുടെ മാർഗ്ഗരേഖ.

സ്നേഹത്തോടെ,

എ. ഇർഷാദ് ഹുസൈൻ
(സ്റ്റാഫ് എഡിറ്റർ)

# EDITORIAL BOARD



CHIEF EDITOR
LT. COL.
BASHEER KANNU

STAFF ADVISER
ANCIL FRANCIS





STAFF EDITOR
A. ERSHAD
HUSSAIN



STUDENT
EDITOR
NAZAR. H

OMANAKKUTTAN



NIZAR.K.H





SHAMNADH



NAJEEB.A

# SUBEDITORS

## I st RANK HOLDER



KUMARI SHEEJA
1st RANK

ISLAMIC HISTORY

# കോളേജ് യൂണിയൻ ഭാരവാഹികൾ



നിസാമുദ്ദീൻ.എ
ചെയർമാൻ



കവിതാപ്രസാദ്
വൈ.ചെയർമാൻ



നസീർ.എ
ജനറൽസെക്രട്ടറി



നാസർ.എച്ച്
മാഗസിൻ എഡിറ്റർ



സെയ്ഫുദ്ദീൻ.എസ്
ആർട്സ്ക്ലബ് സെക്ര:



യൂസഫ്.ഐ

യൂണി.യൂണിയൻ
കൗൺസിലർമാർ

ഹരികുമാർ.ബി



# ക്ലാസ് പ്രതിനിധികൾ



1, വിജു.വി
ഒന്നാം വർഷ ബി.എ

2, നിസാമുദ്ദീൻ.എ
രണ്ടാം വർഷ ബി.എ

3, നസീർ.എം
ഒന്നാം വർഷ ബിരുദം

4, പദ്മരാജൻ.ഡി.എസ്
രണ്ടാം വർഷ ബിരുദം

5, വനിത പ്രസാദ്
മൂന്നാം വർഷ ബിരുദം

6, ബൈജു.വി
ഒന്നാം വർഷ
ബിരുദാനന്തര ബിരുദ
പ്രതിനിധി.



ഷമീറ
വനിതാ പ്രതിനിധി



അസ്സോസിയേഷൻ
സെക്രട്ടറിമാർ.

① ബൈജു. ജി (ബോട്ടണി
അസ്സോസിയേഷൻ)

② അബ്ദുൾ റഷീദ്
(ഇസ്ലാമിക് ഹിസ്റ്ററി)

③ ഷാജു വൈ (മാത്സ്
അസ്സോസിയേഷൻ)

④ ദിനേഷ്. ആർ. എസ്
(ഫിസിക്സ് അസ്സോസിയേഷൻ)

⑤ ഷെർഷാ (കൊമേഴ്സ് അസ്സോസിയേഷൻ)



സെലാഹുദ്ദീൻ
കലാപ്രതിഭ



ബിന്ദു. എൻ
കലാതിലകം



Late Janab A Thangal Kunju Musaliar

# THE VISIONARY THAT WAS MUSALIAR

In his partly autobiographical partly polemical work,' I Have Borne Much, C.P. Mathen, the banker and diplomat rightly calls him 'the cashew king of Kerala.' If Kollam was able to capture a place in the international cashew map it was largely due to the business acumen of Janab Tangal Kunju Musaliar. But Musaliar would not be remembered today the way he is had he been nothing more than a mere cashew baron.

An engineering college and an arts college both of which are named after him are his most precious gifts to posterity. T.K.M.College of Arts and Science, the younger of the twin institutions, upon which more than twentyfive thousand men and women scattered all over the world look as their alma mater with passionate pride, celebrated its silver jubilee last year. The domes of T.K.M. are as dear to them as the dreaming spires of Oxford were to Mathew Arnold. Had Musaliar lived longer, there would have been more domes, more clusters of mineratesn more magnificient red sandstone coloured monuments for when he founded the twin institutions, he sow them as the nucleus of a great university on the lines of Aligarh but destiny, alas, had other plans.

The prophet has said that the search of knowledge is an obligation laid on every Muslim. Every moment of Musaliar's life was illumined by the light of intellectual curiosity and this perhaps expalins why a man so lacking in formal education as he should ever think of founding a university. It was his burning desire to know, to comprehend, to learn that drove him to conduct experiments in electrical engineering, agriculture and animal husbandry, that took him as early as the forties to countries in America, Africa and Europe, that motivated him to learn English at a rather late age and made him feel at home in the company of intellectuals like C.P. Ramaswamy Aiyer. If as the prophet said a true student is he who searches for knowledge the way a man searches for a lo st jewel,, Musaliar was a true student.

Prabhatam the newspaper started by Musaliar played an intellectual role somewhat complementary to that of the twin institutions. Among its regular contributors were Thakazhi, Basheer, Kesavadev, Saraswatiamma and Antarjanam and atleast some of the leading Malayalam writers oftoday owe their rise to Prabhatam. Musaliar himself wrote a book, Prayogiga Advaitam Pragrati Niyamom which was translated into English as Man and the World by Satyavageeshwara Aiyer, then Professor of English at University College.

A man of great spiritual strength, Musaliar lived in the constant presence of God. His lack of an academically trained intellect was more than made up by his possession of a powerful intuition so much so that every step of his life seems to have been directed by God. Many of his decisions which refused to submit themselves to rational explanations at the time they were taken were vindicted by destiny later. A true secularist long before secularism became a fashionable catchword, his inner spiritual convictions found their objective correlative in the mosque, popularly known today as Kilikolloor valiya palli, which he built. It is not without significance that he asked C.P.Ramaswami Aiyer to inagurate it.

A. RAGHU

Lecturer in English

And Now Computer Education with a difference?

# MODERN INSTITUTE COMPUTER TECHNOLOGY

(MODERN GROUP)
OPPOSITE UPASANA HOSPITAL
KOLLAM

COURSES OFFERED

1. SECRETARIAL PRACTICE & OFFICE AUTOMATION
2. D.C.A
3. P.G.D.C.A
4. ELECTRONICS & COMPUTERISED TELEX
5. SHORT TERM COURSES
6. COMPUTERISED MEDICAL LAB TECHNICIAN

## MONEY BACK SCHEME

UNDER THIS-
SCHEME, ALL THE FEE
REMITTED WILL BE
PEPAED FIVE YEARS.

CONVENIET TIMINGS, MAXIMUM COMPUTER TIME, LOWEST FEE, FEE CONCESSION TO POORER SECTIONS

BOARD OF DIRECTORS
1, Dr. Jessy George
2, Dr. Asha Sanker
3, Noble. K. Jacob
4, Mahesh Sankar

Managing Director
JAMES GEORGE
(Institute of Management in Kerala)

# Principal's Report

Dear student Chairman Mr.Nizam, Distinguished Guests, Respected Parents, Dear Colleagues and members of the Non-teaching staff. Beloved students, Ladies and Gentlemen.

It gives me immense pleasure to present before you a brief report of the various activities of the college during the academic year 1991- 1992. Before presenting the activities pertaining to this academic year, let me say a word about the celebrations of the Silver Jubilee Function which we conducted from 13th March to 15th March 1991. Indeed it was a solemn function celebrated in a colourful and spectacular pavillion specially decorated for the purpose. His Excellencey Mr.B.Rachiah, the Governor of Kerala inaugurated the function. Dignitaries like Dr.G.B.Mohan Thampi, Dr.Ummer Kutty, Dr.N.A.Kareem, Mr.O.N.V.Kurup, Prof.M.K.Sanu Master, Prof.Hridaya Kumari, Smt.Leela Menon participated in the functions. The meeting was presided over by our Hon. Chairman, Janab Shahal Hussan Musaliar. The concluding function was presided over by our beloved Treasurer Janab Kamaluddin Musaliar, Mr.Kaikara Nizamudeen, Member, Governing Body and Former Syndicate Member of Kerala University presided over the Seminar.

Now let me have the pleasure to present before you the activities and achievements of this academic year 1991-1992. By the abundant grace of the Almighty we were able to maintain discipline, decorum and tranqulity in the campus. In the fitness of things let me express my sincere and heart-felt thanks to my colleagues and beloved students for providing academic atmosphere within the campus. Strict vigilence and continuous efforts of my colleagues helped the smooth functioning of the college. Compared to the previous years, the students of the college were able to perform better in the University examination this time. The record of the M.Sc. and M.Com students is particularly noteworthy. My hearty congratulations to them.

We have the fortune to celebrate this College Day of the 27th year of its existence. In this solemn occasion we can't forget our Beloved Founder Late Janab Thangal Kunju Musaliar whose philanthropic contributions culminated into the establishment of two educational institutions, such as the first private sector College of Engineering and also the college of Arts and Science. This solemn occasion demands to pray our respectful homage to our beloved founder Jb.A.Thangal Kunju Musaliar. Hence I request every one of you to observe a few minutes of silent prayer. May the Almighty God Bless him with his eternal bliss.

2)STUDENTS

The total student strength of the college is 3587 now as against 3636 in the last academic year. Approximately half of it consists of girls.

3)COURSES OFFERED :

We impart instruction to students of the PDC, DC and PG Courses. We have a total of 26 PDC Batches 7 DC baches and 2 PG Batches, one in Commerce and the other in Mathematics. We have applied for many more course in the DC and PG levels and hope to introduce them during the next academic year.

4)STAFF

Benefits of the UGC Scheme are enjoyed by 51 teachers of the college. Another fifty members of the teaching staff are about to receive UGC

scale. Mr.Deyanandan, Dept.of Commerce has submitted his doctoral thesis to the University of Kerala. Almost one dozen teachers from various departments have enrolled for M.Phil courses. Mr.Abdul Rahim, College Librarian has been promoted as Second Grade Librarian. Mr.Shajahan, Gasman, Dept.of Chemistry retired after a fruitful service of 25 years. Mr.Sivanandan, Lab Assistant Gr.I, Dept.of Zoology, the seniormost among the Attenders of the college retired after serving the college for 26 years. We wish them a happy retired life.

5) U.G.C ASSISTANCE

An amount of Rs.Eight lakhs has been sanctioned by the UGC for the developmental activites of the college. An additional grant amounting to Rs.4 Lakhs is expected to be given by the UGC shortly. The construction of the Girls Hostel meant for accommodating fifty girls, is on the verge of completion.

6)NATIONAL SERVICE SCHEME :

There are now three N.S.S. Units functioning in the college under the stewardship of Dr.S.Khaja Meiah, Mr.M.Abdul Majeed and Mrs.H.Shamine. Among other things, the volunteers of the N.S.S. organised a Blood Donation compaign, earning a certificate of appreciation from the Doctors of the Dist.Hospital. Mohd.Rafi II P.D.C. student of our college represented Kerala University in the National camp held in Punjab

7)N.C.C ARMY WING

The N.C.C Army Wing is looked after by Mr. A.A.Kareem. The Unit undertook regular training activities like parades and range firing sessions. It participated in the District Level Independance and Republic Day celebrations. On his arrival in the college campus to take part in the Silver Jubilee Celebration, Shri B.Rachiah, His excellency the Governer of Kerala was accorded an impressive guard of honour by a contingent drawn from all the N.C.C. Wings.

8)N.C.C. GIRLS WING

Lt.G.Prasanna Kumari is the Officer in charge of the N.C.C. Girls Sub- Unit which was involved in various training activites this year.

9)N.C.C. NAVY WING :

Sub.Lt.S.M.noushad commands the Naval Wing of the college N.C.C. Unit. The unit organised a boating expedition from Quilon to Alleppy under his leadership.

10)ADULT EDUCATION UNIT:

the Adult Education Unit of the college is under the leadership of Mr.V.A.Hashim Kutty. The JSN (Jana Shikshana Nilayam) at Peroor was inaugurated by Dr.Sivadasan Pillai The JSN conducts a programme in continuing education. Besides , there is a population education club functioning in the college.

11)PARENT TEACHER ASSOCIATION:

The P.T.A. now functions as part and parcel of the institution, sharing and shaping its developmental activities. Model Examinations were conducted this year with the help of the P.T.A. The association gave cash prizes and awards to students who excelled in the various examinations. Extra and co-circular activities also received encouragement from the P.T.A. Inter-collegiate competitions were conducter on founter's Day and rice packets distributed among the poor. In order to give wider coverage to multi-faced activities of the P.T.A. a press confrence was held. The Executive Committee was reconstituted as per the order of the Govt.of Kerala, the office- bearers being unanimously elected. The Principal is the Prsident of the PTA.

12)FORMER STUDENTS ASSOCIATION:

Under the chairmanship of Janab Zia Musaliar, the Former Students Association has drawn up many schemes for the welfare of the College and is in the process of implementing them.

13)INSURANCE AGAINST ACCIDENTS:

The insurance against accidents scheme is being continued this academic year also. The beneficiaries of the scheme are fewer in number this year than in the previous years.

14)PHYSICAL EDUCATION:

In this field, the college was able to record many notable achievements. The details are follows:-

Ball badminton Team:

1.Runners up in Kollam District Sub Junior Section

2.Winners in North Zone inter-Collegiate Championship

3.Runners up in Inter-Collegiate Chambership

4.Shaji.J, (II PDC)-selected for representing the Kerala University for All India Inter-University Ball Badminton Championsnip.

5.Vinuraj ( I PDC) -do- (As Reserve)

CROSS COUNTRY:

1)Anil Kumar.K.(II PDC)-represented Kerala University Cross Country which I place in All India Inter-University Campion ship and secured I place in 4th State Marathone Race conducted by State Amature Athletic Association.

Anil Kumar.K. and Hariraj K.K., II PDC were the members of Kollam District Team which one I place in the President's Trophy for All India Cross Country at Perunthanlmanna.

ATHLETICS:

1)Hariraj.K-II PDC- Place in 1500 M * Kerala University Represented the Kerala University in Inter-University Athletic Meet

2)Anil Kumar-K-II PDC - I Place in 20 KM Road Race

3)Biju.S. (III DC) - do- III Place

4)Sudheendra Kumar I PDC-

5)Sreejayan II B.Com Represented the State Junior Atheletic Meet

6)Nujum Giyas I PDC

7)College Team because the Team Champious in Men in the Kollam District Ameture Athletic Meet.

CHESS

Nazeer A.(II B.Sc.) -Represented Kerala University for All India Inter-University chess Competition and represented National Chess Cahmpionship for Kerala State.

CRICKET : - Our Team in the Winner of the Kerala University North Cricket Tournament.

WEIGHTLIFTING & BEST PHYSIQUE :

Shanavas .A. (II B.Sc.) I place in 56 Kg. Category

Anil Kumar.T. (III B.Sc.)- III Place in 90 Kg.Category. The annual atheletic meet was conducted on 27 and 28 Feb. this year.

15)ENDOWNMENT SCHOLARSHIPS:

There are three endowment scholarships: Mini Edownment Scholarship, Prof.A.Hussain Memorial Scholarship and Prof. S.P. Yousuf Rawther Retirement Endowment Scholarship and all of them were awarded this year as in the other years.

16)CO-OPERATIVE CONSUMERS SOCIETY & STAFF

CO-OPERATIVE CREDIT SOCIETY.

The co-operative consumers Society is under the dynamic secretary ship of Dr.Khaja Meiah. Mr.Raj Mohan is the Secretary of the staff Co-operative Credit Society.

17)LIBRARY :

The Library has been shifted to a more convenience and specious set of rooms in the main block. Additional facilities have been added and a massive expansion programme is under-way.

18)COLLEGE MAGAZINE :

The College Magazine will be released shortly. Mr.V.A.Hashim Kutty is the Staff Editor and Pradeep, III DC (Maths), the student editor.

19) STAFF ASSOCIATION:

The Staff Association is functioning as usual.It looks after the general welfare of the staff.

20) ELECTIONS :

This year the elections to the varios offices of the College Union Went off smoothly, thanks to the unstinted support and co-operation of the staff. Prof.Ancil Francis was the Returning Officer. A heartyword of appreciation to Prof.Francis and Others.

21)SCIENCE FORUM:

Prof.P.N.Narayanan was the staff Convenor and Mr.Anil Kumar III DC.(Bot), the student Secretary of the service forum.Two students from the college participated in the District Level service Quiz and they won the third Prize.

22)TOURISM CLUB :

The Tourism Club of the college was organized during the First month of 1991 with Mr.Jama Mohamed as the college-level Co-ordinator. The first meeting was convened on 8-2-91. The Members of the Club participated in the camp conducted by the Quilon District Tourism promotion Council which included a seminar and a quiz competition. A few of our members prizes in the contest. In September 1991 a second camp was conducted in the Adventure Park, Quilon by the Quilon District Tourism Promotion Council. Members of our Club participated in it. They also took part in India Fest 1991 on 19-10-91 and 20-10- 91. On 30-10-91 the club conducted a group decision on the scope of Tourism in Quilon District. Prof.S.B. Pillai, HOD Zoology is honoured as the Dist.level Cordinator of Tourism.

23)COLLEGE UNION:

I have sincere appreciation of the various activites of the College Union. The Office bearers of the Union have carried out their duties to the atmost satisfaction of all. I wish to make a special reference of the Leadership of Mr.Nazeer .H. Union Secretary,

*with best compliments from*

# പനോരമ

ആശുപത്രി മുക്ക്
കുണ്ടറ.

## ക്ലാസുകൾ
## പ്രീ-ഡിഗ്രി, ഡിഗ്രി

## (പാരലൽ, ട്യൂഷൻ, സെഷൻ)

Mr.Nizamudeen, Union Chairman and everyone.

## 24) ADVISORY SYSTEM

An Advisor y System has been functioning in this college right from its inception. This academic year witnessed a remarkable progress in strenthening the bonds of relationship between the teacher and the taught.

Every teacher is charge of about 40 students. They meet every month and make proper assessment of the acdemic achievement.Of their words. Besides, the system provides ample opportunities for the studentd to take part in co-curricular activities the response of the students has been very encouraging. Prof.S.Kader is the Chief Co-ordinator of the Advisory System.

25)CO-CURRICULAR ACTIVITIES :

Under the able guidence of Prof.Girijakumaran, and Prof.T.M.Hassan our students brought numerous laurels to the institution. Mr.Gopa Kumar M.S. of II DC (Maths) and Mr.Rashid M.A.of II PDC excelled in various debating, elocution and quiz competitions including AIR Quiz competitive.

26)CENTRE FOR WOMEN STUDENTS:

Smt.Latheefa Beevi is in charge of the CWS. The centre conducts regular counselling sessions for Girl students. The Committee met Sri.Balakrishnan Pillai, Hon'ble Minister for Transport and requested him to arrange the plying of buses exclusively for women touching Karicode. Besides, it undertook several measures for the welfare of the girls of the college.

27)SHORT TERM COMPUTER COURSE:

A Short term Computer course has been started for the benefit of the teaching and non-teaching staff of the college. Mr.E.Abdul Rahim is the Co-ordinator of the course. We intend to conduct a similar course for DC and PG students during the next academic year.

28)Two of our Seniormost Professors, Prof.S.Kadar, Head of the Dept. of Politics and Prof.R.S.S. Pillai, Dept.of Hindi retire this academic year. I bid farewell to them most relactantly. I wish to place on record my deepest sense of appreciation of their contribution spanning quarter a century to the development of the college. If the institution is what it is today it is mainly because of the efforts of teachers like Prof.S.Kadar and Prof.R.S.S.Pillai.

29) CONCLUSION

I wish to conclude the report by expresing my sincere thanks to the Management, Staff, both teaching and non-teaching and the Office bearers of the College Union for the whole-hearted Co-operation they extended to me for the successful functioing of the Institutions.

Prof.(Lt.Col)Basheer Kannu

**PRINCIPAL**



കോളേജ് യൂണിയൻ ഓഫീസ്
ഉദ്ഘാടനം: വൈസ് പ്രിൻസിപ്പാൾ ലഫ്. കേണൽ. പ്രൊഫ. ബഷീർ കുഞ്ഞ്

# യൂണിയൻ ഉദ്ഘാടനം



സ്വാഗതം
വൈസ് പ്രിൻസിപ്പാൾ

അദ്ധ്യക്ഷൻ -
കോളേജ് യൂണിയൻ
ചെയർമാൻ
എ.ഒ. നിസാമുദ്ദീൻ





ഉദ്ഘാടനം
ബഹു: കേരളനിയമസഭാ
സ്പീക്കർ.
ശ്രീ. പി.പി. തങ്കച്ചൻ

ആശംസ:
ശ്രീ. കൊടിക്കുന്നിൽ
സുരേഷ്. എം.പി

ആർട്സ് ക്ലബ്ബ് ഉദ്ഘാടനം.
ശ്രീ. ബാബു ആന്റണി
സിനി ആർട്ടിസ്റ്റ്.





ഡാൻസ്
ഇന്ദുമതി

# കലാപരിപാടികൾ



നാടകം



ഉദ്ഘാടനം
സദസ്സ്



കലാപരിപാടികൾ



ഡ്രമാറ്റിക് ക്ലബ്ബ്- നാടകം
കാളിന്ദീതീരത്തെ കാഴ്ചകൾ.



കരാട്ടെ ഡെമോൺസ്ട്രേഷൻ

# ആദരാഞ്ജലികൾ



പ്രിയ ഗുരുനാഥൻ
പ്രൊഫ. അബ്ദുൾഫത്താഹ്

# ഓർമ്മകളിൽ ജീവിക്കുന്നു...



ശശി.എസ്

# ആദരാഞ്ജലികൾ

# കോളേജ് യൂണിയൻ റിപ്പോർട്ട് '92



സുഹൃത്തേ,

കുടില ശക്തികൾ ഉയർത്തിയ രക്തപങ്കിലമായ പടവുകൾ ചാടിക്കടന്ന് ജനകീയ പ്രക്ഷേഭത്തിന്റെ പ്രകാശകിരണങ്ങളാകാൻ കൈകോർത്ത കരിക്കോട് ടി. കെ. എം. കോളജ് ഒഫ് ആർട്സ് ആന്റ് സയൻസിലെ വിദ്യാർത്ഥികൾ സർഗ്ഗവേദിയുടെ യവനിക ഉയർത്തി നിങ്ങൾ അരങ്ങിൽ കണ്ട് കഴിഞ്ഞ 134 ദിവസങ്ങളിലെ ഓരോ ഇതളും നിങ്ങളുടെ അറിവിലേക്കായ് സമർപ്പിക്കുന്നു. മത സമന്വഗ്വത്തിന് വേണ്ടിയും ദേശീയ അഖണ്ഡതയ്ക്ക് വേണ്ടിയും സ്വന്തം ജീവൻ ബലിയർപ്പിച്ച ഭാരതത്തിലെ എല്ലാ രക്തസാക്ഷികളുടേയും സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് കോളേജ് യൂണിയൻ റിപ്പോർട്ട് നിങ്ങളുടെ ആശിർവാദത്തോടെ ആരംഭിക്കട്ടെ.

1991 ഒക്ടോബർ 4ന് കേരളസർവ്വകലാശാലയിലെ മറ്റു കോളേജുകൾക്കൊപ്പം നമ്മുടെ കോളേജിൽ തെരഞ്ഞെടുപ്പ് നടന്നു. കാമ്പസ് കഠാരരാഷ്ട്രീയത്തിനും വർഗ്ഗീയതയ്ക്കുമെതിരെ പോരാടുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ മുന്നണി സാരഥികളെ ഈ കോളേജിലെ പ്രബുദ്ധ വിദ്യാർത്ഥി മനസിന് ഈ അവസരത്തിൽ അഭിവാദ്യങ്ങളർപ്പിക്കുന്നു.

എ. നിസാമുദീൻ ചെയർമാനായും കവിതാപ്രസാദ് വൈസ് ചെയർമാനായും നസീർ.എ ജനറൽ സെക്രട്ടറിയായും സൈഫുദീൻ എസ്. ആർട്സ്ക്ലബ് സെക്രട്ടറിയായും ഹരികുമാർ.ബി, യൂസുഫ്. ഐ എന്നിവർ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറന്മാരായും നാസർ എച്ച് മാഗസിൻ എഡിറ്ററായും ഷജീറ, ഗായത്രീദേവി എന്നിവർ വനിതാ പ്രതിനിധികളായും തെരഞ്ഞെടുക്കപ്പെട്ടു.

വിജു. വി, നിസാമുദീൻ, നസീർ, പത്മരാജൻ, ബബിതാ പ്രസാദ്, ബൈജു. വി, അനിൽകുമാർ.എ എന്നിവർ I P.D.C, II P.D.C, I.D.C, II,D.C, III D.C, I P.G, II P.G പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടു.

കോളജ് യൂണിയൻ കൗൺസിലിന്റെ പ്രഥമയോഗത്തിൽ സ്പോർട്ട്സ് ക്ലബ് സെക്രട്ടറിയായി സായി പ്രമൻഷാ. ഇ, സാമ്പിൾസർവ്വേ കൺവീനറായി നിസാം. എം. എസ്. ജനറൽ ക്യാപ്റ്റൻ ആയി മുഹമ്മദ് ഷെഫീക്ക് സ്റ്റുഡന്റ് കോർട്ട് ജഡ്ജായി മുഹമ്മദ് റിസാ എന്നിവരെ നോമിനേറ്റ് ചെയ്തു.

കോളജ് യൂണിയൻ ഉദ്ഘാടനം

1991 നവംബർ മാസം 14–ാം തീയതി ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി.പി. തങ്കച്ചൻ യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ചെയർമാൻ എ. നിസാമുദ്ദീൻ ആദ്ധ്യക്ഷം വഹിച്ചു. സിനിമാതാരം ബാബു ആന്റണി, ആർട്സ് ക്ലബ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി കേരളാ യൂണി: സെനറ്റ് മെമ്പർ പി. നൂറുദീൻ കുട്ടി എന്നിവർ ആശംസകൾ അർപ്പിച്ചു. ബഹുമാനപ്പെട്ട പ്രിൻസിപ്പാൽ ലഫ്: കേണൽ പ്രൊഫ. ബെഷീർ കണ്ണ് സ്വാഗതവും ജനറൽ സെക്രട്ടറി നസീർ. എ നന്ദിയും രേഖപ്പെടുത്തി.

## കോളജ് കലോത്സവവും മിമിക്സ് പരേഡും

1991 നവംബർ 15–ാം തീയതി രാവിലെ 10 മണി മുതൽ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഉച്ചയ്ക്ക് 12 മണിമുതൽ ഡ്രാമാറ്റിക് ക്ലബിന്റെ കാളിന്ദീ തീരത്തെ കാഴ്ചകൾ" എന്ന നാടകവും 2 മണിമുതൽ സർവ്വകലാശാലാ പ്രതിഭകളുടെ മിമിക്സ് പരേഡും അവതരിപ്പിച്ചു. പുതുമ നിറഞ്ഞ ഈ പരിപാടിയിൽ കോളജിലെ മുഴുവൻ കൂട്ടുകാരുടേയും ശ്രദ്ധ പിടിച്ചു പറ്റി.

## യൂണിയൻ ഓഫീസ് ഉദ്ഘാടനം

1991 നവംബർ 15–ാം തീയതി യൂണിയൻ ഓഫീസ് ബഹു: പ്രിൻസിപ്പാൾ ലഫ്: കേണൽ. പ്രൊഫ. ബഷീർകണ്ണ് ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ സ്റ്റാഫ് അഡ്വൈസർ പ്രൊഫ: ആൻസിൽ

ഫ്രാൻസിസ്, പ്രൊഫ: എസ്. ഖാദർ എന്നിവർ മുഖ്യ കാർമികത്വം വഹിച്ചു.

## മ്യൂസിക്, ഡ്രാമാറ്റിക് ക്ലബ്

1991 നവംബർ 12-ാം തീയതി ഉച്ചക്ക് 2 മണിക്ക് മ്യൂസിക് ക്ലബിലേക്കും ഡ്രാമാറ്റിക് ക്ലബിലേക്കും സെലക്ഷൻ നടത്തി ഈ രംഗങ്ങളിൽ കഴിവുറ്റ 10 വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി മ്യൂസിക്, ഡ്രാമാറ്റിക് ക്ലബുകൾക്ക് രൂപം നൽകി. 'കാളിന്ദി തീരത്തെ കാഴ്ചകൾ' എന്ന നാടകം ഡ്രാമാറ്റിക് ക്ലബ് അവതരിപ്പിക്കുകയുണ്ടായി.

## രക്ത ഗ്രൂപ്പ് നിർണ്ണയം

1991 ഡിസംബർ 16-ാം തീയതി രാവിലെ 11 മണി മുതൽ കോളജ് യൂണിയന്റേയും എൻ. എസ്. എസിന്റേയും സംയുക്താഭിമുഖ്യത്തിൽ രക്തഗ്രൂപ്പ് നിർണ്ണയം നടത്തുകയുണ്ടായി. ഏകദേശം 500 വിദ്യാർത്ഥികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു.

## വിഡിയോ പ്രദർശനം

1991 ഡിസംബര 17, 19 തീയതികളിൽ കോളജ് സിൽവർ ജൂബിലി ആഘോഷപരിപാടികളുടെ കാസറ്റ് 51-ാം നമ്പർ റൂമിൽ വച്ച് പ്രദർശിപ്പിക്കുകയുണ്ടായി. പുതുമ നിറഞ്ഞ ഈ പരിപാടി പുത്തൻ കൂട്ടുകാരുടെ ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി.

## ക്വിസ് മത്സരം

1991 ഡിസംബർ 19-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് ക്വിസ് ക്ലബിന്റേയും യൂണിയന്റേയും ആഭിമുഖ്യത്തിൽ ക്വിസ് മത്സരം നടത്തുകയുണ്ടായി. ഈ മത്സരത്തിൽ 100-ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രൊഫ: മഹ്മൂദ് ക്വിസ് മാസ്റ്റർ ആയിരുന്നു. ഇതിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ റാഷിദ്, സെയ്ദ് റഷീദ് എന്നീ വിദ്യാർത്ഥികളെ A.I.R തിരുവനന്തപുരം നിലയം, കൊല്ലം ഫാത്തിമാ മാതാ കോളജിൽവെച്ച് നടത്തിയ ക്വിസ് മത്സരത്തിൽ പങ്കെടുപ്പിച്ചു. പ്രസ്തുത മത്സരത്തിൽ നമ്മുടെ കോളജിന് മൂന്നാം സ്ഥാനം ലഭിക്കുകയുണ്ടായി.

## പ്രസംഗമത്സരം

1992 ജനുവരി 1-ാം തീയതി യൂണിയന്റെ ആഭിമുഖ്യത്തിൽ പ്രസംഗമത്സരം സംഘടിപ്പിച്ചു. "ഇൻഡ്യൻ ദേശീയത നേരിടുന്ന വെല്ലുവിളികൾ" എന്ന കാലിക പ്രാധാന്യമുള്ള വിഷയത്തെ ആധാരമാക്കി നടത്തിയ മത്സരത്തിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു. ശ്രീകുമാർ (II B.Sc) ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## എയ്ഡ്സ് ബോധവൽക്കരണ സെമിനാർ

1991 ഡിസംബർ 20-ാം തീയതി രാവിലെ 11 മണിക്ക് പ്രിൻസിപ്പാൾ ലഫ്: കേണൽ: പ്രൊഫ: ബഷീർകണ്ണിന്റെ ആദ്ധ്യക്ഷതയിൽ പി.ജി. വിദ്യാർത്ഥികളേയും അവസാന വർഷ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് അവസാന വർഷ ബോട്ടണി ക്ലാസ്സിൽവെച്ച് എൻ. എസ്. എസിന്റേയും കോളജ് യൂണിയന്റേയും സംയുക്താഭിമുഖ്യത്തിൽ എയ്ഡ്സ് ബോധവൽക്കരണ സെമിനാർ നടത്തുകയുണ്ടായി. എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർ പ്രൊഫ: ഖാജാമിയാ സ്വാഗതവും യൂണിയൻ ചെയർമാൻ എ. നിസാമുദ്ദീൻ നന്ദിയും രേഖപ്പെടുത്തി. ഡപ്യൂട്ടി ഡി. എം. ഒ ഡോ. രാജഗോപാലൻ സെമിനാറിന് നേതൃത്വം നൽകി.

## ചിത്രപ്രദർശനം

1992 ജനുവരി 18, 19 തീയതികളിൽ കോളജ് യൂണിയന്റെ ആഭിമുഖ്യത്തിൽ പതിനായിരത്തിൽപരം ചിത്രങ്ങൾ വരച്ച് കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ബാലചിത്രകാരൻ സലീമിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. ചിത്രപ്രദർശനം ഉദ്ഘാടനം പ്രിൻസിപ്പാൾ ലഫ്. കേണൽ. പ്രൊഫ: ബഷീർകണ്ണ് നിർവ്വഹിച്ചു. തദവസരത്തിൽ സ്റ്റാഫ് അഡ്വൈസർ, പ്രൊഫ. ആൻസിൽ ഫ്രാൻസിസ്, പ്രൊഫ. ഖാദർ, ചെയർമാൻ എ. നിസാമുദ്ദീൻ തുടങ്ങിയവർ മുഖ്യകാർമികത്വം വഹിച്ചു. അതോടൊപ്പം കോളജിലെ വിദ്യാർത്ഥികളുടെ ചിത്രങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി.




റിപ്പോർട്ട്

# കോളേജ് യൂണിയൻ റിപ്പോർട്ട്

കോളജ് യൂണിയന്റെ രണ്ടാമത് കൂടിയ കൗൺസിൽ യോഗം സ്റ്റുഡന്റ്സ് കോർട്ട് ജഡ്ജായി മുഹമ്മദ് റിസായെ തിരഞ്ഞെടുത്തു. ബഹുമാനപ്പെട്ട പ്രിൻസിപ്പാളിന്റേയും സ്റ്റാഫ് അഡ്വൈസറുടേയും ഉപദേശം തേടിക്കൊണ്ട് വിദ്യാർത്ഥികൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## യുവജനോത്സവം

തിരുവനന്തപുരത്ത് വെച്ച് ഫെബ്രുവരി 22, 23, 24 തീയതികളിൽ നടന്ന സർവ്വകലാശാലാ യുവജനോത്സവത്തിൽ നമ്മുടെ കോളജിന്റെ പങ്കാളിത്തം ശ്രദ്ധേയമായി. പതിനഞ്ച് ഇനങ്ങളിൽ നമ്മുടെ കോളജിലെ കലാകാരന്മാർ പങ്കെടുത്തു. ലളിതഗാനത്തിന് പങ്കെടുത്ത വൈ. ജയിംസിന്റേയും പ്രസംഗമത്സരത്തിന് പങ്കെടുത്ത ഗോപകുമാറിന്റേയും പ്രകടനങ്ങൾ ശ്രദ്ധേയമായിരുന്നു.

## അസ്സോസിയേഷനുകൾ

നമ്മുടെ കോളജിലെ എല്ലാ അസ്സോസിയേഷനുകളും ഉദ്ഘാടനത്തിൽമാത്രം ഒതുങ്ങിനിന്ന പ്രവർത്തനമാണ് കാഴ്ചവച്ചത്. മിക്ക അസ്സോസിയേഷനുകളുടേയും പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഇതിൽ യൂണിയൻ വളരെയധികം ഖേദമുണ്ട്. എന്നാൽ ചില അസ്സോസിയേഷനുകൾ ഇതിൽനിന്നും വ്യത്യസ്തമായിരുന്നു. ഇസ്ലാമിക് ഹിസ്റ്ററി, സുവോളജി, മാത്തമറ്റിക്സ് എന്നീ അസ്സോസിയേഷനുകൾ അഭിനന്ദനം അർഹിക്കുന്ന പ്രവർത്ത നങ്ങളാണ് കാഴ്ച വെച്ചത്.

## സാമ്പിൾ സർവ്വേ 1991-'92

ഈ കോളജിലെ 500–ൽപരം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ അഭിപ്രായങ്ങൾ തേടുന്ന 23 ചോദ്യങ്ങൾ അടങ്ങുന്ന സാമ്പിൾ സർവ്വേ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഓരോ വിഷയ ത്തേയുംക്കുറിച്ചുള്ള അഭിരുചികൾ രേഖപ്പെടുത്തുവാനും അവരുടെ അഭിപ്രായങ്ങൾ അറിയുവാനും ഈ സർവ്വേയ്ക്ക് സാധിച്ചു. ഇതിന്റെ കൺവീനർ നിസാം. എം.എസിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്

## കായിക മത്സരങ്ങൾ

കോളജിലെ കായിക മത്സരങ്ങൾ ഫെബ്രുവരി 26, 27 തീയതികളിൽ മുൻവർഷത്തെപ്പോലെ നടത്തുകയുണ്ടായി. മത്സരങ്ങളിൽ I P.D.C ഒന്നാം സ്ഥാനവും III D.C രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കായിക മത്സരങ്ങളിൽ മുഴുവൻ കൂട്ടുകാർക്കും കോളജ് യൂണിയന്റെ അഭിനന്ദനം ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു.

### സ്മൃതി '92

കോളജ് ദിനാഘോഷങ്ങൾ വിവിധ കലാപരിപാടികൾ ഉൾക്കൊള്ളിച്ച് കൊണട് സ്മൃതി '92 മാർച്ച് 26, 27, 28 എന്നീ തീയതികളിൽ ആഘോഷിക്കുകയുണ്ടായി.

### കലാമത്സരങ്ങൾ

കോളജ് യൂണിയന്റെ ഈ വർഷത്തെ കലാമത്സരങ്ങൾ രാജീവ്ഗാന്ധി നഗർ, അരവിന്ദൻ നഗർ എന്നിവിടങ്ങളിൽ വച്ച് നടത്തുകയുണ്ടായി. ഈ മത്സരത്തിൽ ഉത്സവാന്തരീക്ഷം പ്രദാനം ചെയ്തു. സലാഹുദീൻ II P.D.C കലാപ്രതിഭയായും സിന്ധു I B.Sc കലാതിലകമായും തെരഞ്ഞെടുത്തു.

## വനിതാ ദിനം

1992 മാർച്ച് 27–ാം തീയതി വനിതാ ദിനം സംഘടിപപിച്ചു. വൈസ് ചെയർമാൻ കവിതാ പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. ലതികാഭായി ഉദ്ഘാടനം ചെയ്തു. മുൻ എം.എൽ.എ ശ്രീമതി മേഴ്സിക്കുട്ടിയമ്മ ശ്രീമതി ഷാഹിദാ ബീവി ജില്ലാ കൗൺസിൽ അംഗം ശ്രീമതി. എം. എൻ. സതീഭായി തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് കൊണ്ട് സംസാരിച്ചു. കുമാരി ജാൻസി സ്വാഗതവും സജീറ നന്ദിയും പറഞ്ഞു.

## പൂർവ്വ വിദ്യാർത്ഥി സമ്മേളനം

കോളജ് ദിനാഘോഷത്തോടനുബന്ധിച്ച് മാർച്ച് 27–ാം തീയതി ഉച്ചയ്ക്ക് 2 മണിമുതൽ പൂർവ്വ വിദ്യാർത്ഥി ദിനമായി ആചരിച്ചു. ഫോർമർ സ്റ്റുഡൻസ് അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. സിയാവുദ്ദീൻ മുസലിയാരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പ്രിൻസിപ്പാൾ ലഫ്: കേണൽ: പ്രൊഫ: ബഷീർകണ്ണ് ഉദ്ഘാടനം ചെയ്തു. പ്രൊഫ: ആൻസിൽ ഫ്രാൻസിസ് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പ്രൊഫ. എസ് ഖാദർ സ്വാഗതവും ശ്രീ. അബ്ദുൽ മനാഫ് കൃതജ്ഞതയും രേഖപ്പെടുത്തി.

## ഫെയർവെൽ പ്രോഗ്രാം

ഈ അദ്ധ്യായനവർഷം സർവ്വീസിൽനിന്നും വിരമിക്കുന്ന പ്രൊഫ. ഖാദർ, പ്രൊഫ. ശിവശങ്കരപിള്ള എന്നിവർക്ക് യാത്രയയപപ് നൽകുന്നതിന് വേണ്ടി 1992 മാർച്ച് 27–ാം തീയതി ഉച്ചയ്ക്ക് മൂന്നു മണിമുതൽ ഫെയർവെൽ പ്രോഗ്രാം



# റിപ്പോർട്ട്

സംഘടിപ്പിച്ചു. യൂണി. യൂണി. കൗൺസിൽ യൂസുഫ്. ഐ യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ലഫ്. കേണൽ. പ്രൊഫ. ബഷീർകണ്ണ് ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ പ്രൊഫ. ആൻസിൽ ഫ്രാൻസിസ്, പ്രൊഫ. ജമാൽ മുഹമ്മദ് എന്നിവർ അനുമോദനങ്ങൾ അർപ്പിച്ച്കൊണ്ട് സംസാരിച്ചു. പ്രൊഫ. എസ് ഖാദർ, പ്രൊഫ. ശിവശങ്കരപിള്ള എന്നിവർ മറുപടി പ്രസംഗം നടത്തുകയും യൂണിയന ചെയർമാൻ എ. നിസാമുദീൻ സ്വാഗതം ആശംസിക്കുകയും ചെയ്തു.

അവസാന വർഷ വിദ്യാർത്ഥി ദിനം

1992 മാർച്ച് 27–ാം തീയതി ഇ കലാലയത്തോട് വിടപറയുന്ന അവസാന വർഷ വിദ്യാർത്ഥികളുടെ ദിനമായിരുന്നു. യൂണി. യൂണി കൗൺസിൽ ഫി. ഹരികുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അവസാന വർഷ വിദ്യാർത്ഥികളുടെ സമ്മേളനം ബഹു. പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ആൻസിൽ ഫ്രാൻസിസ്, പ്രൊഫ. എസ്. ഖാദർ, ചെയർമാൻ എ. നിസാമുദീൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് യൂസുഫ്.ഐ, ഹരികുമാർ.ബി, ഹുസൈൻ, നിസാമുദീൻ. എ. മുജീബ്. എൻ, നാസർ.എം.എം തുടങ്ങിയവർ യാത്രാമൊഴി ചൊല്ലി. നാസർ. എച്ച്മറുമൊഴി ചൊല്ലി. സമ്മേളാനന്തരം അവസാനവർഷ വിദ്യാർത്ഥികളുടെ കലാപരിപാടികൾ അരങ്ങേറി.

## സ്മൃതി 92 യൂണിയൻ സമാപനം

കോളജ് യൂണിയൻ പ്രവർത്തനങ്ങളുടെ സമാപനം 1992 മാർച്ച് 28–ാം തീയതി രാവിലെ 10 മണിക്ക് ചെയർമാൻ എ. നിസാമുദീന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രിൻസിപ്പാൾ ലഫ. കേണൽ. പ്രൊഫ. ബഷീർകണ്ണ് വാർഷിക റിപ്പോർട്ടും ജനറൽസെക്രട്ടറി നസീർ. എ യൂണിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയൻ സമാപനച്ചടങ്ങ് മുൻ മേഘാലയാ ഗവർണർ, ശ്രീ. എ.എ. റഹിം ഉദ്ഘാടനം ചെയ്തു. ശ്രീ. പുനലൂർ മധു എം.എൽ.എ ചടങ്ങിന് ആശംസ അർപ്പിച്ചു. കലാമത്സരങ്ങളിൽ വിജയികളായവർക്ക് ശ്രീ. എ.എ. റഹിം സമ്മാനവിതരണം നടത്തി. സമ്മേളനത്തിന് പ്രൊഫ. ആൻസിൽ ഫ്രാൻസിസ് സ്വാഗതവും നസീർ. എ നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് 2 മണി മുതൽ കൊല്ലം സംഗീതാലായ അവതരിപ്പിച്ച ഇടവാ ബഷീർ & പാർട്ടിയുടെ ഗാനമേളയും ഉണ്ടായിരുന്നു.

## പിന്നിട്ട ഒരു വർഷം

കൂടട്ക്കെ, പിന്നിട്ട ഒരു വർഷം സങ്കീർണ്ണതനിറഞ്ഞതായിരുന്നു. പരിമിതമായ സമയത്തിനുള്ളിൽ നിന്ന്കൊണ്ട് കുറേയേറെ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ ഈ യൂണിയന് കഴിഞ്ഞിട്ടുണ്ട്. ആൺകുട്ടികൾക്ക് വിശ്രമ വേളയിൽ ഇരിക്കുന്നതിന്വേണ്ടി സിമന്റ ബഞ്ച് നിർമ്മിച്ചിടീക്കുന്നതിന് ഈ യൂണിയന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ പിന്നിട്ട ഒരു വർഷം കോളജിന്റെ യശസ്സ് ഉയർത്തുന്നതിന്വേണ്ടി നമ്മുടെ കലാലയത്തിന്പുറത്ത് നടന്ന വിവിധ നലാസാഹിത്യ മത്സരങ്ങളിൽ ഒട്ടനവധി ബഹുമതികൾ വാരിക്കൂട്ടുവാൻ നമ്മുടെ കലാകാരന്മാർക്ക് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ യൂണിയനുകളിൽ നിന്നു വ്യത്യസ്തമായി ഈ അദ്ധ്യായന വർഷം സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്ന ബഹു. അദ്ധ്യാപകരായ പ്രൊഫ. എസ്. ഖാദർ, പ്രൊഫ. ശിവശങ്കരപിള്ള എന്നിവർക്ക് കോളജിലെ മുഴുവൻ വിദ്യാർത്ഥികളുടേയും പേരിൽ കോളജ് യൂണിയൻ സമുചിതമായ യാത്രയയപ്പ് നൽകുകയുണ്ടായി. ഇത്തരത്തിലുള്ള പരിപാടി ഈ യൂണിയന് മാത്രം അവകാശപ്പെട്ടതാണ്.

## നന്ദി കടപ്പാട്

ഈ വർഷത്തെ കോളജ് യൂണിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ ഈ വേളയിൽ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വ്യക്തമായ ഒരു സമയബന്ധിത പരിപാടി നടത്തിത്തീർക്കുവാൻ കഴിഞ്ഞത് ഞങ്ങളുടെ കഷ്ടപ്പാടിലും സന്തോഷത്തിലും ഒ പോലെ സഹകരിച്ച ഈ കോളജിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടേയും അദ്ധ്യാപക അനദ്ധ്യാപകരുടേയും ബഹുമാനപ്പെട്ട പ്രിൻസിപ്പാളിന്റേയും സ്റ്റാഫ് അഡ്വൈസറുടേയും സഹകരണം ഒന്നുകൊണ്ട് മാത്രമാണ്. ഈ ഒരു വർഷകാലത്തെ യൂണിയൻ പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കുവാൻ ശ്രമിച്ച മനസ്സുകളോടും ഞങ്ങൾ എന്നും കടപ്പെട്ടിരിക്കുന്നു. ആ സഹകരണത്തിനും സ്നേഹാദരങ്ങൾക്കും ഒരായിരം നന്ദി പ്രകാശിപ്പിക്കുന്നു. ആത്മാർത്ഥതയും ദേശീയബോധവുമുള്ള സ്വാശ്രയത്വശീലരായ ഒരു പുതുതലമുറയെ ശൃഷ്ടിക്കുവാനുള്ള പ്രയാണത്തിൽ വരുംകാലങ്ങളിലും നമുക്കൊന്നിച്ച് മുന്നേറുവാൻ കഴിയും എന്ന ശുഭാപ്തി പ്രതീക്ഷയോടുകൂടി നിങ്ങളുടെ പുഞ്ചിരിക്കുനന മുഖങ്ങളിൽ അതിന്റെ വിശ്വാസങ്ങൾ കണ്ടെത്തിക്കൊണ്ട് ഞങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾക്കും സമ്പൂർണ്ണ പിന്തുണയും സഹകരണവും നൽകിയ ഞങ്ങളുടെ പ്രീയപ്പെട്ട പ്രവർത്തകരോടും മുഴുവൻ വിദ്യാർത്ഥികളോടും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും ഒരിക്കൽകൂടി പ്രകാശിപ്പിച്ചുകൊണ്ട് നിർത്തട്ടെ!

സ്നേഹപൂർവ്വം

നസീർ. എ

ജനറൽ സെക്രട്ടറി



# ചിരുതയുടെ ലോകം

എസ്. ജി. ലാൽ I $A_2$

തെരുവിന്റെ പുത്രിയാണെൻ ചിരുത.
തെരുവിന്റെ സത്യമാണെൻചിരുത.
തെരുവിന്റെ മിഥ്യയും ചിരുതതന്നെ–
തെരുവിന്റെ ശാപവും ചിരുതതന്നെ–
തെരുവിലെ ഭ്രാന്തിയാണെൻ ചിരുത.
ചിരുതയുടെ കണ്ണീരിനുപ്പുനോക്കാം.
ചിരുതയുടെ ഭ്രാന്തിന് താളമിടാം–
ചിരുതയെ കണ്ടു തിരിച്ചുപോരാം.

II

ചിരുതയുടെ ലോകത്തിൽ ചിരുതയൊഴിച്ചാൽ–
ചിരുതയ്ക്ക് കൂട്ടിനായാരുമില്ല.
കെട്ടിയോനും കുട്ട്യോളുമില്ലാത്ത ലോകം–
ബന്ധത്തിൻ ബന്ധനമില്ലാത്ത ലോകം.
ഓണവും ക്രിസ്തുമസ്സുംമില്ലാത്തൊരു ലോകം–
റംസാൻ പിറമാനത്ത് തെളിയാത്തൊരുലോകം.
പട്ടിണി കൊടികുത്തി വാഴുന്നൊരു ലോകം–
പട്ടിയായ് ചിരുതയലയുന്ന ലോകം
ചിരുതയുടെ ലോകത്തിൽ ചിരുതയൊഴിച്ചാൽ
ചിരുതയ്ക്ക് കൂട്ടിനായ് ആരുമില്ല.
ചിരുതയ്ക്ക് ദാഹനീർ ഓടവെള്ളം
ചിരുതയ്ക്ക്തിന്നാൻ പാഥേയശിഷ്ടം–
ചിരുതയ്ക്കുറങ്ങുവാൻ പാതയോരം–
ചിരുതയ്ക്ക് കാവലായ് തെരുവുനായ്ക്കൾ–
ചിരുതയവരുടെ രാജ്ഞിയല്ലോ
മനുഷ്യരൂപത്തിൽ കൊടിച്ചിനായ
ചുമ്മാതിരിക്കുമ്പാ ചിരുത ചിരിക്കുന്നു
അതുകണ്ടു ഭ്രാന്തിയെന്നോതുന്നു ലോകം,
കല്ലെറിഞ്ഞാർത്തു തിമർക്കുന്നു കുട്ട്യോൾ
തെരുവിലെവിടെയും ചിരുതയുണ്ട്
ചിരുതയില്ലാത്തിടം വിരളമാണ്.
വണ്ടിമുട്ടിന്നിടം, മന്ത്രിയെത്തുന്നിടം,



പാവയാടുന്നിടം, ചെണ്ടകൊട്ടുന്നിടം.
എവിടെയും ചിരുതയെ കാണാമപ്പോൾ
ചിരുതയെകണ്ടു മുഖം തിരിക്കാം.
ചിരുതയുടെ ഇന്നലേക്കുപോകാം.
ചിരുതതൻ വിശുദ്ധിക്കളമെടുക്കാം

III

പണ്ടേതോ പട്ടിണിക്കോലം പെറ്റ-
പതിനാലാം സന്തതിയാണ് ചിരുത.
പതിനാലിലേറയും ചത്തുപോയി-
ബാക്കിയുള്ളോരൂര് വിട്ടുപോയി.
ചിരുതയും പെറ്റമ്മയും മാത്രമായ്.
പട്ടിണിയവരിൽ നടനമാടി.
പെറ്റവയറിനെ കാത്തുകൊള്ളാൻചിരുത-
വേശ്യതൻ വേഷമണിഞ്ഞുവന്നു
ഇരവിന്റെ മറപറ്റിയെത്ര മാന്യർ-
ചിരുതയെ തിന്നു ചവച്ചുതുപ്പി
പെറ്റവയറും മറഞ്ഞുപോയി ചിരുത-
വേശ്യതൻ വേഷംതുടർന്നുനിന്നു.
കാലം തൻയാഗാശ്വം വീണ്ടും വീണ്ടും.
മുന്നോട്ടു പാഞ്ഞുകൊണ്ടേയിരുന്നു.
ഗണികതൻ പാതയിൽ വാർദ്ധക്യത്തിൽ-
കള്ളിമുൾച്ചെടികളെ ചിരുത കണ്ടു.
നീരറ്റ ചിരുതയെ വെറുത്തു 'മാന്യർ'
വേരറ്റ ചിരുതയെ ശപിച്ചു ലോകം
പട്ടിണി വീണ്ടും വിരുന്നുവന്നു
തട്ടിക്കളഞ്ഞിട്ടും ചുറ്റിനിന്നു
വേശ്യയായ് ചിരുത കരഞ്ഞു, പിന്നെ-
ഭ്രാന്തിയായ് ചിരുത ചിരിച്ചു.
ചിരുതയുടെ നാളയ്ക്കായി നേർച്ചനേരാം
ചിരിച്ചും കരഞ്ഞും, കരഞ്ഞും ചിരിച്ചും ചിരുത-
തൻ ലോകത്തിലൊറ്റയ്ക്കിരിക്കെ-
ഒരു നെടുവീർപ്പുമായി നമ്മൾക്കും പോകാം
അന്തിക്കു കൂടണയാൻ വണ്ടികയറാം.



പൊട്ടിക്കിടക്കുന്ന ചങ്ങലകൾ.........

രക്തംപുരണ്ട ദൃഢമായ മാറിടം.........

ഉരുക്കു മുഷ്ടികൾ ഉയർത്തിപ്പിടിച്ചിരിക്കുന്നു.......

ചാരനിറത്തിലുള്ള മിടികൾ.........

ഒട്ടിയ മൂക്ക്, പ്രത്യാശസ്ഫുരിക്കുന്ന കണ്ണുകൾ....

'സ്പാർട്ടക്കസ്' എന്നടിയിൽ കൊത്തിവച്ചിരിക്കുന്നു.....

ആ അടിമപ്പോരാളിയുടെ പ്രതിമ എറെനേരം ഇമചിമ്മാതെ നോക്കിനിന്നു.

"മാഷ് പോണില്ലേ"? അവസാന വണ്ടി വരാറായി". തോളത്ത് തട്ടിയുള്ള സംസാരം കേട്ടപ്പോഴാണ് താൻ വായനശാലയുടെ മുന്നിലുള്ള പ്രതിമയ്ക്കരികിലാണെന്ന സത്യം ബോധ്യമാണ്. പിന്നീടൊരു പാച്ചിലായിരിന്നു നാൽക്കവലയിലേക്ക്.

അസ്തമയ സൂര്യൻ അനന്തതയിൽ ആയിരം ചിറകുകളുമായി പറന്നുതാണു. അനന്തമായ യാത്രാമംഗളങ്ങൾ റയിൽവേ സ്റ്റേഷനിലും ദുഃഖത്തിന്റെയും മ്ലാനതയുടെയും പുകപടലങ്ങൾ സൃഷ്ടിച്ചു. സാദാസീറ്റിൽ തുണിസഞ്ചി തലയിണയാക്കി താനും ഒരു യാത്രക്കാരനായി. മുന്നോട്ട് പായുന്ന തീവണ്ടിയിലും മനസ്സ് പിന്നോട്ട് യാത്രയായി.

അരങ്ങത്ത് തറവാട്ടിലെ അനന്തൻ തമ്പുരാന്റെ ഏകമകനും ചാത്തൻ പുലയന്റെ മകൻ ചാരുവും കളികൂട്ടുകാരായിരുന്നു. മകരം പാടത്ത് പൊൻകതിർശോഭവിടർത്തുമ്പോൾ. ചാത്തനും പുലയത്തിയും നെല്ലരിയുമ്പോൾ......

കറ്റമെതിക്കുമ്പോൾ......

താനും ചാരുവും പാടത്തിനരുകിലിരുന്ന് മൺചെളിയിൽ രൂപങ്ങൾ ചമയ്ക്കുകയായിരിക്കും. മൃഗങ്ങളുടെ. പക്ഷികളുടെ.. എന്തിന് ദേവന്മാരുടെപോലും.... അങ്ങനെയങ്ങനെയെത്ര നാളുകൾ.. പക്ഷേ ഒരു മകരമെത്തിയത് മരണക്കാറ്റുമായിട്ടായിരുന്നു. പാടത്ത് രക്തം ഛർദ്ദിച്ച് ചാത്തൻ വേദനയോടെ വീഴുന്നത് താനും ചാരുവും നേരായി കണ്ടു. ഏറെ താമസിച്ചില്ല അവന്റെയമ്മയും യാത്രയായി. അദ്ധ്വാനഭാരത്തിന്റെ കാഠിന്യം ആ ജീവനേയും കാർന്നുതിന്നു. നാലാം തരത്തിലായിരുന്നു ഞങ്ങൾ. പിന്നെ തന്റെ പഠിത്തം നഗരത്തിലെ അമ്മായിയുടെ വീട്ടിലായിരുന്നു. അവിടെനിന്നുമുയർന്ന് ഒരു മാഷായി മാറി. ചാരുവോ....? ആരോരുമില്ലാതെ ജീവിതഭാരം ചുമക്കേണ്ടിവന്നു. എങ്കിലും അവനുമൊരുഗുരുവായി. കലയുടെ ഗുരു. ശില്പി. നാടെങ്ങുമറിയുന്ന ചാരുദത്തനെന്ന ശില്പി. ആർട്ട് ഗ്യാലറികളും പൊതുനിരത്തും ചാരുവിന്റെ പ്രതിമകൾ അനശ്വരങ്ങളായി.




# കഥപറയും ശില്പങ്ങൾ

അതുല്യകലാപ്രതിഭാസങ്ങളായി മാറി. അതിലൊന്ന് ഗ്രാമീണ വായനശാലയുടെ മുന്നിലും ആരോഗ്യവാനായിയിരിക്കുന്നു. "സ്പാർട്ടക്കസ്"

ഹുങ്കാരനാദത്തോടെ ട്രയിൻ നിന്നു. ഞെട്ടിയെണീറ്റപ്പോൾ യാത്രക്കാരെല്ലാം ആശ്ചര്യത്തോടെ എന്തോ കാണുവാനായി ഓടുന്നു. താനും അവരുടെ കൂടെയായി. റയിൽപാളത്തിന്റെ മുന്നിലേക്ക്. ശിരസ്സറ്റ് ശരീരഭാഗം ചിന്നിച്ചിതറിയ മാംസകഷണങ്ങൾ. പലരും അറിയാതെ തേങ്ങി.

"പ്രേമനൈരാശ്യംകൊണ്ടാ".



വസന്തൻ.ബി

ഒന്നാം വർഷ പ്രീഡിഗ്രി

"കൊലപാതകമായിരിക്കും"

"മതങ്ങൾ വേറെയായിരിക്കും"

"പാവം കാമുകനും കാമുകിയും' കൂടിനിന്നവരുടെ കമന്റുകൾ. ആത്മഹത്യ ഒന്നിനും പരിഹാരമല്ല എന്ന മഹാചാര്യന്റെ വചനം മനസ്സിലുദിച്ചു.

മലബാറിലെ ഗ്രാമത്തിലെ ചെറിയ സ്കൂളിൽ, അറിവിന്റെ ലോകത്തിൽ കുട്ടികൾ തന്റെ കൂട്ടുകാരായി, ശിഷ്യരായി. ഇനി നാട്ടിലേക്ക് പോകുന്നത് വേനൽക്കാല അവധിക്കുമാത്രമാണ്ണ്. അല്ലെങ്കിൽ തനിക്കവിടെയാരുണ്ട്...... ചാരുമാത്രത്തു.........



ദിനപത്രത്തിലൂടെ താനുമതറിഞ്ഞു. ചാരുവിന് മന്ത്രി പുരസ്കാരം നൽകുന്നു. ചാരുവിന്റെ ശില്പങ്ങൾ വിദേശങ്ങളിലേക്ക് കയറ്റിയയ്ക്കുന്നു. മന്ത്രിയുടെ പക്കൽ നിന്നും ചാരു ട്രോഫി വാങ്ങുന്ന ചിത്രണ്ണ ഏറെനേരത്തു നോക്കിനിന്നു. സഹഅദ്ധ്യാപകരെ. കുട്ടികളെയൊക്കെ ആ ചിത്രണ്ണ അഭിമാനത്തോടെ കാട്ടി.

ആ അദ്ധ്യായന വർഷവും മടങ്ങി. വേനൽ അവധിയുമെത്തി. താൻ നാട്ടിലേക്ക് യാത്രയായി.

നാൽക്കവലയിൽ ബസ്സിറങ്ങി നടക്കുമ്പോൾ മനസ്സുമുഴുവൻ ചാരുവായിരുന്നു. വായനശാലയുടെ മുന്നിലുള്ള പ്രതിമയ്ക്കരികിലെത്തിയപ്പോൾ കുറേ ചെറുപ്പക്കാർ ആത് ചായം തേച്ച് വൃത്തിയാക്കുന്നു.

'ചാരു പുതിയ ശില്പം പണിതു. വീട്ടിലാണിരിക്കുന്നത്. അതിലൊരാൾ പറഞ്ഞു.

"ധാരാളംപേർ പോയി കാണുന്നുണ്ട്."

പിന്നീട് ഓടുകയായിരുന്നു ചാരുവിന്റെ വീട്ടിലേക്ക്. വയലോലകളിൽ തിളങ്ങിനിന്ന കുടിലിനരുകിലേക്ക്. കുടിലിനരുകിൽ ധാരാളം കാണികൾ

"കുടിലിനുള്ളിലാണ്"

"ദേ ഈ മൂളവാതിലിലൂടെ നോക്കിയാൽ കാണാം"

"മനോഹരമായ മറ്റൊരടിമ" കലാപ്രേമികളുടെ കമന്റുകൾ. അവരെ ചികഞ്ഞുമാറ്റി. കിളിവാതിലിലൂടെ നോക്കി. കറുത്ത പ്രതിമ. കൈയിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന ട്രോഫി

'ചാരുവെവിടെ'. ഞാൻ ആരാഞ്ഞു

"ഒരാഴ്ചയായി പോയിട്ട്"

"എവിടെപ്പോയി" ജിജ്ഞാസയോടുള്ള ചോദ്യം

"അറിയില്ല"

ഇല്ല ചാരുവെങ്ങും പോകില്ല. അവനുപോകാൻ ഒരാശാകേന്ദ്രവുമില്ല. ശക്തിയോടെടെ മൂളവാതിൽ തള്ളിനീക്കി അകത്തു കടന്നു. മുറിയ്ക്കുള്ളിൽ കൂരിരിട്ട്. പ്രതിമയുടെ അരികിലേക്ക് നടന്നു. കൂടെ വന്ന മനുഷ്യന്റെ ചുണ്ടിൽ എരിയുന്ന ബീഡിയുടെ വെളിച്ചത്തിൽ അതുകണ്ടു.

അത് ശില്പമല്ലായിരുന്നു.

അത് ചാരുദത്തനായിരുന്നു

ചാരുദത്തന്റെ ജീവനറ്റ ശരീരമായിരുന്നു. നെഞ്ചോടുചേർത്തുപിടിച്ച ട്രോഫി. ചുറ്റും ചിതറിക്കിടക്കുന്ന ബഹുമതി പത്രങ്ങൾ.... വലതുകൈയിൽ ഒരു പേപ്പർകഷണം.... അതിൽ അവ്യക്തമായ അക്ഷരങ്ങൾ.....

"ഞാനും ഒരു മനുഷ്യനാണ്. എനിക്കും വിശപ്പുണ്ട്. ഈ ട്രോഫികൾക്കോ...... സർട്ടിഫിക്കറ്റുകൾക്കോ......... എന്റെ വിശപ്പുശമിക്കാനാവില്ല.

ജീവനറ്റശരീരം വേദനയോടെ തോളിൽ എടുത്തുകൊണ്ട് പുരകടന്നപ്പോൾ... അവിടെ ആരുമില്ലായിരുന്നു. നേരെ ശ്മശാനം ലക്ഷ്യമാക്കി യാത്രയായി.... അപ്പോൾ അങ്ങ് അകലെ നിന്നും ഒരു ശബ്ദമുയർന്നു.... "പ്രിയപ്പെട്ടവരെ ചാരുവിന്റെ പുതിയ ശില്പം ...... നിയമസഭാ മന്ദിരത്തിന്റെ മുന്നിൽ സ്ഥാപിക്കാൻ...... പോകുന്നു......"അത് അകന്നകന്നുപോയി......

ശ്മശാനകവാടത്തിൽ കാൽവയ്ക്കുമ്പോൾ എന്റെ മനസ്സ് എന്നോടു ചോദിച്ചു......

ചാരുദത്തൻ മരിച്ചുപോയോ.....?

മനുഷ്യഗന്ധംപരത്തിയുയരുന്ന ശ്മശാനത്തിലെ പുകപടലങ്ങളിൽ അത് പ്രതിധ്വനിച്ചായിരിക്കും.

# വർഗീയതയുടെ വളർത്തച്ഛന്മാർ

ലോകം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കാലൂന്നുമ്പോൾ നമ്മുടെ ഭാരതം ഇന്നും ഒരു നൂറ്റാണ്ട് പിറകിലാണ്. ഇൻഡ്യൻ ദേശീയതയുടെ വളർച്ചയ്ക്ക് എന്നും വിലങ്ങുതടിയായ് നിൽക്കുന്നത് ജാതിയും മതവും വിഘടനവാദവും തന്നെയാണ്. ആചാര്യന്മാർ, പ്രവാചകർ, പ്രബോധകർ എന്നിവർക്ക് ഇൻഡ്യൻ മണ്ണ് എന്നും വളക്കൂറുള്ളതാണ്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആചാരങ്ങളും വിശ്വാസങ്ങളും ഇന്ത്യയിലാണുള്ളത്. ജനങ്ങളും അവരുടെ വ്യത്യസ്തങ്ങളായ വിശ്വാസപ്രമാണങ്ങളും പലതവണ നമ്മുടെ ദേശീയ ഐക്യം തകർത്തിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ ജാതിമതയാഥാസ്ഥിതികത്വം എന്നും ഒരു പിന്തിരിപ്പൻ ശക്തിയായിരുന്നെങ്കിൽ അതേശക്തി തന്നെ പൂർവ്വാധികം വീര്യത്തോടെ ഉണർന്നെഴുന്നേറ്റ് ദേശീയ ഐക്യബോധം തകർത്ത് കീഴ്പ്പെടുത്തുവാനുള്ള തീവ്രശ്രമത്തിലാണിന്ന്. ഇൻഡ്യയുടെ ഓരോ സംസ്ഥാനവും ജാതിയുടെയും മതത്തിന്റേയും ഭാഷയുടേയും അടിസ്ഥാനത്തിൽ വെട്ടിമുറിക്കുവാൻ വേണ്ടി മതമൗലികവാദികളും വിഘടനവാദികളും വെമ്പൽ കൊള്ളുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്.



ജാതിചിന്തകൊണ്ട് നേടിയെടുക്കുന്ന മേധാവിത്വവും അധികാരങ്ങളും അവകാശങ്ങളും ജാതിചിന്തതുടർന്ന് കൊണ്ട് പോകാൻ പ്രേരിപ്പിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് കേരളം ഉച്ചനീചത്വങ്ങളുടേയും അനീതികളുടേയും ഈറ്റില്ലമായിരുന്നു. രാജാക്കന്മാരുടേയും നാട്ടുപ്രമാണിമാരുടേയും അഴിഞ്ഞാട്ടത്തിന്റെ കാലഘട്ടം. ഭരണാധിപന്മാരുടെയും മേൽ പാരമ്പര്യങ്ങൾക്കും അവയുടെ സൂക്ഷിപ്പുകാരായ ബ്രാഹ്മണർക്കുമുണ്ടായിരുന്ന സ്വാധീനം അതിർകവിഞ്ഞതായിരുന്നു. ജാതിസമ്പ്രദായത്തിന്റെ ഉരുക്കുചട്ടക്കൂട്ടിലായിരുന്നു ഈ വ്യവസ്ഥിതി ഉറപ്പിച്ചിരുന്നത്.

അന്നത്തെ അടിമത്വം ഒട്ടുമുക്കാലും മതാചാരങ്ങൾ വരുത്തിവച്ച ദുഷ്ടതയായിരുന്നു. ഈ കാലഘട്ടത്തിൽ അരങ്ങേറിയ വിവിധ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് മയങ്ങിക്കിടന്ന ഒരു വിഭാഗം വിദ്യാസമ്പന്നരെ തൊട്ടുണർത്തുവാനും വിദ്യയും വിജ്ഞാനവും ബ്രാഹ്മണരുടെ കുത്തകയായിരുന്ന അവസ്ഥയ്ക്ക് കുറഞ്ഞതോതിലെങ്കിലും മാറ്റം വരുത്തുവാനും കഴിഞ്ഞു. എങ്കിലും ഈ പ്രസ്ഥാനങ്ങളുടെയെല്ലാം അനന്തരഫലം പരാജയമായിരുന്നു. സാർവ്വജനീന ദർശനത്തിന്റെ അഭാവമായിരുന്നു ഈ ദൗർബല്യം. ഈ അഭാവം ചരിത്രപരമായ കാരണങ്ങളാൽ പരസ്പരം അകന്നിരുന്ന ജനതയെ കൂടുതൽ അകറ്റിക്കൊ

ണ്ടിരുന്നു. സ്വാർത്ഥ മോഹികളായ യാഥാസ്ഥിതികർ ഈ ദുഃസ്ഥിതിയെ മുതലെടുത്തു കൊണ്ടിരിന്നു. ഭേദവും ഭേദത്തിൽ ഭേദവും കൽപിച്ച് ബഹുഭൂരിപക്ഷത്തെ മുഴുവനും അടിമത്വത്തിൽ തളച്ചിട്ടിരുന്ന ഈ യാഥാസ്ഥിതിക ശക്തിതന്നെയാണ് ഇന്നും ഇൻഡ്യൻ ദേശീയതയ്ക്ക് തുരങ്കം വച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ ആദ്യമായി ശബ്ദമുയർത്തിയ ശ്രീനാരായണഗുരു ഒരു കറതീർന്ന ജാതി നിരാസകനായിരുന്നു. മതങ്ങളെ അദ്ദേഹം നിഷേധിച്ചിരുന്നില്ല. മതഭേദത്തെയാണ് അദ്ദേഹം എതിർത്തത്. ജാതിചിന്തതൊട്ട് തീണ്ടിയിട്ടില്ലാത്ത എല്ലാ സമുദായങ്ങൾക്കും സൗഹാർദ്ദത്തിന്റെ അന്തരീക്ഷത്തിൽ നിലനിൽക്കുവാനും വളരുവാനുമുള്ള ഒരു വ്യവസ്ഥിതിയാണ് ഗുരു വിഭാജനം ചെയ്തത്. മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും മനസ്സിലാക്കണം. ജാതിമതചിന്തകൾ മറന്നുള്ള ഒരൊറ്റ സംഘടിത സമൂഹത്തിന് മാത്രമേ പുരോഗതിയിലേക്ക് മുന്നേറാനാവൂ എന്ന തത്വമാണ് അദ്ദേഹം അറിയിച്ചത്. ഇൻഡ്യയിലെ വടക്കൻ സംസ്ഥാനങ്ങളിൽ പലയിടത്തും ഇന്നും ജാതിഭേദങ്ങളും വർണഭേദങ്ങളും നിലനിൽക്കുന്നു. അയിത്തം എന്ന പിശാചിനെ എന്നന്നേക്കുമായി ഇൻഡ്യയിൽ നിന്നകറ്റി എന്നത് വെറും കടലാസിൽ മാത്രം ഒതുങ്ങുന്നുവെന്ന് നമുക്കറിയാം. ഏതെങ്കിലുമൊരു ജാതി ഇവിടെ അവഗണിക്കപ്പെടുന്നതും മറ്റൊരു ജാതി പ്രത്യേകം പരിഗണിക്കപ്പെടുന്നതും വർഗ്ഗീയ സംഘട്ടനം വളർത്താനേ ഉപകരിക്കൂ.

ഇൻഡ്യയിലെ മതമൗലികവാദത്തിന്റെ കാര്യമെടുത്താൽ ഇവിടുത്തെ പ്രധാന മതങ്ങളായ ഹിന്ദുമതം, സിക്കുമതം, ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം എന്നിവയുമായി ബന്ധപ്പെട്ട മതമൗലികവാദം രൂക്ഷമാണെന്ന് നമുക്ക് കാണാം. ഔറാംഗസീബും, ടിപ്പുസുൽത്താനും മുസ്ലീം പക്ഷപാതിത്വത്തിലേക്ക് തിരിഞ്ഞതും ശിവജിയുടെ ഹിന്ദുമതപക്ഷപാതിത്വം തെളിഞ്ഞതും മതങ്ങളെ സംഘർഷാവസ്ഥയിലേക്ക് നയിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾ അധികാരം നിലനിർത്താൻ മെനഞ്ഞെടുത്ത തന്ത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു അന്നത്തെ പ്രബല ശക്തികളായിരുന്ന ഹിന്ദുക്കളേയും മുസ്ലീംങ്ങളേയും തമ്മിൽ ഭിന്നിപ്പിക്കുക എന്നുള്ളത് കെട്ടുറപ്പും ഐക്യവും ഉള്ള ഒരു ജനതയെ കൂടുതൽകാലം അടക്കിവാഴുക അസാദ്ധ്യമാണല്ലൊ. ബ്രട്ടീഷുകാർ അധികാരം വിട്ടൊഴിഞ്ഞാൽ ഇന്ത്യയിലെ ബഹുപുരിപക്ഷം വരുന്ന ഹിന്ദുക്കൾ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളിൽ കടന്നാക്രമണം നടത്തും എന്നു തുടങ്ങിയുള്ള ബ്രട്ടീഷ് പ്രചരണങ്ങളും എല്ലാം തന്നെ പാകിസ്ഥാൻ എന്ന സ്വപ്നത്തിന് മുസ്ലീങ്ങളെ പ്രേരിപ്പിച്ചു. തുടർന്നുനടന്ന വർഗ്ഗീയ ലഹളകൾ ഇന്ത്യാചരിത്രത്തിലെ ഏറ്റവും കറുത്ത നാളുകളാണ്. ആയുധമേന്താതെ രക്തം ചിന്താതെ നാം സ്വാതന്ത്ര്യം നേടിയെടുക്കുമ്പോൾ രാജ്യത്തിന്റെ മക്കൾ പരസ്പരം രക്തം ചീന്തുകയായിരുന്നു.

സ്വതന്ത്ര്യാനന്തര ഭാരതത്തിൽ അധികാരത്തിൽ വന്ന ഭരണകൂടങ്ങൾ ദേശീയതയ്ക്ക് തുരങ്കം വയ്ക്കുന്ന ശക്തികളെ ഇല്ലാതാക്കുന്നതിനുപകരം അവരെ പ്രീതിപ്പെടുത്താനാണ് ശ്രമിച്ചത്. ബ്രിട്ടീഷുകാർ ഇട്ടെറിഞ്ഞിട്ടുപോയ വിഷ ബീജങ്ങങ്ങൾ ഉപേക്ഷിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. വർഗ്ഗീയ സംഘടനകളെ നിരോധിക്കുന്നതിനു പകരം ദേശീയ സാംസ്കാരികസംഘടനകൾ എന്ന ഗുഡ് സർട്ടിഫിക്കറ്റ് നൽകി അവയെ നിലനിർത്താനാണ് ഭരണാധികാരികൾ ശ്രമിച്ചത്. നിരവധി മതങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്ന ഈ രാജ്യത്ത് ഏതെങ്കിലും ഒരു മതത്തിന്മാത്രം അനർഹമായ പ്രത്യേക പരിഗണന നൽകിയാൽ അത് വർഗ്ഗീയത വളർത്താനേ സഹായിക്കൂ. സാമ്രാജ്യത്വവും വർഗ്ഗീയതയും പരസ്പര മിത്രങ്ങളാണ്. മതയാഥാസ്ഥിതികത്വത്തേയും അതിന്റെ തണലിൽ വളരുന്ന മതപ്രസ്ഥാനങ്ങളേയും വിമോചന പോരാട്ടങ്ങൾക്കെതിരെ പ്രയോഗിക്കുവാനുള്ള ആയുധമാക്കാൻ സാമ്രജ്യത്വ ശക്തികൾ തന്ത്രപൂർവ്വം ശ്രമിക്കുന്നുണ്ട്. ഇതിന്റെ തണലിൽ സാമ്രാജ്യത്വം തഴച്ചുകൊഴുക്കുന്നു.

മതവിശ്വാസം ഒരു വ്യക്തിയുടെ മാത്രം കാര്യമായി വിടണം. രാജ്യത്തിന്റെ രാഷ്ട്രീയത്തിൽ നിന്ന് അതിനെ വേർതിരിക്കണം. മതവിശ്വാസികൾക്കാണ് ഇതിൽ ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുന്നത് മതമൗലികതയേയും വർഗ്ഗീയതയേയും എതിർക്കുന്നതിൽ മതവിശ്വാസം ഒരിക്കലും ഒരു വിലങ്ങുതടിയല്ല.

വർഗ്ഗീയ കലാപങ്ങളിൽപ്പെട്ട് ചൂഷണം ചെയ്യപ്പെടുന്നത് സാധാരണക്കാരായ വിശ്വാസികളാണ് നമുക്ക് നമ്മുടെ രാഷ്ട്രപിതാവും ഒരു പ്രധാനമന്ത്രിയും നഷ്ടപ്പെട്ടത് മതത്തിന്റേയും വർഗ്ഗീയതിയുടേയും പേരിലാണ്. ഇൻഡ്യൻ ഭരണഘടനയുടെ ആമുഖത്തിൽ ജനാധിപത്യ മതേതരത്വ സോഷ്യലിസ്റ്റ് റിപബ്ളിക്ക് എന്നെഴുതിച്ചേർത്തിട്ടുണ്ട് പക്ഷേ ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും ഇൻഡ്യൻ ജനതയുടെ നിത്യ ജീവിതത്തിൽ നിന്നകലെയാണ്.

നഫാസുദ്ദീൻഷാ
ഒന്നാം വർഷ സുവോളജി

# അനാഴ്

ഇബനു ഷമീർ. കെ. എച്ച്
IIIrd B.Com

നിശ്ചലം നിന്നു. ഞാനൊന്നു ദർശിക്കുവാൻ
പിഞ്ചിളം കൈകളിൽ വാരിപ്പുണരുവാൻ
പുഞ്ചിരി പൊന്നുഷസ്സ് പൂക്കളാലെന്നെ നീ
കോരിത്തരിപ്പിച്ചു നിർത്തുമെന്നോമനേ!
നിൻ വിശ്വരൂപത്തെ ബിംബിച്ചു കണ്ടു ഞാൻ
പൊന്നുഷസ്സിൽ തുഷാരബിന്ദുക്കളിൽ
എന്തൊരു നവ്യമാം ചൈതന്യമാർന്നതാ-
ണന്നനുവിങ്കിലെ വർണ്ണവും ശോഭയും
എല്ലാം മറന്നു നിൻ സുന്ദരരൂപത്തി-
ലെല്ലാമടക്കി ഞാൻ കാണുന്നു ദേവതേ!
എന്നന്തരംഗത്തിലായിരം മാല്യങ്ങ-
ളൊന്നിച്ചു കോർത്തു നിനക്കായി നൽകീടാം
വന്നീടൂ, വന്നീടൂ നീയെന്നരികിലെ
സ്വർണ്ണസിംഹാസനം പ്രാപിക്കഗാനമേ!
ചുറ്റിലും പായലടിഞ്ഞുകൂടീടിലും
വൈവശ്യമാകാതിരിക്ക സർവ്വസ്വമേ!
പുത്തൻ ദളങ്ങൾ വിടരും കൊഴിഞ്ഞിടും
പിന്നെയും മൊട്ടിട്ടിടുന്നു കിനാവിലും
സാഗര ഗീതിയിലർത്ഥമുണ്ടാക്കുവാൻ
സങ്കൽപ സീമയിൽ നീയുണർന്നീടണം
നീയെൻ മനസ്സിൽ മനോരഥം പേറിയി-
ട്ടായിരം വർഷം മറക്കാതിരിക്കണം
വാടിക്കുഴഞ്ഞെന്റെ മാറിൽ ശയിക്കുവാ-
നൊടിയെത്തീടുമോ വിശ്വസംഗീതമേ ●

Kollam

*The abode of cashews offers you*
*a pleasurable*
*Heavenly abode*

HOTEL
Shah
INTERNATIONAL




KOLLAM



CHAMAYAM

# വധശിക്ഷ



വിവിധ രാജ്യങ്ങളിൽ നിലവിലുള്ള ശിക്ഷാക്രമങ്ങൾ അനുസരിച്ച് കൊടുക്കുന്ന ഏറ്റവും ഗുരുതരമായ ശിക്ഷയാണ് വധശിക്ഷ. വധശിക്ഷയുടെ ആരംഭം അതത് കാലഘട്ടങ്ങളിൽ പ്രബല്യത്തിലിരുന്ന അന്ധവിശ്വാസപരമ്പരകളിൽനിന്നാണ്.

വധശിക്ഷ നൽകുന്നതിന്റെ ഉദ്ദേശ്യം വ്യക്തികളെ അക്രമകാരികളിൽ നിന്നും കഴിവതും രക്ഷിക്കുകയാണ്. കുറ്റവാളിയെ വീണ്ടും ജീവിക്കാൻ അനുവദിച്ചാൽ അവൻ സമുദായത്തെ വീണ്ടും കളങ്കപ്പെടുത്തുമെന്ന് ഭയപ്പെടുന്നു. കുറ്റവാളിയെ കൊല്ലുന്നതു കണ്ടുണ്ടാകുന്ന ഭയം മറ്റുള്ളവരെ അത്തരം കുറ്റകൃത്യങ്ങളിൽ നിന്നും പിൻതിരിപ്പിക്കുമെന്നുള്ള പ്രതീക്ഷയും ഇതിന്റെ പിന്നിലുണ്ട്.

മുമ്പ് തൂക്കുദിവസങ്ങൾ പൊതു അവധിയായിരുന്നു. കുപ്രസിദ്ധരെ തൂക്കിലിടുമ്പോൾ പൊതുസദ്യയും ആഘോഷങ്ങളും നടത്താറുണ്ട്. റഷ്യാ, ചൈനാ, ഇംഗ്ലണ്ട് എന്നീ 3 രാജ്യങ്ങളിൽ ഗർഭിണികളെ വധശിക്ഷയിൽനിന്നും ഒഴിവാക്കിയിരുന്നു. ചില സ്ഥലങ്ങളിൽ തൂക്കൽ പ്രസവം കഴിയുന്നത് വരെ മാറ്റി വയ്ക്കാറുണ്ട്. ഏതൻസിൽ വിഷം കുടിപ്പിച്ചാണ് കൊന്നിരുന്നത്. യഹൂദന്മാരുടെയിടയിൽ കുറ്റവാളിയുടെ കൈകാലുകൾ ബന്ധിച്ചുനിർത്തി ബലമായി വാപൊളിപ്പിച്ച് ഉരുകിത്തിളയ്ക്കുന്ന ഈയം വായിൽ ഒഴിച്ച് കൊല്ലുകയായിരുന്നു പതിവ്.

ഇന്ത്യയും പൗരാണികകാലം മുതൽ വധശിക്ഷ നടത്തിയിരുന്നു. മുഗൾ ചക്രവർത്തിമാരുടെ കാലത്ത് പുതുതായി കൊന്ന പോത്തിന്റെ തോല് കൊണ്ടുള്ള ടൈറ്റ് റോബുകൾ അണിയിച്ച് കുറ്റവാളികളെ തെരുവിൽ എറിയുകയായിരുന്നു ചെയ്തിരുന്നത്. വെയിലത്ത് ഉണങ്ങിച്ചുരുങ്ങുന്ന ചർമ്മത്തിനോടൊപ്പം ആളും വരിഞ്ഞ് മുറുകപ്പെട്ടാണ് മരിക്കുന്നത്. ഇന്ത്യയിൽ പ്രതിവർഷം ശരാശരി 40,000 ആളുകളെ ശിക്ഷിക്കുന്നുണ്ട്. ഇതിൽ 300-400 ആളുകളെ വധശിക്ഷയ്ക്ക് വിധിക്കുന്നത്. പക്ഷേ പ്രതിവർഷം 100-ഓളം പേരെയെ തൂക്കിക്കൊല്ലുന്നുള്ളൂ. കാരണം കുറച്ചൊരു ശതമാനം വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടതിന്ശേഷം ദയാഹർജി അനുവദിക്കപ്പെട്ട് രക്ഷപ്പെടുന്നു.

ഇന്നത്തെ രീതിയനുസരിച്ച് തൂക്കുമ്പോൾ ഗളഭാഗത്തെ കശേരുക്കൾ പെട്ടെന്ന് വിച്ഛേദിക്കപ്പെടുന്നത് മൂലമാണ് മരിക്കുന്നത്. തലവെട്ടുക കുറച്ചുകൂടി ബഹുമാനപരമായ രീതിയിലുള്ള വധശിക്ഷയാണ്. ഫ്രാൻസിൽ ഗില്ലാറ്റിൻ പ്രചാരത്തിൽ വന്നതോടുകൂടി മറ്റെല്ലാം പിൻതള്ളപ്പെട്ടു. ചില പൗരസ്ത്യ ദേശങ്ങളിൽ വാളുകൊണ്ട് കുത്തിക്കൊല്ലുകയാണ് രീതി.

ഷെമീർഖാൻ. എസ്

IC2

# തേങ്ങൽ

പണ്ടൊരിക്കൽ നീപറഞ്ഞവാക്കുകളിന്നും
എന്റെ മനസ്സിന്റെ മണിച്ചെപ്പിൽ പൂഴ്ത്തിവച്ചിട്ട്
ഒരു സ്വപ്നമായി നീ വന്നു ചേരുമെന്ന് മോഹിച്ചു
ഈ നാലുകെട്ടിനിറയത്ത് കാത്തിരിപ്പുഞാൻ
പേരമരച്ചുവട്ടിൽ നാമൊത്തുചേർന്നതും
പൂത്ത ചെമ്പകപ്പൂമണം നിന്നിൽ ഞാൻനുകർന്നതും
നീലനിലാവൊളി അറിയാതെ പൂവമ്പ് എയ്തതും
ഈ നാലുകെട്ടിനിറയത്ത് ഓർത്തിരിപ്പു ഞാൻ
കാർമേഘമാലനിന്നെ നോക്കി നീന്തുമ്പോൾ
ഉള്ളിൽവിങ്ങി നിൽക്കും ദു:ഖമെന്തെന്ന് അറിഞ്ഞുകാണും
നിന്റെ മുന്നിലവർ പൊഴിക്കുന്ന തുള്ളികളെല്ലാം
ഇങ്ങ് തേങ്ങിനില്ക്കും മനസ്സിന്റെ കണ്ണീരായേക്കാം

ആർ. എ
IInd B.Com.


ഷർട്ട്പീസ്, പാന്റ്സ്പീസുകളുടെ
ഏറ്റവും പുതിയശേഖരം

സെലക്ഷൻസ്

ടെക്സ്ചോയിസ്
ചാമക്കട, കൊല്ലം



കരിക്കോട്ട
പ്രമുഖ വിദ്യാഭ്യാസസ്ഥാപനം

INSTITUTE OF ARTS AND SCIENCE

Near T.K.M College, Karicode, Kollam.5

# കലാലയ രാഷ്ട്രീയത്തിന്റെ പ്രസക്തി

ഹരിലാൽ. ജെ
രണ്ടാം വർഷ സസ്യശാസ്ത്രം



സ്കോട്ട്ലന്റ്കാരനായ അർബർഹർഗുസൂൺ കാ്ച്ചയിൽ വളരെ മാന്യനാണ്. മാന്യനെക്കാളേറെ സൂത്രശാലിയും. ഒരിക്കൽ ഇദ്ദേഹം ഇംഗ്ലണ്ട് രാജ്ഞിയുടെ ആവാസസ്ഥാനമായ ബക്കിംഗ്ഹാം പാലസ് ഒരു ടൂറിസ്റ്റിന് രണ്ടായിരം പൗണ്ടിന് വിറ്റു. ഇംഗ്ലണ്ടിൽ വലിയതോതിൽ ദാരിദ്ര്യം നിലനില്ക്കുന്നെന്നും അതിനാൽ ഇംഗ്ലണ്ടിലെ ചരിത്രപ്രസിദ്ധമായ പല സ്മാരകങ്ങളും കെട്ടിടങ്ങളുമെല്ലാം വില്ക്കുന്നുവെന്നും പാവം ടൂറിസ്റ്റിനെ തെറ്റിദ്ധരിപ്പിച്ചാണ് കച്ചവടം ഉറപ്പിച്ചത്. ടൂറിസ്റ്റ് ബക്കിംഗ്ഹാം പാലസ് പൊളിച്ച് നീക്കാൻ എത്തിയപ്പോഴാണ് താൻ കബളിപ്പിക്കപ്പെട്ടു എന്ന് മനസ്സിലായത്. അപ്പോഴേക്കും അർബർ സ്ഥലം വിട്ടിരുന്നു.

കലാലയ രാഷ്ട്രീയം നിരോധിക്കണമെന്ന വാദവുമായി ചില ബുദ്ധിജീവികൾ രംഗത്ത് എത്തിയിരിക്കുന്നു. ഇവരുടെ പൊള്ളയായ വാദഗതികൾ കേൾക്കുമ്പോൾ ചിലരെല്ലാം അർബറെ ഓർക്കും. അർബർ പണത്തിനുവേണ്ടി കോമാളി വേഷകെട്ടിയെങ്കിൽ വാർത്ത സൃഷ്ടിക്കുവാൻ വേണ്ടിമാത്രമാണ് ഇക്കൂട്ടർ കലാലയ രാഷ്ട്രീയം വേണ്ടായെന്ന വാദഗതിയുമായി രംഗത്ത് എത്തിയിരിക്കുന്നത്. പക്ഷേ എന്തുകൊണ്ടോ ഈ വാദഗതി അവർ ഉദ്ദേശിച്ച രീതിയിൽ പ്രാധാന്യം സൃഷ്ടിച്ചില്ല. ആയിരത്തിയൊന്ന് നുണക്കഥകളും അല്പം ശൃംഗാര രസവുമായെത്തുന്ന ചില പത്രമുത്തശ്ശിമാർ രണ്ടോമൂന്നോ ദിവസം ഇവരെ നരച്ച തലയിലിരുത്തി എന്തൊക്കെയോ പിറുപിറുത്തു. തലവേദനിച്ചപ്പോൾ അവരും താഴത്തു വച്ചു. വിദ്യാർത്ഥികൾക്ക് ഈ വാദഗതിയോടുള്ള എതിർപ്പാണ് ഇക്കഴിഞ്ഞ കോളേജ്യൂണിയൻ തിരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞത്. ഈ അവസരത്തിൽ കാമ്പസ്സ് രാഷ്ട്രീയത്തിന്റെ പ്രാധാന്യത്തിന് ഏറെ പ്രസക്തിയുണ്ട്.

'വിദ്യഭ്യാസം' സമൂഹത്തിന്റെ സൃഷ്ടിപരമായ ആവശ്യങ്ങൾക്കുപയുക്തമായിരിക്കണം. പുസ്തകങ്ങളിലൂടെ മനുഷ്യനെ കണ്ടെത്താൻ കഴിയാത്ത വിദ്യാർത്ഥി എല്ലായ്പ്പോഴും സമൂഹത്തിന് ഭീഷണിയാണ്. വിദ്യാർത്ഥിക്ക് സാമൂഹികബോധം അത്യവശ്യമാണ്. അതിനാൽ തന്നെ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുവഴി വിദ്യാർത്ഥികളെ സമൂഹത്തിനന്യമാക്കുകയായിരിക്കും ചെയ്യുക. പുസ്തകത്താളുകളിൽ മാത്രമൊതുങ്ങുന്ന അവന് സമൂഹത്തിന്റെ ഉൾത്തുടിപ്പുകൾ അന്യമാകും. അവൻ തീർത്തുമൊരു യന്ത്രമനുഷ്യനായിത്തീരുകയായിരിക്കും ഫലം. രാഷ്ട്രീയമെന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നതെന്നാണ്. അരാഷ്ട്രീയവാദം വഴി വിദ്യാർത്ഥികളെ രാഷ്ട്രത്തെ സംബന്ധിക്കുന്ന വിഷയങ്ങളിൽ നിന്നും അകറ്റിനിർത്തുകയാണ് ചെയ്യുന്നത്. അതായത് അവന്റെ ദേശീയാഭിരുചി ഇല്ലാതാക്കുവാൻ മാത്രമല്ല അവനിൽനിന്നും രാഷ്ട്രത്തിന് ലഭിക്കേണ്ട പലതും നഷ്ടപ്പെടുന്നു.

കാമ്പസ് രാഷ്ട്രീയം യഥാർത്ഥത്തിൽ കാമ്പസിന്റെ സംരക്ഷകൻ കൂടിയാണെന്ന സത്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. കാമ്പസ്സ് രാഷ്ട്രീയം അന്യമായ ചില വടക്കേയിന്ത്യൻ കാമ്പസുകൾ മയക്കുമരുന്നിന്റെയും മറ്റ് സദാചാര വിരുദ്ധപ്രവർത്തനങ്ങളുടേയും ആകെതുകയായിമാറുന്നു. അവിടുത്തെ കാമ്പസുകൾ സൃഷ്ടിക്കുന്ന 'നപുംസകങ്ങൾ' രാഷ്ട്രത്തിന് കടുത്ത ഭീഷണിയായിരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. തിരിച്ചറിവ് നഷ്ടപ്പെട്ടു ലഹരിക്കടിമപ്പെട്ട് ഇറങ്ങുന്ന ഇക്കൂട്ടർ പലപ്പോഴും വാർത്താകൾ സൃഷ്ടിക്കാറുണ്ട്. ഇത്തരം പ്രവണതകൾ നമ്മുടെ കാമ്പസുകളിൽ ഇല്ലാത്തതിന് കാരണം ഇവിടുത്തെ കാമ്പസ് രാഷ്ട്രീയംതന്നെ. ഇത് അരാഷ്ട്രീയവാദികൾക്കുപോലു മറിയാവുന്ന വസ്തുതതന്നെ. എങ്കിലും ഇതൊക്കെ മറക്കാനും അവർ ആഗ്രഹിക്കുന്നു.

അരാഷ്ട്രീയവാദത്തിന് കാരണമായി നമ്മുടെ ബുദ്ധിജീവികൾ ഉയർത്തുന്ന വാദം കാമ്പസ്രാഷ്ട്രീയം കൊലപാതക രാഷ്ട്രീയമായി മാറുന്നു എന്നതാണ്. എന്നാൽ നമുക്കു മറക്കാൻ കഴിയാത്ത ചിലതുണ്ട്. അടിയന്തിരാവസ്ഥയുടെ പകലുകളിലും രാത്രികളിലുമെല്ലാം വിദ്യാർത്ഥികളടക്കം നൂറുകണക്കിനാളുകളുടെ രക്തമൂറ്റിക്കുടിച്ചശേഷം വലിച്ചെറിഞ്ഞ ഭരണകൂടത്തിന് എതിരെ നാവുവളയ്ക്കുവാൻ പോലും ഇക്കൂട്ടർക്കു കിഴിഞ്ഞില്ല.

ലോക്സഭാ–നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ഉണ്ടാകുന്ന അക്രമങ്ങൾ കൊലപാതകങ്ങളിൽ വരെ എത്താറുണ്ട്. ഇതുമൂലം ഈ തെരഞ്ഞെടുപ്പുകൾ വേണ്ടായെന്ന് വയ്ക്കാൻ കഴിയുമോ?

വിദ്യാർത്ഥിരാഷ്ട്രീയം ശരിയുടെ രാഷ്ട്രീയമായിരിക്കണം. വിദ്യാഭ്യാസമേഖലയെ സ്വകാര്യമേഖലയ്ക്കടിമയാക്കിവയ്ക്കുന്നതിനുവേണ്ടി നടത്തിയ വിമോചനസമരത്തിന് ജയ് വിളിച്ച ബഹുമാന്യബുദ്ധിജീവികൾ അരാഷ്ട്രീയവാദവുമായി രംഗത്തെത്തിയിരിക്കുന്നത് വിദ്യാർത്ഥി സ്നേഹം കൊണ്ടല്ലന്നും വളരെ വ്യക്തമാണ്. ●

For College Classes:

**TRINITY**

**EDUCATIONAL COMPLEX**

KARICODE, KOLLAM.5

YOUR LOOKS
YOUR STYLES
Just Fantastic

**Fantasia**

MAIN ROAD, KOLLAM-1

**ആനവാടി**

സൂപ്പർമാർക്കറ്റ്
കടപ്പാക്കട, കൊല്ലം

ഒ.കെ. നാരായണൻ
ഷോപ്പിംഗ് കോംപ്ലക്സ്

- നിത്യജീവിതത്തിന് ആവശ്യമായ എല്ലാ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്നു...
- ഗുണമേന്മയുള്ള എല്ലാ വിധ പലചരക്ക് സാധനങ്ങളും വൃത്തിയായി നിർമ്മിത അളവുകളിലുള്ള പായ്ക്കറ്റുകളിൽ മിതമായ വിലയിലും തൂക്കത്തിലും....
- കൊല്ലം പട്ടണത്തിൽ വിശാലമായ കാർ പാർക്കിംഗ് സൗകര്യമുള്ള ഏക സൂപ്പർ മാർക്കറ്റ്



മേന്മയേറിയ സാധനങ്ങൾ.... മിതമായ വില.....
മികച്ച സേവനം.... തികഞ്ഞ സംതൃപ്തി.....

ഫോൺ: ഷോപ്പ്-76649 റസി: 76687



# അണയാത്ത വിളക്ക്

ഷിഹാബുദീൻ. എം
II Bcom

ഹശ്മീ നീ മരിച്ചില്ല സഖാവേ
നിൻ ശിരസിനുമുകളിലാകശ്മലന്മാർ
മരണധ്വനി മുഴക്കി വട്ടമിട്ടു പിന്നെപ്പോഴും
നിശ്ചയദാർഢ്യനായിനീ നിന്നു
നിന്നുയിരിലൂടെ നീ അശരണരുടെ
മോചനഗാഥയ്ക്ക് താളമേകി
നീ ചിന്തിയ നിണത്തിലൂടൊരുകോടി
കൈത്താലങ്ങളുയരുന്നു
നിൻ ഹൃദയനിണത്തിലൊരുകോടി
കിനാക്കൾക്ക് സാഫല്യമേകിനീ
മൃത്യുവിൻ കരാളഹസ്തങ്ങളിൽ നീ യമർന്നപ്പോൾ
മാനവസ്നേഹികളുടെ ചിന്താസരണിയിൽ
ദുഃഖത്തിൻ കരിനിഴൽ നീ നൽകിയോ
ഇല്ല ഉണർവിന്റെ പാട്ടവരുടെ
കണ്ഠങ്ങളേറ്റുപാടുന്നു
നിൻശോണിതപ്പുഴ വൃഥാവിലല്ല
പിഞ്ചുമനസ്സിൻ നൈർമല്യമാർന്ന
നിൻ പുഞ്ചിരികാണാൻ വെമ്പുന്ന
മാലശ്രീയും തളർന്നുറങ്ങിയിട്ടില്ല.
നിൻവീഥികളിലവൾ പുതിയൊരുപാട്ടിൻ
താമ്പുരു മീട്ടുന്നു.
ഹശ്മീ നിൻനാമധേയമീ ഭാരത
സീമകളിലലയടിച്ചുയരുന്നു
നീ കൊളുത്തിയ കൈത്തിരിനാളം
ആളിപ്പടരുന്ന ജ്വാലയായ്
നിൻചിതാഗ്നിയിൽ നിന്നുയരുന്ന
ധൂമങ്ങൾ
വാനിൻ വിരിമാറിലാകെ
ശുക്രനക്ഷത്രമായി പ്രശോഭിക്കും
(ജനനാട്യമഞ്ച് നേതാവ് സ. സഫ്ദർ ഹശ്മിയുടെ ഓർമ്മയ്ക്ക്)



# ബന്ധങ്ങൾ

ബന്ധങ്ങൾ ബന്ധനങ്ങളാണെന്ന് പറഞ്ഞു കേൾക്കാറുണ്ട്. ജീവിതത്തിൽ അങ്ങനെ അതനുഭവപ്പെടുന്ന സന്ദർഭങ്ങളും വിരളമല്ല. പക്ഷേ, ഈ ബന്ധങ്ങൾക്കു മുമ്പുണ്ടായിരുന്ന ശക്തിയും സംശുദ്ധിയും ഇന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ കൂടുതൽ സ്വാർത്ഥതൽപ്പരനും നിഷേധിയും ആയിത്തീർന്നതാവാം അതിന് കാരണം.

അടയുകയും അകലുകയും ചെയ്യുന്ന ബന്ധങ്ങളെക്കുറിച്ചു നമുക്കൊന്നു കണ്ണോടിക്കാം.

ഈ പ്രപഞ്ചത്തിലെ ഏറ്റവും മഹത്തായ ബന്ധമാണ് മാതൃ-പുത്ര ബന്ധം. പൊക്കിൾക്കൊടി വേർപെടുത്തുന്നതോടെ ബന്ധം മുറിയുന്നില്ല. അമ്മയും കുഞ്ഞും തമ്മിലുള്ള ആ ബന്ധത്തിന് പണ്ടത്തെ ഊഷ്മളതകുറഞ്ഞു തുടങ്ങിയിരിക്കുന്നു. അച്ഛന്റെ ഉപദേശം ആദരിച്ചു പരശുരാമൻ അമ്മയെക്കൊന്നുവെന്ന് പുരാണം വായിച്ചറിഞ്ഞവർ ഇന്ന് അമ്മയ്ക്ക് നേരെ കത്തിയോങ്ങാൻ മടിക്കുന്നില്ല. ജന്മം നൽകിയ മാതാപിതാക്കളെ നിഷ്ഠുരണം വധിക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന കാടത്തത്തിന്റെ കഥകൾക്ക് പുതുമനശിച്ചു തുടങ്ങിയിരിക്കുന്നു.

കുഞ്ഞിനെ പ്രസവിച്ച് കുപ്പിപ്പാലുമായി ആയയെ ഏല്പിച്ചിട്ട് ബ്യൂട്ടി പാർലറുകൾ തേടിപ്പോകുന്ന അമ്മയ്ക്ക് കുഞ്ഞുമായുള്ള ബന്ധം പൊക്കിൾക്കൊടി മുറിക്കുന്നതോടെ അവസാനിക്കുകയാണെന്ന് വേണം പറയാൻ. അല്പം കൂടി കുഞ്ഞു വളർന്നു കഴിഞ്ഞാരം പിന്നീടതിനു വിധിക്കപ്പെട്ട സ്ഥലം രാജകീയ സ്കൂളുകളിലെ ബോർഡിംഗുകളായിരിക്കും. അമ്മയുടെ നെഞ്ചിലെ ചൂടേല്ക്കാതെ മുലപ്പാലു കുടിക്കാതെ വളരുന്ന ആ കുഞ്ഞിന് അമ്മയുമായുള്ള ബന്ധം സർക്കാർ രേഖകളിൽ മാത്രമായിരിക്കും. അന്യദേശങ്ങളിൽ നിന്നു നാം കടം വാങ്ങിയ സംസ്കാരത്തിന്റെ ഭാഗമാണിത്. സമ്പന്ന കുടുംബങ്ങളിൽ മാത്രമല്ല. ഇടത്തരം കുടുംബങ്ങളിലും ഇതിന്റെ വിഷബീജങ്ങൾ വ്യാപരിച്ചു കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവന്റെ വീടുകളിലാകട്ടെ ഈ ബന്ധങ്ങൾ ജീവസന്ധാരണത്തിന് വക തേടാനുള്ള വ്യഗ്രതയിൽപ്പെട്ടു പിഞ്ചിപ്പോവുകയും ചെയ്യുന്നു.

മാതൃപുത്രബന്ധം പോലെ തന്നെ പരമപവിത്രമായിരുന്നു ഗുരുശിഷ്യബന്ധവും. പഴയഗുരു കുലങ്ങളുടെ സ്മരണകൾ പോലും നമുക്കിന്ന് അന്യമായിരിക്കുന്നു. പഠിപ്പിക്കുന്നത് തന്റെ ജോലിമാത്രം ആണെന്നു കരുതുന്ന ഗുരുക്കന്മാരും. പഠിപ്പിക്കാനാണ് വാദ്ധ്യരെ ശമ്പളംകൊടുത്തു നിയമിച്ചിരിക്കു ന്നതെന്നു കരുതുന്ന വിദ്യാർത്ഥികളാണിന്നുള്ളത്. ഗുരുശിഷ്യ ബന്ധത്തിന്റെ പവിത്രതയെ കളങ്കപ്പെടുത്തുന്നത് ഇത്തരം ചിന്തകളും അപക്വമനസ്സുകളെ ഭരിക്കുന്ന കക്ഷിരാഷ്ട്രീയ ശല്യങ്ങളുമാണ്. ഗുരുവിനെ ഹിംസിക്കാനൊരുങ്ങിയതിന്റെ ശിക്ഷ സ്വയം ഏറ്റു വാങ്ങി ഉമിത്തീയിൽ നീറിമരിച്ച ശി ഷ്യന്റെ കഥ ഇവിടെ ഓർക്കുന്നത് നന്നായിരിക്കും

# അകലുമ്പോൾ....



'ശ്രീകൃഷ്ണവിലാസം' എന്ന സംസ്കൃതകാവ്യത്തിന്റെ കർത്താവായ സുകുമാര കവിയാണ് ആ ശിഷ്യൻ. ഈ കഥ കേവലം ഐതിഹ്യമാണെങ്കിൽ പോലും ഗുരുശിഷ്യബന്ധത്തിന്റെ മഹനീയത അതു വിളിച്ചോതുന്നുണ്ട്.

ഭാര്യാഭർത്തൃബന്ധം, സഹോദരബന്ധം, വ്യക്തിബന്ധം, സ്നേഹബന്ധം എന്നിവകളിലെല്ലാം തന്നെ ഈ മൂല്യശോഷണം നമുക്ക് കാണാവുന്നതാണ്. പഴയ തലമുറകൾ സ്നേഹം ത്യാഗമായി കരുതിയിരുന്നു. ഇപ്പോൾ സ്നേഹം ഒരു വികാരമേ അല്ലാതായിട്ടുണ്ട്. തൻകാര്യം നേടാനുള്ള വെറും നാട്യമായി അത് അധഃപതിച്ചിരിക്കുന്നു.

മൂല്യശോഷണം സംഭവിച്ചുവെന്ന മുറവിളി കൂട്ടുന്നവർപോലും ഇതിനെക്കുറിച്ച് ഗാഢമായി ചിന്തിക്കുന്നില്ല. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം കൂടുതൽ മുറുകുന്നതിന് സ്വാർത്ഥമോഹങ്ങളെ മനസ്സിൽ നിന്നും ഉന്മൂലനം ചെയ്യേണ്ടതുണ്ട്. സ്വയമറിയാനും മറ്റുമുള്ളവരെ ബഹുമാനിക്കാനും ഉള്ളകഴിവ് സ്വായമറിയാനും മറ്റുള്ളവരെ ബഹുമാനിക്കാനും ഉള്ളകഴിവ് സ്വായത്തമാകാത്തിടത്തോളം ഈ ബന്ധങ്ങൾ ഇനിയും അകന്നു കൊണ്ടേയിരിക്കും.

ജി.ആർ.സംഗീത

സെയ്ഫ്.എം
IInd B.Com






# സൗഹൃദം

ആൾക്കൂട്ടം. എന്തോ ഭീകരദൃശ്യം കാണുകയാണവർ. അവിടെയാളുകൾ കൂട്ടം കൂട്ടമായി എത്തിക്കൊണ്ടേയിരുന്നു. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർവരെ ജാതി വർണ്ണഭേദമില്ലാതെ ഓടിവന്നാ ഭീകരദൃശ്യം വീക്ഷിക്കുകയാണ്. ആ മൂകമായ അന്തരീക്ഷത്തിൽ തെരുവ് നായ്യുടെ ഓരിയിടൽ മാത്രമേ മൂകതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു. ആ ഗ്രാമം ഉണർന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയറിഞ്ഞുകൊണ്ടാണ്. പ്രഭാതസൂര്യന്റെ ഭംഗി കാർമേഘങ്ങളിൽ മറച്ച് പ്രകൃതിപോലും ദുഃഖം രേഖപ്പെടുത്തിയിരുന്നു. എന്നും പ്രഭാതകിരണങ്ങൾ ഭൂമിയിൽ പതിക്കുമ്പോൾ ആഹ്ളാദത്തോടെയുണർന്ന് പാടത്തേക്ക് പോകാറുള്ള ഗ്രാമീണർ ഇന്ന് പടത്തേക്ക് പോകുന്നില്ല. അന്നപാനീയങ്ങൾ പോലും കഴിക്കാതെ നിർവികാരരായി സ്തംഭിച്ചുനിന്നവരുടെ ചുണ്ടുകളിൽനിന്നുമൊരേയൊരു ചോദ്യമുണർന്നു. എന്തിനിവളിത്ചെയ്തു?

അരുവികളും, പൂക്കളും, പുഴകളുമുള്പ്രകൃതി മനോഹരമായ ഒരു കൊച്ചുകൊച്ചു കലകളും, വനങ്ങളും ഗ്രാമത്തിനൊരു മുതൽക്കൂട്ടാണ്. ആ ഗ്രാമത്തിന് മദ്ധ്യത്തിലൂടെയൊരു ചെറിയ മൺപാതനീണ്ടുപോന്നു. ആ പാതയോരത്ത് പുല്ലുമേഞ്ഞ ഒരു ചെറിയവീട്. ചെറുതിനാണല്ലോയെപ്പോഴും സൗന്ദര്യം കൂടുതൽ.

നാലുചുറ്റും പൂക്കളുടെയൊരു കലവറയാണ്. അതിന്റെ ഒരു കോണിൽ ഒരു കൊച്ചാമ്പൽകുളമുണ്ട്. വീട്ടിന്റെ മുൻവശത്തായി പൂത്തുലഞ്ഞു ശാഖകളുപശാഖകളുമായി ഇടതൂർന്ന ഇലകളുമായി പന്തലിച്ചുനിൽക്കുന്ന ഒരു കൊച്ചു തേൻമാവ്. ഇതിൽകൂടുതൽ ആ വീടിനെ അലങ്കരിക്കേണ്ടതുണ്ടോ?

മനോഹരമായ ആ കൊച്ചുവീടിനും, മാവിലെ പൂക്കൾക്കും കണ്ണുകിട്ടാതിരിക്കാൻ വേണ്ടിയിപ്പോളൊന്നുമറിയാത്തൊരു പാവം പെൺകുട്ടി കോലം തൂക്കിയിരിക്കുന്നു... സ്വന്തം ശരീരം കൊണ്ട് കാറ്റിലാടുന്നകോലത്തെ നോക്കി ജനങ്ങൾ നെടുവീർപ്പിടുന്നു. പെട്ടെന്നൊരലർച്ചകേട്ടെല്ലാവരും തിരിഞ്ഞു നോക്കിയപ്പോൾ ആധുനിക വേഷധാരിയായൊരു യുവാവ് അലറിക്കൊണ്ട് ആ ആൾക്കൂട്ടത്തിലേക്ക് വരികയായിരുന്നു. ആ യുവാവ് സുനിൽ ആയിരുന്നു. മരിച്ച അമ്മു എന്ന പെൺകുട്ടിയുടെ ആത്മസുഹൃത്ത്. സുനിലിനാഭീകര ദൃശ്യം ഒന്നേ വീക്ഷിക്കാൻ കഴിഞ്ഞുള്ളു. വീഴുമെന്ന നിലയിലായപ്പോളാ മാവിൽ ചാരികുറേ നേരം നിർവികാരനായിരുന്നു. അപ്പോഴാരോ ഒരെഴുത്തവന്റെ പോക്കറ്റിൽ വച്ചുകൊടുത്തു. ഉടനെ പോലീസും അബുലൻസും എത്തി. അമ്മുവിന്റെ ശവശരീരവുമായി അംബുലൻസ് മോർച്ചറിയെ ലക്ഷ്യമാക്കി നീങ്ങിയപ്പോൾ ജീവശവം പോലെ സുനിലും പട്ടണത്തിലേക്ക് വണ്ടികയറി.

ആ യാത്രയിൽ സുനിലിന്റെ മനസ്സിൽ കഴിഞ്ഞകാല സ്മരണകൾ തെളിഞ്ഞുവന്നുകൊണ്ടിരുന്നു. അവന്റെ ബാല്യകാലം. ... ബാല്യകാലം മുതൽ അവൻ ഏകാകിയായിരുന്നു. അച്ഛനുമമ്മയും സഹോദരങ്ങളുമെല്ലാമുണ്ടായിരുന്നിട്ടും ബാല്യകാലം മുതൽ ഏകാന്തതയനുഭവിക്കുകയായിരുന്നു. എല്ലാവരും അവിനിലോരോ കുറ്റങ്ങൾ കണ്ടുപിടിക്കുന്നു.... ശകാരിക്കുന്നു. ആരും അവനെ മനസ്സിലാക്കിയിരുന്നില്ല. മനസ്സുനിറയെ എല്ലാവരോടുമവന് സ്നേഹമായിരുന്നു. പക്ഷേ അതെങ്ങനെ പുറത്തുകാട്ടണമെന്നറിയില്ലായിരുന്നു. അവന്റെ മനസ്സ് മനസ്സിലാക്കാനാരും ശ്രമിച്ചതുമില്ല. അങ്ങനെ വിരസമായി വിദ്യാലയജീവിതം കഴിച്ചുകൂട്ടിയതുമവനോർത്തുപോയി. പിന്നെ മനസ്സിൽ തെളിഞ്ഞുവന്നത് കലാലയജീവിതാനുഭവങ്ങളാണ്. വിദ്യാലയ ജീവിതം അവസാനിച്ചതിനുശേഷം നഗരത്തിലെ കോളേജിൽ പ്രീഡിഗ്രിക്കുചേർന്നു. പുറമേ സ്നേഹമഭിനയിക്കാനറിയാത്തതുകൊണ്ട് സുനിലിന് കൂടുതൽ കൂട്ടുകാരാരുമില്ലായിരുന്നു. ക്ലാസ്സ് ആരംഭിച്ച് ഒരു മാസം കഴിഞ്ഞപ്പോഴാണ് അവന്റെ ക്ലാസ്സിൽ പഠിക്കുന്ന സാമാന്യം സൗന്ദര്യമുള്ള ഒരു പെൺകുട്ടി അവനെ പരിചയപ്പെടുന്നത്. പ്രകൃതി മനോഹരമായ ഗ്രാമത്തിൽ നിന്നും കൃത്രിമ സൗന്ദര്യമുള്ള നഗരത്തിലെ കോളേജിലേക്ക് ചേക്കേറിയ അമ്മു എന്ന ആ പെൺകുട്ടി അങ്ങനെ അവന്റെ ജീവിതത്തിലേക്ക് കടന്നുവരികയായിരുന്നു. അവർ തമ്മിൽ കാണാത്ത ദിവസങ്ങളില്ല. സംസാരിക്കാത്ത ദിവസങ്ങളില്ല. അങ്ങനെ ജീവിതത്തിലാദ്യമായി സൗഹൃദത്തിന്റെ മാധുര്യംമെന്താണെന്നറിയുകയായിരുന്നു.

ആ സുഹൃത്ബന്ധത്തിനതിരുകളില്ലായിരുന്നു. സ്വാർത്ഥതയില്ലായിരുന്നു. കളങ്കമില്ലായിരുന്നു. അവന്റെഎയെല്ലാ പ്രശ്നങ്ങളും കേൾക്കനും അതിനുള്ള പോംവഴികൾ കണ്ടുപിടിക്കാനുമവൾ തയ്യാറായി. അങ്ങനെ അവൾ അവനൊരു സാന്ത്വനമായി. ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട എന്ന തത്വം ആ സുഹൃത്തുക്കളെസംബന്ധിച്ചിടത്തോളമത്രേ യാഥാർത്ഥ്യമായിരുന്നു. എന്തിനും അവൾ അവന് ധൈര്യം പകർന്ന് കൊടുത്തു. അതുപോലെ അവൾക്കും അങ്ങനെ സംഖവും ദു:ഖവും പങ്കിട്ടുകൊണ്ട് ആ സഹൃദ്ബന്ധം കൂടുതൽ ദൃഢമായിക്കൊണ്ടിരുന്നു. പകെഷ കാമ്പസ്സിനുള്ളിൽ അവർ ചർച്ചാവിഷയമാകുകയായിരുന്നു. പലരും ആ ബന്ധത്തെ ദുർവ്യഖ്യാനം ചെയ്തു. പക്ഷേ അതവർ ശ്രദ്ധിച്ചിരുന്നില്ല. കാരണം തെറ്റുചെയ്തിട്ടുള്ളവർക്കല്ലേ ഭയക്കേണ്ടതുള്ളു. അവരുടെ ആ നിഷ്കളങ്കമായ ഹൃദയത്തിലങ്ങനെയൊരു തെറ്റിധാരണ മറ്റുള്ളവരിലുണ്ടാകുമോയെന്നുപോലും ചിന്തിച്ചിരുന്നില്ല. അവരെപ്പോലെയായിരിക്കും മറ്റുള്ളവരുമെന്നു കരുതിയവർ ആ ബന്ധം തുടർന്നുകൊണ്ടിരുന്നു. കഴിഞ്ഞകാലത്തെക്കുറിച്ചോർത്തിരുന്ന സുനിൽ ബസ്സ്റ്റാന്റിൽലെത്തിയ വിവരമറിഞ്ഞില്ല. ബസ്സ്റ്റാന്റിലെ മറ്റു വാഹനങ്ങളുടെ ഹോണടികേട്ടാണ് സുനിൽ ചിന്തകളിൽനിന്നും വിമുക്തനായത്. മരവിച്ച മനസസുമായി ബസിറങ്ങി വീട്ടിലേക്ക് യാത്രയായി....

വീട്ടിലെ അവന്റെ കിടക്കയിൽ വസ്ത്രണ്ണപോലും മാറ്റാതെ തളർന്നുകിടന്നപ്പോഴാണവൻ ആ മാവിൻ ചുവട്ടിൽ വച്ച് കിട്ടിയ കത്തിനെപറ്റിയോർത്തത്. പെട്ടെന്ന് ആ കത്തെടുത്തു പൊട്ടിച്ചു. നല്ല പരിചയമുള്ള കൈപ്പട. അമ്മുവിന്റേതായിരുന്നു അത്. മരിക്കുന്നതിനുമുമ്പ് അവളെഴുതിയതാണ്. ആ കത്തിലെ വാർത്തയവനെ തളർത്തിക്കളഞ്ഞു. അവൻ കാരണമാണവൾ മരിച്ചതെന്ന്! അവരുടെയാ സുഹൃത്ബന്ധത്തെക്കുറിച്ചുള്ള തെറ്റായ വ്യഖ്യാനങ്ങളാരോ വീട്ടിൽ പറഞ്ഞുവത്രേ? ജാതിയിൽ അവർത്തമ്മിൽ വ്യത്യാസമായതിനാൽ വീട്ടുകാർ അവളെ യാത്തിരിതല്ലിയിരിക്കും. ഇനി പഠിക്കാൻ പാടില്ലാ എന്ന് പറഞ്ഞത്രേ. നാട്ടിലും വീട്ടിലും ദുഷ്പേര് ലഭിച്ചതിനാലും ഇനി കോളേജിലേക്ക് വരാൻ കഴിയാഞ്ഞതിനാലും, ഈ സുഹൃതബന്ധം തുടരാൻ കഴിയാത്തിനാലുമാണത്രേ അവൾ ആത്മഹത്യ ചെയ്യതെന്നുമാണ് ആ കത്തിലുണ്ടായിരുന്നത്. അവനാവാർത്ത സഹിക്കാൻ കഴിയാത്തതായിരുന്നു. താൻകാരണം നിഷ്കളങ്കമായൊരു പെൺകുട്ടിയുടെ ജീവിതമില്ലാതാക്കിയല്ലോയെന്ന കുറ്റബോധമവനെ തളർത്തിക്കളഞ്ഞു. സൗഹൃദത്തിന്റെ മാധുര്യം അന്നുവരെ നുകരാൻ കഴിയാതിരുന്നവന് അങ്ങനെയൊരു മാധുര്യം നുകരാൻ അവസരം കിട്ടിയപ്പോൾ വധിയവനോട് ക്രൂരമായി പെരുമാറി. അവനിപ്പോഴുമൊരുത്തരം കിട്ടാത്തചോദ്യമുണ്ട്. എന്തിനിങ്ങനെ ശിക്ഷിക്കുന്നു? എന്തുതെറ്റാണ് ഞാൻ ചെയ്തത്?

സ്ത്രീപുരുഷന്മാർ തമ്മിൽ പ്രേമമെന്ന ഒറ്റബന്ധം മാത്രമേയുള്ളതിനുമപ്പുറത്ത് വിശാലമായ സൗഹൃദം എന്ന ബന്ധത്തിനീ സമൂഹം നൽകുന്നപേര് പ്രേമമെന്ന് തന്നെയാണോ? കാപട്യം നിറഞ്ഞലോകത്തെയവൻ വെറുത്തു. യുവാവും യുവതിയും തമ്മിൽ സംസാരിച്ചാൽ അതിനെപ്പറ്റിതെറ്റായി വ്യഖ്യാനിക്കുന്നയീ സമൂഹത്തെയവൻ വെറുത്തു. സൗഹൃദവും പ്രേമവും രണ്ടും രണ്ടല്ലേ? മനസ്സിലാകുന്നില്ല. എന്തൊരു ലോകമാണിത്. തെറ്റിധാരണ നിറഞ്ഞലോകത്തെയവൻ ശപിച്ചു. ജന്മം നൽകിയവരോടുള്ള കടപ്പാടുകൾ വീട്ടാൻ വേണ്ടിമാത്രത്യ ജീവിക്കാൻ തീരുമാനിച്ചു. ഒരുപോള കണ്ണടയ്ക്കാതെ ആശുപത്രിയിൽ പോസ്റ്റുമാർട്ടത്തിനായി വെട്ടിമുറിക്കുന്ന തന്റെ ആത്മസുഹൃത്തിനെക്കുറിച്ചോർത്തുകിടന്നപ്പോഴാണവൻ മേശപ്പുറത്തിരിക്കുന്ന പൂക്കളെക്കണ്ടത്. അപ്പോഴാണാനവനോർത്തത് നാളെയവളുടെ ജന്മദിന്മായിരുന്നെന്നും അതിനായി വാങ്ങിയ സമ്മാനമാണ് ആ കവറിനുള്ളിലെ പൂക്കളെന്നും. എപ്പോഴും പൂക്കളവൾക്കിഷ്ടമായിരുന്നു. അതിനാലാണവൻ ജന്മദിനസമ്മാനമായി അവൾക്കിഷ്ടപ്പെട്ട കുറേ തരം പൂക്കൾ വാങ്ങിയത്. നാളെ കോളേജിൽ വരുമ്പോൾ കൊടുക്കാനായി വെച്ചിരുന്ന ആ പൂക്കളെടുത്തവൻ കിടക്കയിൽ വച്ചു. കുറേനേരമാപൂക്കളെ നോക്കിയിരുന്നപ്പോൾ കണ്ണിൽനിന്നും ജലകണങ്ങളതിലടർന്നു വീണുകൊണ്ടിരുന്നു. കണ്ണുനീരിന്റെ നനവാലാപൂക്കൾ വാടാതിരുന്നു. മരണമണിമുഴങ്ങും പോലെ ക്ലോക്കിടസ്സിടെ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. പിന്നെ സെക്കന്റ് സൂചിയുടെ ശബ്ദവും, അവന്റെ ഹൃദയമിടുപ്പുംതമ്മിൽ മത്സരിച്ചുകൊണ്ടേയിരുന്നു. പ്രഭാതം വരെ.

ചരമദിനസമ്മാനമായി മാറിയ ആ ജന്മദിനസമ്മാനവുമായി രാവിലെയവൻ ശ്മശാനത്തിലേക്ക് യാത്രയായി. അടുക്കിവെച്ച വിറകിനുമുകളിലവളുടെ ശവശരീരമെടുത്തുവയ്ക്കുന്നതവൻ ദൂരെ നിന്നുകണ്ടു. ആ നിഷ്കളങ്കമായ മുഖമൊന്നുകൂടെ കാണണമെന്നുണ്ടായിരുന്നു. പക്ഷേ വയ്യ! ശവശരീരത്തിനുമുകളിൽ വീണ്ടും വറകുകളടിക്കിയിട്ടു. കത്തുന്ന പന്തവുമായി ചിതയ്ക്ക് തീ കൊളുത്തുന്ന കാഴ്ച. പന്തം പോലെയെരിഞ്ഞുനിന്നയവന്റെ മനസ്സിന് കാണാനുള്ള ശക്തിയില്ലാതെ കണ്ണുമടച്ച് പ്രാർത്ഥിച്ചുകൊണ്ടുനിന്നപ്പോൾ ആ പ്രാർത്ഥന ഫലിച്ചതുപോലെ പെട്ടെന്ന് ആകാശം കാർമേഘങ്ങളാൽ മൂടപ്പെട്ടു. പ്രകൃതിപോലും ദുഃഖം രേഖപ്പെടുത്തുകയാണെന്നവന് തോന്നി. പെട്ടെന്ന് മഴമാറാൻ തുടങ്ങിയപ്പോൾ കൂട്ടംകൂട്ടമായി ആൾക്കാർ പിരിഞ്ഞു. മഴ ശക്തി പ്രാപിച്ചുകൊണ്ടേയിരുന്നു. അവൻ ആ ചിതയ്ക്കരികിൽ വന്നുനിന്നു. ആ പുഷ്പങ്ങൾ ചിതയിലേക്ക് വച്ചു. പക്ഷേ ആ മഴയ്ക്കക് ആ ചിതയോ, അവന്റെ മനസ്സിന്റെയെരിയലിനേയോ ശമിപ്പിക്കാൻ കഴിഞ്ഞില്ല. അങ്ങകലെനിന്നപ്പോഴും വേദമന്ത്രധ്വനികൾ മുഴങ്ങിക്കൊണ്ടേയിരുന്നു. ചാമ്പലായി മാറിക്കൊണ്ടിരിക്കുന്ന അമുവിനെ നോക്കി നിന്നവൻ പ്രകൃതിയുടെ വികൃതി അറിഞ്ഞില്ല. ഇടിയും, മഴയും കാറ്റുമൊക്കെയുണ്ടായിട്ടുമവനറിഞ്ഞില്ല. പുറത്തുകത്തുന്ന ചിതയും അകത്ത് കത്തുന്ന മനസ്സും മാത്രമേയവന് കാണാൻ കഴിഞ്ഞുള്ളൂ. ആകാശത്തേക്കുയരുന്ന അമുവിന്റെ ആത്മാവിനോടൊപ്പം സുനിലിന്റെ മനസ്സും അനന്തമായ മറ്റൊരു ലോകത്തേക്ക് പറന്നുകൊണ്ടേയിരുന്നു. മനം നിറയെ അന്ധകാരംമൂടിയ സുനിലിനെ ആ ചിതയിൽ നിന്നുതിർന്ന ധൂമപടലങ്ങൾ മറയ്ക്കപ്പെട്ടു...... പിന്നെ അന്ധകാരം മാത്രമെങ്ങും...... ●



## Execution of Stock Market Orders

We have tie ups with intermediaries in all Stock Exchanges of India, and can ensure, execution of orders - to buy or sell- any listed stocks, shares or debentures and that too at a normal brokerage.

## Portfolio Management Scheme* - Alpha

An innovative and unique scheme aimed at discerning and demanding Investors, irrespective of the quantum they intend to invest.

The quarterly report you receive keeps you informed of all transactions, expenses and status of your portfolio.

* Subject to the approval of SEBI.

## Portfolio Restructuring

Our expertise and constant monitoring, can reconstruct your portfolio to an optimal mix.

The monthly reports we provide reduce your risks and enhance your returns by weeding the 'dud' and diversifying your investment spectrum from firm to firm and industry to industry.

## Portfolio Review

You might have fallen in love with a particular scrip and your prejudice may ultimately lead to losses.

As a one time affair, this service helps you to revampen and rejuvenate your portfolio.

## Prime Market Services

We will screen the market for you, and will rate new issues. The information we provide helps you to choose the appropriate issue.

## Pentagon Investors Club

Sponsored by PENTAGON, the Club arranges for SPOT SALES among members, every week.

## Investment Advice

You do not have either the time or the expertise to make informed investments, and it is the right time now, you feel, to tap the potential.

Based on our sophisticated Data Base and professional analysis, the advice we provide helps you to spot the emerging Blue Chips.





## News Letter - Share Game

A fortnightly publication covering the manifold aspects of Capital Markets.

Totally unbiased and explorative, it guides you to invest intelligently

## Cable Scrips - Telegram/ Telephone/Telex/Fax

Timing of purchase is vital.

Cable Scrips take you ahead of others, making you the privileged one to get the timely advice to buy, every month, a growth oriented scrip before others could even dream of it.

We make our earnest effort, using entirely different analytical criteria, to see that the scrips we recommend appreciate 100 percent within the span of an year.

## Strategic and other Services

Assignments requiring market research, inter-firm comparisons, identification of new projects and formulation of business strategies, mergers, take-overs, etc are undertaken for Corporate clients.

PENTAGON (INDIA) FINANCIAL SERVICES LTD

Rega Office 3rd Floor MBCC, CSI Buildings, M. G. Road, Trivandrum 695 001
Admn. Office XV/181 IInd Floor, A. G. Nagar, Q. S. Road, Kollam 691001
Phone : 72770. Fax : 0474 - 76201. Telex : 0886 - 333 TAAS IN




# CENTRAL INSTITUTE OF TECHNOLOGY

KAPPALANDI MUKKU, NEAR S. N. COLLEGE Jn., KOLLAM-691001

*Branch :* PALACE ROAD, ATTINGAL-695101

## COURSES

★ BASIC ★ COBOL ★ PASCAL ★ FORTRAN ★ DATA ENTRY & WORD PROCESSING ★ LOTUS 1-2-3 ★ d Base III ★ OPERATING SYSTEM ★ DIPLOMA IN OFFICE AUTOMATION ★ COMPUTERISED BUSINESS MANAGEMENT DIPLOMA IN COMPUTER SCIENCE

റയിൽവേ, വിമാനത്താവളങ്ങൾ, വാർത്താവിനിമയ കേന്ദ്രങ്ങൾ, തൊഴിൽശാലകൾ, വ്യവസായ സ്ഥാപനങ്ങൾ, ബാങ്കുകൾ, ഷിപ്പിംഗ് കമ്പനികൾ, പത്രസ്ഥാപനങ്ങൾ, എണ്ണക്കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ധാരാളം തൊഴിലവസരങ്ങളുള്ള **( ഇൻഡ്യയിലും വിദേശങ്ങളിലുമുള്ള )**

## TELEX-TELEPRINTER and P.B.X. (Telephone) OPERATORS COURSE

നടത്തപ്പെടുന്ന കൊല്ലത്തെ ഏകസ്ഥാപനം.

BOTH THEORY AND PRACTICAL CLASSES HANDLED BY EXPERTS ★ ADMISSION FOR BOYS AND GIRLS ★ MORNING AND EVENING BATCHES ★ QUALIFICATION ▸ S.S.L.C. ★

# മയക്കുമരുന്നും യുവജനങ്ങളും



ജയകുമാർ. എൽ
രണ്ടാം വർഷ സസ്യശാസ്ത്രം

ആധുനിക മനുഷ്യൻ അക്ഷമനാണ്. അവൻ അസ്വസ്ഥനുമാണ്. എന്തുകാര്യവും അവന് ഞൊടിയിടകൊണ്ട് സാധിച്ചുകിട്ടണം. ക്ഷമാപൂർവ്വമായ യത്നങ്ങൾക്കൊന്നും നേരമില്ല. ഇതിനൊക്കെയായി അവൻ കുറുക്കുവഴി തേടുന്നു. അങ്ങനെ ആ കുറുക്കുവഴികൾ അവനെ ഫലപ്രാപ്തിയിൽ കൊണ്ടെത്തിച്ചില്ലെങ്കിൽ അവൻ ചിലപ്പോൾ മയക്കുമരുന്നിന്റേയും മദ്യത്തിന്റേയും കരാളഹസ്തങ്ങളിൽ ചെന്നുപ്പെടുന്നതായി നമുക്ക് കാണാൻ കഴിയും. പിന്നീട് പതുക്കെ മനുഷ്യൻ ഇവയ്ക്ക് അടിമയാകും.

ചിലപ്പോൾ ചിലർ വെറുമൊരു കമ്പനിക്ക് വേണ്ടി ഉപയോഗിക്കും. പിന്നെ അതില്ലാതെ വയ്യന്നാകും. ഇങ്ങനെ കുറേനാൾ കഴിയുമ്പോൾ ഇതിനെക്കാൾ വീര്യം കൂടിയ സാധനം തിരക്കി അവന് അലയേണ്ടിവരും. ഇതിൽനിന്നും ഒരിക്കലും രക്ഷപ്പെടാൻ കഴിയാതെ അവന്റെ ജീവിതം തന്നെ നശിച്ചെന്നുവരാം.

ഇന്ന് ചെറുപ്പക്കാരാണ് മയക്കുമരുന്നിന് ഏറ്റവും കൂടുതൽ അടിമപ്പെടുന്നവർ (ഇതിൽ വിദ്യാർത്ഥികളും ഉണ്ടാകും). മയക്കുമരുന്നിന്റെ ദുരന്തഫലങ്ങളെക്കുറിച്ച് പഠിച്ച് അവയുണ്ടാക്കുന്ന പ്രശ്നങ്ങൾ ദേശീയ ഗവണ്മെന്റിന്റെ സഹായത്തോടെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ദേശാന്തരതലത്തിൽ ഒരു പ്രത്യേക വിഭാഗം തന്നെ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം ഇന്ന് വഴിമുട്ടി നിൽക്കുന്നുവോ എന്നുള്ള സംശയം വളരെ വലുതാണ്. ഇന്ന് കലാലയങ്ങളിൽപോലും മയക്കുമരുന്നിന്റെ കടന്നുകയറ്റം ഉണ്ടാകുന്നത് തടയേണ്ടതാണ്.

കലാലയങ്ങളിൽ മയക്കുമരുന്നിന്റെ കടന്നുകയറ്റം അവസാനിപ്പിക്കാൻ വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും അദ്ധ്യാപകരേയും സാംസ്കാരിക നേതാക്കൻമാരേയും ഉൾപ്പെടുത്തി വിശാലവും നിരന്തരവുമായ ഉദ്ബോധന പരിപാടികൾ പ്ലാൻ ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മുടെ സാംസ്കാരിക പൈതൃകത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് നല്ലരീതിയിൽ പ്രവർത്തനങ്ങൾ ശക്തമാക്കിയെങ്കിൽ മാത്രമേ യുവജനങ്ങളിലുള്ളതെറ്റിനെ തുടച്ചുനീക്കാൻ കഴിയൂ. ഇവിടെ മയക്കുമരുന്നുകളുടെ മാരകമായ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ യുവജനങ്ങളിൽ വളർത്തിയെങ്കിൽ മാത്രമേ അവർക്കിതിനോടുള്ള താല്പര്യം കുറയൂ. കലാലയങ്ങളുടെ ചുറ്റുപാടുകളിൽ പോലും മയക്കുമരുന്ന് കച്ചവടം നടത്താൻ സാമൂഹ്യവിരുദ്ധൻമാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. മയക്കുമരുന്നിന്റെ വില്പനയും വിതരണവും ഗുരുതരമായ കുറ്റകൃത്യമാണെന്നും അതിന്റെ ശിക്ഷ വലുതാണെന്നും ബഹുജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയണം

കുടുംബത്തിലുണ്ടാകുന്ന പ്രശ്നങ്ങളും തൊഴിലില്ലായ്മയും ഒക്കെയാണ് യുവജനങ്ങളെ മയക്കുമരുന്നിന് അടിമയാക്കുന്നത് എന്നൊരു ന്യായം നിലവിലിരിക്കുന്നുണ്ട്. എന്നാൽ ഇത് തെറ്റാണ്. ഒരു മനുഷ്യൻ ജീവിതത്തിന്റെ എല്ലാ കയ്പുനിറഞ്ഞ അനുഭവങ്ങളും തരണം ചെയ്ത് മുന്നേറുകയാണെങ്കിൽ ആ ജീവിതം ആസ്വാദ്യമായിരിക്കും. മയക്കുമരുന്നുകളിൽ കൃത്രിമദ്രവ്യങ്ങളുടെ കൂട്ടത്തിൽപ്പെടുന്ന ആസ്പിരിൻ, ഡയാസെപം, ഡൈ എത്തിലാമൈഡ്, ടുയ്നൽ, ഗാർഡിനൽ തുടങ്ങി ഒരു നീണ്ടനിര തന്നെയുണ്ട്. അതുപോലെ പ്രകൃതിദത്തവും അർദ്ധ കൃത്രിമവുമായ ഹെറോയിൻ, തെബായിൻ, കഞ്ചാവ്, ചരസ് മെത്തഡൻ ഇവയും ചെറുപ്പക്കാരെ വഴിതെറ്റിക്കുന്നവയാണ്. ഇന്ന് യുവതികളിലും മയക്കുമരുന്നിന്റെ സ്വാധീനം വർദ്ധിച്ചു വരുന്നതായി കാണാൻ കഴിയും.

ഇവിടെ മയക്കുമരുന്നിന്റെ ഉപയോഗം മൂലം തകർന്നുകൊണ്ടിരിക്കുന്ന ചെറുപ്പക്കാരേയും അവരുടെ അദ്ധ്വാനത്തേയും ഈ രാജ്യത്തിന് ആവശ്യമുള്ളതാക്കി മാറ്റണമെങ്കിൽ ആദ്യം മയക്കുമരുന്നുകളുടെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കണം. പിന്നീട് അവ നശിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ എടുക്കണം. മയക്കുമരുന്ന് സൂക്ഷിക്കുന്നതും അത് വിതരണം ചെയ്യുന്നതിനും തക്കതായ ശിക്ഷ നൽകിയെങ്കിൽ മാത്രമേ രക്ഷയുള്ളൂ കൂടാതെ മയക്കുമരുന്നിന് അടിമപ്പെട്ടവരെ രോഗികളെ സംരക്ഷിക്കുന്നതുപോലെ പുനരധിവസിപ്പിക്കേണ്ടതും ആവശ്യമാണ്. ചെറുപ്പക്കാരേയും വിദ്യാർത്ഥികളേയും ബോധവാന്മാരാക്കുന്ന സെമിനാറുകൾ ശാസ്ത്രജ്ഞന്മാരേയും സാംസ്കാരിക നായകന്മാരേയും മറ്റും ഉൾപ്പെടുത്തി നടത്തിയാൽ മയക്കുമരുന്നിന്റെ വിതരണരംഗത്ത് തകർച്ചയുണ്ടാക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയം വേണ്ട.

# COMPRO

INSTITUTE
OF
COMPUTER
EDUCATION

SN. College Jn
Kollam

ചന്ദനത്തോപ്പ്

ബാലികമാരുടെ മുടി
ബോബ് ചെയ്തുകൊടുക്കപ്പെടും

# THE TOWER

POST GRADUATE
STUDY CENTRE
NEAR. SN. WOMEN'S
COLLEGE, KOLLAM

MA
MALAYALAM
ENGLISH
HINDI
HISTORY
ECONOMICS
SOCIOLOGY

and MCom

40 lectures including
25 Rtd. Professors

DIRECTOR - Vaisyanazhikom
Shyam Mohan.

# സാക്ഷരതാ ഗീതം

നാസർ.H
II.BCom

കോമളപാതയിതൊന്നേ തുറന്നു
കേവലമിന്നീ നമ്മൾ പഠിപ്പൂ
കാണുവതൊക്കെയും കാരണം വ്യക്തം
കാണാത്തതൊക്കെയും ശൂന്യം സമസ്തം
തേടുവാനെന്തീ മർത്ത്യനിന്നാട്ടിൽ
തേനും തിനയും നിറഞ്ഞൊരുപാതയൊ
താരുണ്യസമ്പത്തു പൂക്കുന്നൊരാനനസൗധമോ
അന്ധത തിങ്ങുമീ പാതയെ വർജ്ജിപ്പൂ
അക്ഷരദീപം കൊളുത്തുക കൂട്ടരെ
അക്ഷരജാലമതൊത്തീടുകിലി-
നക്ഷയജ്ഞാനമതെന്നറിയേണം
അന്ധത നീക്കുമൊരായുധ മതുതാൻ
വ്യർത്ഥതപോക്കും വെളിപാടതുതാൻ
നിത്യതനൽകും നൃതുവുംമതുതാൻ
നിറപറയേകി നിറ കതിരേകി നിറയും ആശകൾ
പകുത്തു നൽകി ജീവിതയാത്രയിൽ
വള്ളപ്പടിയിൽ നിൽക്കുമ്പോൾ
ഓളം തുള്ളും പുഴയുടെയോരംചേർന്നു
നടക്കുമ്പോൾ കഥകൾക്കായ് കാതോർക്കാം
അമർന്നുറങ്ങും നിലവറയൊക്കെ
തുറന്നു നമ്മൾ കടന്നീടും
അസ്ഥിച്ചെപ്പുകളിലന്തിയുറങ്ങും
സംസ്കൃതിയൊക്കെ തുറന്നു നമ്മൾ മുകർന്നീടും
ചുരന്നു നിൽക്കുമൊരറിവുകളൊക്കെ
ചിരത്തി നമ്മൾ കറന്നീടും.
അജ്ഞതയെന്നൊരന്ധതയിന്നൊരു
വന്ധ്യതയായി പടരുമ്പോൾ
നവയുഗനാവുകളിലൊരുയുഗകാഹളമുയരുന്നു
നമ്മൾ പഠിപ്പൂ നമ്മൾ പിടിപ്പൂ
ഇന്നീ മണ്ണിൽ സംസ്കാരം.



# ഒരു പൂമൊട്ടിന്റെ കഥ



ഷമനാ യൂസുഫ്

ഒന്നാം വർഷ പ്രീഡിഗ്രി

മദ്ധ്യാഹ്ന സൂര്യന്റെ കിരണങ്ങളേറ്റ് ആ ചെറിയ വീടിന്റെ പൂമുഖം കൂറെക്കൂടി മനോഹരമായി. ഏതാനും വളർത്തു ചെടികൾ പൂമുഖത്ത് കാണാം. ആ വീട്ടിലെ ഗൃഹനായികയും അദ്ധ്യാപികയും കൂടിയായ സുഭദ്ര അവരുടെ ഇളയകുട്ടിയെ പഠിപ്പിക്കുന്നു. എന്നാൽ മിനിമോളുടെ മനസ്സ് നിറയെ കോളേജ് വിദ്യാർത്ഥിനിയായിരുന്ന ലിസിച്ചേച്ചി വച്ചു പിടിപ്പിച്ച റോസ് ചെടിയിലായിരുന്നു. "ഹാ, എന്നായിരിക്കും ഈ റോസാച്ചെടിയിൽ ഒരു പൂവ് പിടിക്കുക" മിനിമോൾ ഉറക്കമുണർന്നാൽ ആദ്യം ചെല്ലുന്നത് ആ ചെടിയുടെ ചുവട്ടിലായിരിക്കും. അവൾ നിരാശനായി മടങ്ങും.

വിദേശത്തായിരുന്ന മിനിമോളുടെ അച്ഛൻ പണിതുകൊടുത്ത ആ ചെറിയ പൂന്തോട്ടത്തിൽ അവളൊരു തുമ്പിയെപ്പോലെ പറന്നു നടന്നു. മിനിമോൾ എന്നും സ്കൂളിലേക്ക് പോകുമ്പോൾ അവളുടെ കയ്യിൽ ഒരു പൂവ് കാണുമായിരുന്നു. സഹപാഠികൾക്കോ, ടീച്ചർമ്മാർക്കോ ആ പൂവ് സമ്മാനിക്കുക പതിവായിരുന്നു. പഠിത്തത്തിലും മിടുക്കിയായിരുന്ന മിനിമോൾ ടീച്ചർമ്മാരുടേയും സഹപാഠികളുടേയും ആ സ്കൂളിന്റെ തന്നെ പ്രിയങ്കരിയായി മാറി

ഒരു സുപ്രഭാതത്തിൽ ലിസിച്ചേച്ചി നട്ടുപിടിപ്പിച്ച ആ ചെടിയിൽ ഒരു പൂമൊട്ട് കണ്ടു. അവളേറെ സന്തോഷവതിയായി സ്കൂളിലേക്ക് മടങ്ങി. മിനിമോൾ തന്റെ സഹപാഠികളോട് ആ പൂമൊട്ടിന്റെ കാര്യം പറഞ്ഞു.

പിറ്റേന്ന് മിനിമോൾ ചെന്നുനോക്കിയപ്പോൾ ആ പൂമൊട്ട് വിരിഞ്ഞു നില്ക്കുന്നു. അവൾ അമ്മയോടും ചേച്ചിമാരോടും ചെന്നുപറഞ്ഞു. അപ്പോൾ ചേച്ചി താക്കീത് നൽകി. 'ആ പൂവ് പറിക്കരുത്' അത് മിനിമോളെ വിഷമിപ്പിച്ചു. എങ്കിലും കാര്യമാക്കാതെ മിനിമോൾ പൂ പറിച്ചുകൊണ്ട് പതിവിലും നേരത്തേ സ്കൂളിലേക്ക് പോയി. അവളുടെ ഇഷ്ടപ്പെട്ട കൂട്ടികാരിയ്കക് ആ പൂവ് സമ്മാനിച്ചു. സന്തോഷവതിയായി മിനിമോൾ വീട്ടിലേക്ക് മടങ്ങി.

മിനിമോൾ വീട്ടിലെത്തിയപ്പോൾ മുറ്റത്ത് കയ്യിൽ വടിയുമായി രോഷാകുലയായി നിൽക്കുന്ന ചേച്ചിയെയാണ് കണ്ടത്. ചേച്ചി മിനിമോളോടു ചോദിച്ചു "നിന്നോട് പൂ പറിയ്ക്കാൻ ആരു പറഞ്ഞു?" എന്നി ചോദിച്ചു കൊണ്ട് കുറെ പ്രഹരിച്ചു മാത്രമല്ല ആ ചെടികൂട്ടത്തിലേക്ക് തള്ളിയിടുകയും ചെയ്തു. മിനിമോളുടെ കരച്ചിൽകേട്ട് അമ്മ ഓടിയെത്തുമ്പോൾ മിനിമോളുടെ ശരീരത്തിൽനിന്ന് ചെടിയുടെ മുള്ളുകൾ കൊണ്ട് രക്തം പൊടിച്ചിരുന്നു. അമ്മ ചേച്ചിയെ വഴക്കുപറഞ്ഞുകൊണ്ട് മിനിമോളെ സമാശ്വസിപ്പിച്ച്. അന്ന് മിനിമോൾ ആഹാരം കഴിക്കാതെ കിടന്നുറങ്ങി.

രാത്രിയായപ്പോൾ ഉറങ്ങിക്കിടന്ന മിനിമോളുടെ ഞരക്കം കേട്ട് ചേച്ചിചെന്ന് നോക്കുമ്പോൾ മിനിമോൾക്ക് നല്ല പനിയുണ്ടായിരുന്നു. മാത്രമല്ല ആ കുട്ടി ചേച്ചി, ഇനി ഞാൻ പൂപറിക്കില്ല എന്ന് പുലമ്പിക്കൊണ്ടിരുന്നു. മിനിമോളുടെ ആ വാക്കുകൾ ചേച്ചിയെ വല്ലാതെ വേദനിപ്പിച്ചു. ചേച്ചി പൊട്ടിക്കരച്ഞു. അപ്പോഴേക്കും അമ്മ അവിടെയെത്തി. മിനിമോളുടെ ഭാവപകർച്ചകൾ കണ്ട് അമ്മ അമ്പരന്നു. മിനിമോളെ ഉടനെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി.

അർദ്ധരാത്രി ആയപ്പോഴേക്കും മിനിമോളുടെ സ്ഥിതി ആകെ മോശമായിക്കൊണ്ടിരുന്നു. ഇതിനിടയിൽ വളരെ അവശനിലയിലായ മിനിമോൾ "അച്ഛാ, അച്ഛാ" എന്ന് വിളിച്ച് കൊണ്ടിരുന്നു. ഉടനെ അച്ഛന് ഫോൺ ചെയ്തു. മിനിമോളുടെ എല്ലാമെല്ലാമായിരുന്ന അച്ഛൻ ഓടിയെത്തിയപ്പോഴേക്കും മിനിമോളുടെ ജീവൻ പറന്നകർന്നിരുന്നു. അപ്പോൾ ആ ഹോസ്പിറ്റൽ മുറിയിൽ നിന്ന് കൂട്ടനിലവിളി ഉയർന്നു.

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം ലിസിചേച്ചി മിനിമോളുടെ ശവക്കല്ലറയ്ക്ക് സമീപം ചെന്നപ്പോൾ അതിനു ചുറ്റും നിന്നിരുന്ന റോസാപ്പൂക്കൾ കാറ്റിൽ ആടികൊണ്ട് നിലക്കുന്നതാണ് കണ്ടത്. അപ്പോൾ ലിസിച്ചേച്ചി മിനിമോളുടെ വിലാപവാക്യങ്ങൾ ഉയർന്നുവരുന്നതായി തോന്നി.

ഇന്നും ആ ചെറിയ മിനിമോളുടെ പൊട്ടിച്ചിരികൾ ഉയർന്നു നിന്നു. ●

# പൊരുതുന്ന ക്യൂബയ്ക്ക് ഐക്യദാർഢ്യം

സുനിൽ കെ.പി
രണ്ടാംവർഷസസ്യശാസ്ത്രം

അമേരിക്കൻ ഐക്യനാടുകളിൽപ്പെടുന്ന ഒരു കൊച്ചു രാഷ്ട്രമായ ക്യൂബ. കേരളത്തോളംപോലു വലിപ്പമില്ലാതെ വെറും 45 ലക്ഷം വരുന്ന ജനങ്ങൾ കരിമ്പ് കൃഷിയെ ആശ്രയിച്ചുള്ള ജീവിതം. സാമ്രാജ്യത്വ കഴുകന്റെ കരങ്ങളിൽപ്പെട്ട് രക്ഷപെടുവാനാവാതെ കഴിയുന്ന ആ കൊച്ചു രാഷ്ട്രത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കാം.

സാമ്രാജ്യത്വത്തിനും, ഫാസിസത്തിനുംമെതിരെയുള്ള പോരാട്ടത്തിൽ മഹത്തായ വിജയംകൈവരിച്ച ക്യൂബ കഴിഞ്ഞ മൂന്നുദശാബ്ദക്കാലമായി കൈവരിച്ച നേട്ടങ്ങളെ തകർക്കുവാനുള്ള ഗൂഢാലോചനയിലാണ് സാമ്രാജ്യത്വ ശക്തികൾ ഏർപ്പെട്ടിരിക്കുന്നത്. ലോകത്ത് തങ്ങളുടെ മേധാവിത്വം പുലർത്താൻ ശ്രമിക്കുന്ന അമേരിക്കൻ സാമ്രാജ്യത്തിനെതിരെ ക്യൂബൻ ജനത നടത്തുന്ന പോരാട്ടം ഒരിക്കലും ഒരു രാജ്യത്തിന്റേതു മാത്രമല്ല അമേരിക്കൻ ഭരണകൂടം ക്യൂബയ്ക്കുമേൽ അടിച്ചേൽപ്പിച്ച ഉപരോധം ഈ നൂറ്റാണ്ടിലെ ഏറ്റവും ഹീനമായ മനുഷ്യാവകാശലംഘനങ്ങളിലൊന്നാണ്. സോവിയറ്റ് യൂണിയന്റെ തകർച്ച അമേരിക്കൻ സാമ്രജ്യത്വത്തിന്റെ കരുത്തനായ പ്രതിയോഗിയെ ഇല്ലാതാക്കിയ അവസ്ഥയാണല്ലോ. അതോടെ അമേരിക്കൻ ഭരണാധികാര വർഗ്ഗത്തിന് ഈ ലോകത്ത് എന്തും കാട്ടാമെന്ന സാഹചര്യം വീണുകിട്ടി. അമേരിക്കൻ ഭരണാധികാരികൾ ഭൂഗോള യജമാനൻമാരായി ചമയുകയാണ്. മറ്റെല്ലാവരും തങ്ങളുടെ അടിമകളോ, കാര്യസ്ഥന്മാരോ എന്ന നിലയിലാണ് അവരുടെ പെരുമാറ്റവും നയപരിപാടികളും. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നാനാവിധവും, നഗ്നവും ചൂഷണത്തിന് അമേരിക്ക ഒഴികെയുള്ള രാജ്യങ്ങളെയും ജനങ്ങളെയും വിധേയമാക്കുകയാണ് അവരുടെ ലക്ഷ്യം. ലോകത്തിലെ ഏറ്റവും വലിയ ആയുധ ആണവശക്തി എന്ന മേന്മ ഉപയോഗിച്ച് കൊണ്ട് ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ സഹായകമായ ഒട്ടനവധി തന്ത്രങ്ങളുടെ വലക്കെട്ടുകൾ അമേരിക്കൻ സാമ്രാജ്യ ഭരണാധികാരികൾ ലോകവ്യപകമായി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരാശിയുടെ മുഖ്യ ശത്രുവാണ് അമേരിക്കൻ സാമ്രാജ്യത്വം. അമേരിക്കയുടെ ഉപരോധംമൂലം ജീവൻരക്ഷാ ഔഷധങ്ങൾ, കുട്ടികളുടെ ഭക്ഷണം, ഡീസൽ, പെട്രോൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങി ഒട്ടനവധി അത്യാവശ്യവസ്തുക്കളുടെ ദൗർലഭ്യം ക്യൂബയുടെ സമ്പദ്ഘടനയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഒരു രാജ്യത്തെ ജനത നരകത്തിലാകുമെന്ന് സ്വപ്നം കണ്ട് കൈകൊട്ടിച്ചിരിക്കുകയാണ് സാമ്രജ്യത്വകഴുകന്മാർ. ഇതെത്ര മനുഷ്യത്വഹീനമാണ്! എന്നാൽ ഇതൊന്നും ക്യൂബൻ ജനതയുടെ ദൃഢ നിശ്ചയത്തെ നിർവീര്യമാക്കുവാൻ പര്യാപ്തമല്ല എന്നത് സുനിശ്ചയം. സാമ്രാജ്യത്വത്തിന്റെ ആവനാഴിയിലെ എല്ലാ ഒളിയമ്പുകളും ക്യൂബയുടെ ചാരിത്ര്യത്തിന് നേരെ പാഞ്ഞ് ചെല്ലുമ്പോൾ ക്യൂബൻ ജനതയെ ഹൃദയത്തോടു ചേർത്തു പിടിച്ചുകൊണ്ട് നാം പറയുന്നു "ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്; ഞങ്ങളുടെ മനസ്സും". മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത, ഒരു സമൂഹം മറ്റൊരു സമൂഹത്തെ കൊള്ളയടിക്കാത്ത ഒരു രാഷ്ട്രമ്പ മറ്റൊരു രാഷ്ട്രത്തെ അടക്കി ഭരിക്കുകയുത്യ, അടിച്ചമർത്തുകയും ചെയ്യാത്ത ഒരു നല്ല നാളെയെ വാർത്തെടുക്കുവാൻ അവിടുത്തെ അവശലക്ഷങ്ങൾ തയ്യാറെടുക്കുമ്പോൾ അക്കൂട്ടത്തിൽ നമ്മളുമുണ്ടാകുമെന്ന് ദൃഢപ്രതിജ്ഞയെടുക്കുക. ക്യൂബയിലെ സഹജാതരോടു മാനവികതയുടെ മനുഷ്യമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് നമുക്കുറക്കെപ്പറയാം " ക്യൂബയിലെ പൊരുതുന്ന അവശലക്ഷങ്ങളേ ഐക്യദാർഢ്യം; ഐക്യദാർഢ്യം" ●



# PRASANTHI

**CORRESPONDENCE AND PARALLEL COLLEGE**

**Near S.N.College, Jawahar Junction**

**Kollam-691 001.**

PDC all groups
BA - Malayalam, History, Economics, Politics (Sub and Main)

BSc - Maths, Physics, Chemistry, Botany (Sub & Main)

B.Com. Accounting and Co-operation

M.A, MCom

Calicut University BA/BCom, Osmania " BA, BCom/MA, MCom
Mysore " , BA, BCom/MA, MCom
S.V " MA / MCOM

## QUILON COMPUTING CENTRE

II MILE STONE KILIKOLLOOR,
KOLLAM-4, TEL: 79869.

A Centre For Software Development & Computer Education

**COMPUTER COURSES**

BASIC, COBOL, FORTRAN
PASCAL, UNIX & C, LISP, PROLOG
ORACLE, dBASE III PLUS
LOTUS 1-2-3 & WORDSTAR

**DIPLOMA COURSES**

1: COMPUTER APPLICATION.
2: COMPUTER HARDWARE MAINTENANCE.
3: P.C. SOFTWARE

Training for Govt. Recognised Certificate Examinations in BASIC, COBOL, FORTRAN, PASCAL, & C conducted by the Computer Society of India (CSI).

Special batches are arranged for college going students and employed people.


ബീഡിക്കറയിൽ കരിഞ്ഞ ഹൃദയത്തി-
ലൂറുന്ന സ്നേഹത്തിനും കൊടുംകയ്പ്പാണു
കീറിപ്പറിഞ്ഞൊരെൻ ചുണ്ടിന്റെ ചുംബനം
പോലും കഠാരതൻ കുത്തലാണെങ്കിലും

ആരോ വരാനായ് തുറന്നു വയ്ക്കാറുണ്ട്
വാതിൽ-വരികില്ലൊരിക്കലെങ്കിലും

-ബാലചന്ദ്രൻ ചുള്ളിക്കാട്-

# ചിരിക്കാനും ചിന്തിക്കാനും.....

അനസ്.കെ.കെ
രണ്ടാം വർഷ
സസ്യശാസ്ത്രം

അതിശയോക്തി –

അസത്യമാവോളം വലിച്ചുനീട്ടിയ സത്യമാണ്

മാരകം –

ഭർത്താവും ഭാര്യയും പരസ്പരം തെറ്റായി മനസ്സിലാക്കുന്നത് ഖേദകരമാണ്. എന്നാൽ പരിപൂർണ്ണമായി മനസ്സിലാക്കുന്നത് മാരകവുമാണ്.

സുഹൃത്ത് –

ഒരു സുഹൃത്താകാൻ പറ്റാത്ത ശത്രുവില്ല

അബദ്ധങ്ങൾ –

അബദ്ധങ്ങൾ എപ്പോഴും അനുഭവജ്ഞാനത്തിന്റെ അടിക്കല്ലായിരുന്നു

മാന്യൻ –

ഒരു മാന്യനെസംബന്ധിച്ചുള്ള മികച്ച പരീക്ഷണഘട്ടം അയാൾക്ക് ശുണ്ഠിവരുമ്പോഴാണ്.

സ്വാതന്ത്ര്യം –

ഭാര്യക്കു പൂർണ്ണമായും വശംവദനായ ഭർത്താവിന് സ്വപ്നം കാണണമെങ്കിൽകൂടി ഭാര്യ ഉറങ്ങണം

ആനന്ദം –

ജീവിതത്തെ ലാഘവത്തോടെ എടുക്കുന്നവർ ആനന്ദം അനുഭവിക്കുന്നു.

ആയുധം –

നുണ പറയുന്നവർ ശണ്ഠകൂടുമ്പോൾ സത്യത്തെ ആയുധമാക്കുന്നു

സുരക്ഷിതത്വം –

ചവിട്ടിതെളിഞ്ഞ വഴിയാണ് സുരക്ഷിതത്വം. പക്ഷെ പുരോഗതിക്കു പുതിയ പാത ചവിട്ടിതെളിക്കണം

അടിമച്ചങ്ങല –

സ്വാതന്ത്ര്യത്തിന്ന് വേണ്ടി വാദിക്കുന്ന അധികംപേരും അടിമച്ചങ്ങലയ്ക്ക് ചായം പൂശുന്നു

സുന്ദരി –

കരയുകയോ ചിരിക്കുകയോ ചെയ്യുന്നതുവരെ ഒരു സ്ത്രീയെ സുന്ദരിയെന്നു വിളിക്കരുത്

ലക്ഷണം –

മനുഷ്യസ്വഭാവത്തിൽ നാം കാണുന്ന വിശിഷ്ട ലക്ഷണങ്ങൾ നായ്ക്കളിലും കുരങ്ങുകളിലും മാത്രമെ തെറ്റാതിരിക്കു

പവിത്രത –

സ്ത്രീയുടെ സാന്നിദ്ധ്യമില്ലാതെ ഒരു വീടിന്നു വീട്ടിന്റെ പവിത്രത കിട്ടില്ല.

COMPLIMENTS

ZIPATA
COLOR
LAB
TOWER JN:
KOLLAM. 691001

ആശംസകൾ

ടി.കെ.എം
കോളേജ് ഓഫ്
ആർട്സ് ആൻ്റ് സയൻസ്

കോ-ഓപ്പറേറ്റീവ്
സൊസൈറ്റി

# കലാകാരന്റെ സാമൂഹ്യപ്രതിബദ്ധത

മലയാള സാഹിത്യവും ലോകസാഹിത്യവും താരതമ്യം ചെയ്യുമ്പോൾ ശ്രദ്ധിക്കപ്പെടേണ്ട ഒന്നുണ്ട്. നമ്മുടെ ചന്തുമേനോൻ 'ഇന്ദുലേഖ' എഴുതുമ്പോൾ പാശ്ചാത്യലോകത്ത് 'ആധുനികത'(modernism) യ്ക്ക് തുടക്കംകുറിക്കപ്പെട്ടിരുന്നു. 1800 കളിൽ ജീവിച്ചിരുന്ന മഹാനായ റഷ്യൻ സാഹിത്യകാരൻ ഡോസ്റ്റോയ്‌വിസ്കി (Dostoyeviski) ദൈവം മരിച്ചു പോയതിനാൽ മനുഷ്യൻ സ്വാതന്ത്ര്യനാണെന്ന് പ്രഖ്യാപിക്കുമ്പോൾ യൂറോപ്യൻ സാഹിത്യലോകത്ത് ആധുനികത പച്ചപിടിച്ചു തുടങ്ങിയിരുന്നു എന്ന് നമുക്ക് അനുമാനിക്കാം.

ഈ കാലഘട്ടത്തിൽ യൂറോപ്പിൽ പ്രത്യേകിച്ച് ഫ്രാൻസിൽ, സാഹിത്യലോകത്ത് പുത്തൻ പ്രസ്ഥാനങ്ങളുടെ ഒരു വേലിയേറ്റംതന്നെയുണ്ടായി. മൂന്നോ നാലോ കലാകാരന്മാർ ഒത്തുചേരുമ്പോൾ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കം കുറിക്കപ്പെടും എന്ന അവസ്ഥ സംജാതമായി. ഈ കാലഘട്ടത്തിലാണ്, നിലനിൽക്കുന്ന എല്ലാറ്റിനെയും തകർക്കണമെന്ന് വാദിക്കുന്ന "ഡാഡായിസവും" നമുക്ക് ഭാവി മാത്രമേ ആവശ്യമുള്ളൂ അതിനാൽ കഴിഞ്ഞകാലഘട്ടത്തെ വിസ്മരിക്കേണ്ടതുണ്ട് എന്ന് വാദിക്കുന്ന 'ഫ്യൂച്ചറിസം' കലയ്ക്ക് ജീവിതവുമായും സമൂഹവുമായും ഭൗതികയാഥാർത്ഥ്യങ്ങളുമായും യാതൊരു ബന്ധവും ഉണ്ടായിരിക്കേണ്ടതില്ല എന്ന് വാദിക്കുന്ന 'സർറിയലിസവും' രൂപപ്പെട്ടത്. ഏതൊരു വസ്തുവിന്റേയും അടിസ്ഥാനരൂപം വൃത്തമോ ചതുരമോ ആയിരിക്കുമ്പോൾ അങ്ങനെയല്ല മറിച്ച്, ക്യൂബാണ് വസ്തുവിന്റെ അടിസ്ഥനരൂപം നിർണ്ണയിക്കുന്നത് എന്ന് സിദ്ധാന്തിയ്ക്കുന്ന ക്യൂബിസം ചിത്രകലയിൽ രൂപമെടുത്തതും ഈ കാലഘട്ടത്തിൽ തന്നെയാണ്.

ഇന്ത്യൻ ചിന്താലോകത്തിന് ഇന്ന് പാശ്ചാത്യമായ ഒരു ഊന്നുവടിയില്ലാതെ നിൽക്കുവാൻ കഴിയില്ല എന്ന അവസ്ഥയാണ്. മലയാളികളുടെ മനസ്സ് പാശ്ചാത്യ ലോകത്തേയ്ക്ക് തിരിച്ചുവച്ച റഡാർ പോലെയാണ്. അതുകൊണ്ട് അവിടെയുണ്ടാകുന്ന ചലനങ്ങൾ ഇവിടെ പ്രതിഫലിച്ചേതീരൂ. ഈ അഭിപ്രായം അർത്ഥവത്താണെന്ന് തെളിയിച്ചുകൊണ്ട് പാശ്ചാത്യലോകത്ത് ആവിർഭാവിച്ച ആധുനികവും മറ്റും ഒ.വി വിജയനിലയൂടേയും എം. മുകുന്ദനിലൂടെയും കാക്കനാടനിലൂടെയും അയ്യപ്പപണിക്കരിലൂടെയും പിന്നെ വിനയചന്ദ്രനിലൂടെയും ഒക്കെയും മലയാള സാഹിത്യലോകത്തേയ്ക്കും എത്തിപ്പെടുകയുണ്ടായി.

എന്താണ് സാഹിത്യം, ഒരു നിർവചനം പറയുകയാണെങ്കിൽ മനസ്സിനെ നവീകരിക്കുന്നത് എന്ന ഒരു വാക്യം അതിൽ ഉണ്ടായിരിക്കും എന്നത് തീർച്ചയാണ്. മനുഷ്യമനസ്സുകളിൽ സാഹിത്യത്തിന് ചെലുത്താൻ കഴിയുന്ന സ്വാധീനം വളരെ വലുതാണ്. എവിടെ ഉപദേശം പരാജയപ്പെടുന്നുവോ അവിടെ സാഹിത്യം വിജയം കൊയ്യുന്നു വെന്ന് പ്രേം ചന്ദ് പറഞ്ഞത് ഇവിടെ സ്മരണീയമാണ്. നല്ല കൃതികൾക്ക് മനുഷ്യമനസ്സിനെ കൂടുതൽ നല്ലതാക്കാൻ കഴിയുമെങ്കിൽ മോശമായ കൃതികൾക്ക് മനുഷ്യനെ കുടിലതകളിലേയ്ക്ക് നയിക്കാൻ കഴിയുന്നു എന്നത് തർക്കമറ്റസംഗതിയാണ്. അതുകൊണ്ടുതന്നെ സാഹിത്യലോകത്തെ പുതിയ ചലനങ്ങളെ, പ്രവണതകളെ നാം വിലയിരുത്തേണ്ടതുണ്ട്. അവ സമൂഹത്തിനെ മുന്നോട്ട്



മിഥിലാജ് എം.എ/ബി.എ 1st year

നയിക്കാൻ പര്യാപ്തമാണോ എന്ന് പഠിക്കേണ്ടതാണ്. അതിനാൽ ഇന്നത്തെ സാഹിത്യത്തിന്റെ മുഖം തന്നെ മാറിയിരിക്കുന്ന മുകുന്ദന്റെയും മറ്റു ഭാഷയിൽ പറഞ്ഞാൽ മലയാളിയുടെ മനസ്സിൽ ഒരു പുതിയ 'സെൻസിബിലിറ്റി' തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞ ആധുനികത ഒരു വിമർശനപഠനം തന്നെ അർഹിക്കുന്നു.

ആധുനികത എന്നാൽ സമൂഹവും വ്യക്തിയും തമ്മിലുള്ള സംഘർഷമാണ്. അല്പം കൂടി വ്യക്തമായ് പറഞ്ഞാൽ സമൂഹത്തിലെ നീതിരാഹിത്യങ്ങളെ, സമൂഹത്തിന്റെ തെറ്റായ പോക്കിനെ, സാംസ്കാരികാധഃപ്പതനത്തെ ഒക്കെകണ്ട് മനസ്സുനീറി, സമൂഹത്തെതള്ളിപ്പറഞ്ഞുകൊണ്ട് വ്യക്തി തന്നിലേക്ക് ഒതുങ്ങുന്നതാണ് പൊതുവായി പറഞ്ഞാൽ ആധുനികതയുടെ പ്രമേയം. ഇങ്ങനെ വ്യക്തിയിലേക്കുള്ള ഒതുങ്ങൽ പലപ്പോഴും മയക്കുമരുന്നിലേക്കും അതിനെ ആദർശവൽക്കരിക്കുന്നതിലേയ്ക്കും എത്തിച്ചേരാറുണ്ട്. നമുക്കാവശ്യം സമൂഹത്തിലെ അസമത്വങ്ങൾ കണ്ടറിഞ്ഞ് തന്നിലേക്കുള്ള ഒതുങ്ങുന്ന വ്യക്തിയെ അല്ല മറിച്ച് സമൂഹത്തിലെ എന്തെന്ന് മനസ്സിലാക്കി അതിനെതിരെ പോരാടാനായി സമൂഹത്തിലേയ്ക്ക് ഇഴുകിച്ചേർന്ന വ്യക്തിയെയാണ്,സമൂഹത്തെ തന്നോടൊപ്പം കൊണ്ടുപോകാൻ ശ്രമിക്കുന്ന വ്യക്തിയെയാണ് ആധുനികതയാകട്ടെ, വ്യക്തിയെ നിഷ്ക്രിയത്വത്വ പഠിപ്പിക്കുകയാണ്,നിസംഗതയ്ക്ക് ആദർശ പരിവേഷം നൽകുകയാണ് ചെയ്യുന്നത്. ഇത് സാമൂഹ്യതിന്മകളിലേക്ക് ഉണരുന്ന വ്യക്തിയുടെ ബോധത്തെ വഴിതിരിച്ചുവിടാനുള്ള പന്ഥാവായാണു വർത്തിക്കുന്നത്. ഒരു പക്ഷേ ഒരു സാഹിത്യകാരന്റെ സൃഷ്ടിയിൽ സ്വന്തം വർഗ്ഗതാല്പര്യങ്ങൾ പ്രതിഫലിക്കുമെന്ന സത്യമാകാം ഇതിനുപിന്നിൽ വർത്തിക്കുന്നത്.

ഇതിന്റെ മറ്റൊരു രൂപമാണ് കലാകാരന് യാതൊരു സാമൂഹ്യ പ്രതിബദ്ധതയും ഉണ്ടായിരിക്കേണ്ടതില്ലെന്ന് പ്രഖ്യാപിക്കുന്ന കല കലയ്ക്ക് വേണ്ടി യെന്നുള്ള വാദം. ഈ വാദത്തിനു പിന്നിലെ ചരിത്രം കൂടി നാം പരിശോധിക്കേണ്ടതുണ്ട്. 18-ാം നൂറ്റാണ്ടുവരെയും കല ദൈവത്തിനുവേണ്ടിയായിരുന്നു. പള്ളിയ്ക്കും പാതിരിക്കും വേണ്ടിയായിരുന്നു. രാജാവിനുവേണ്ടിയുമായിരുന്നു. ചിത്രകലയുടെ ചരിത്രം പരിശോധിച്ചാൽ ഇതു വളരെ വ്യക്തമായി മനസിലാക്കാത്യ. ചിത്രകല എന്ന കലാരൂപം തന്നെ പള്ളികളുടെ അൾത്താരയിൽ വരയ്ക്കപ്പെടാനുള്ള എന്തോ ഒന്നായിരുന്നു. ഈ കലാകാരൻമാർക്ക് ദൈവത്തിന്റെ പ്രതിനിധികളിൽനിന്നും മതസ്ഥാപനങ്ങളിൽനിന്നും സംരക്ഷണം ലഭിച്ചിരുന്നു. യൂറോപ്പിലുണ്ടായ വ്യവസായിക വിപ്ലവത്തോടുകൂടി ദൈവത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു. ദൈവം, മതം, തുടങ്ങിയ എസ്റ്റാബ്ളിഷ്മെന്റുകളെ തകർത്തെറിഞ്ഞുകൊൺട് ഭരണകൂടം എന്ന എസ്റ്റാബ്ളിഷ്മെന്റ് രംഗം കൈയ്യടക്കി. ഇവയ്ക്ക് സാഹിത്യത്തിന്റെയും മറ്റുകലകളുടേയും പുകഴ്ത്തിപ്പറച്ചിലുകാരെ വേണ്ടാതായതോടുകൂടി കല ആർക്കുവേണ്ടി എന്ന ചോദ്യം ഉയർന്നുവന്നു. ഉടൻതന്നെ ഉത്തരവും വന്നു; കല, കലയ്ക്കുവേണ്ടി നിരാശ്രയത്വത്തിൽനിന്നാണ് ഉത്ഭവമെന്നതുകൊണ്ടു തന്നെ അതിന്റെ സഹജമായ അന്ധതയും നമുക്ക് ഈ വാദത്തിൽ കാണാവുന്നതാണ്. യാതൊന്നിനോടും പ്രതിബദ്ധതയില്ലാത്ത സാഹിത്യം നല്ല സാഹിത്യമാകുന്നില്ല തന്നെ; മാത്രമല്ല, നാം സൃഷ്ടിക്കുന്ന ഒരു നിസ്സാരവസ്തുപോലും സൃഷ്ടിക്കപ്പെടുന്നതിനുവേണ്ടിയല്ല; സൃഷ്ടാവിനോ സമൂഹത്തിനോ വേണ്ടിയാണ്.





# ഇൻഡ്യൻ സിനിമയിലെ ഗ്രാന്റ് മാസ്റ്റർ



ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് ഏപ്രിൽ മാസം 23-ാംതീയതി സായാഹ്ന സൂര്യൻ അറബിക്കടലിനെ ലക്ഷ്യമാ ക്കിപ്പായുന്നു. വളരെ അപ്രതീക്ഷിതമായിട്ടായിരുന്നു ലോക ജനതയെ കണ്ണീരിലാഴ്ത്തിക്കൊണ്ട് ആ വാർത്ത ജനങ്ങളിലെ ത്തിയത്. വാർത്ത അറിഞ്ഞയുടൻതന്നെ പശ്ചിമബം ഗാൾ ഗവണ്മെന്റ് ഓഫീസുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും അടച്ചു ദുഃഖം ആചരിച്ചു. സർക്കാർ മന്ദിരങ്ങളിൽ പതാകകൾ പകുതി താഴ്ത്തികെട്ടി സിനിമാശാലകൾ അടഞ്ഞുകിടന്നു. നിമിഷ ങ്ങൾക്കകം സംസ്ഥാന മുഖ്യമന്ത്രി ജോതിബാസു, കേന്ദ്രസം സ്ഥാന മന്ത്രിമാർ, കലാസാംസ്ക്കാരികരംഗത്തെ പ്രമുഖർ, സാമൂഹ്യപ്രവർത്തകർ തുടങ്ങി പലരും കൽക്കത്തയിലേക്ക് പുറപ്പെട്ടു. ലക്ഷക്കണക്കിന് ആരാധകരും പ്രീയപ്പെട്ടവരും സ്വന്തം സഹോദരന്റെ വേർപാടിൽ എങ്ങനെയാണോ ദുഃഖിക്കു ന്നത് അതിൽ ഒരു ഉന്നത കലാരൂപം കൈ കൊള്ളുന്നതും, ലോകചലച്ചിത്രങ്ങളിൽ ഇന്ത്യയ്ക്ക് അസൂയാർഹമായ സ്ഥാനം നേടികൊടുത്തതും റായുടെ "പാഥേർ പാഞ്ചാലി" എന്ന ചിത്രമായിരുന്നു. റായിയുടെ കന്നിചിത്രമായ പാഥേർ പാഞ്ചാലി പ്രദർശനത്തിനെത്തുവാൻ അദ്ദേഹത്തിന് വളരെയേറെ വൈഷമ്യങ്ങൾ അനുഭവിക്കേണ്ടിവന്നു. ബംഗാൾ ഗവണ്മെ ന്റിന്റെയും സുഹൃത്തുക്കളുടേയും സഹായം ഒന്നുകൊണ്ട് മാത്രമാണ് ഈ ചിത്രണ്ണ വെള്ളിത്തിരയിൽ എത്താൻ സാധിച്ചത്. ഇവരുടെ സഹായത്യ ലഭ്യമായില്ലായിരുന്നുവെങ്കിൽ സത്യജിത് റായിയെന്ന ലോകപ്രശസ്ത കലാകാരൻ നമുക്കന്യനായി പോയേനെ. ഇന്ത്യയുടെ ദാരിദ്യത്തിന്റെ മുഖം സത്യസന്ധമായി ഒപ്പിയെടുത്ത പാഥേർ പാഞ്ചാലി അന്യ രാജ്യങ്ങളി ലേക്കയയ്ക്കുവാൻ അന്നത്തെ വാർത്താവിനിമയ പ്രക്ഷേപണ നിലയം അനുമതി നിഷേധിക്കുകയും ഇതറിഞ്ഞ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആ ഫിലിം കാണുകയും അന്നുതന്നെ ക്ലിയറൻസ് നൽകുകയും ചെയ്തു. ഈ ചിത്രത്തിൽ റായി വരച്ചുകാട്ടിയ "ഇൻഡ്യയുടെ ദാരിദ്ര്യം മറ്റുരാജ്യങ്ങൾ അറിയുന്നതിൽ വലിയതെറ്റൊന്നുമില്ലെന്നും ഇൻഡ്യദരിദ്ര രാഷ്ട്രമാണെന്ന കാര്യം ഏതുരാജ്യക്കാരാണ് അറിയാത്ത തെന്നുമായിരുന്നു" നെഹ്റുവിന്റെ അഭിപ്രായം.

സത്യജിത്റായിയുടെ മറ്റു ചിത്രങ്ങളിൽനിന്ന് വ്യത്യസ്തമുള്ളതും പുതുമനിറഞ്ഞതുമായിരുന്നു "കാഞ്ചൻജംഗ". ഭാരതീയ സമുദായത്തിന്റെ ഉന്നതസ്ഥാനിയായവരുടെ ഭാവസ്വഭാവങ്ങൾ ചിത്രീകരിക്കുന്ന അദ്ദേഹത്തിന്റെ വർണ്ണചിത്രമാണ് "കാഞ്ചൻ ജംഗ", ബർലിൻ അവാർഡുനേടിയ 1963-ലെ അദ്ദേഹത്തിന്റെ

ഷാബു.ജി
II.BA



ചിത്രമാണ് മഹാനഗർ. കൽക്കത്തയെക്കുറിച്ചാണ് മഹാനഗറിൽ ചിത്രീകരിച്ചിരിക്കുന്നത്. 1973-ലെ അശനി സങ്കേത് ബർലിനിൽനിന്ന് സ്വർണ്ണക്കരടിയെയും. ചിക്കാഗോവിൽനിന്ന് സ്വർണ്ണമുദ്രയും നേടിയ ചിത്രമാണ്. ദാരിദ്ര്യത്തിന്റെ ഭീകരമുഖമാണ് പഥേർ പാഞ്ചാലിയെങ്കിൽ ക്ഷാമത്തിന്റെയും ഭീകരതയുടെയും മുഖമാണ് അശനിസങ്കേത്. പഥേർപാഞ്ചാലിയോടൊപ്പമുള്ള പുറത്തിറങ്ങിയ അപൂർസൻ. അപരാജിത എന്നീ ചിത്രങ്ങൾ പ്രശസ്തിയാർജ്ജിച്ചതുതു അന്താരാഷ്ട്ര അവാർഡുകൾനേടിയവയുമായിരുന്നു. ടാഗോറിന്റെ പോസ്റ്റുമാൻ. മണിഹാര. സമാപ്തി എന്നീ ചിത്രങ്ങളുടെ സമാഹാരമായിരുന്നു 1961 മെൽബോൺ അവാർഡു നേടിയ റായിയുടെ തീൻകന്യ. ലോകപ്രശസ്ത സിനിമകളുടെ പട്ടിക തയ്യാറാക്കുകയാണെങ്കിൽ അതിൽ ഭൂരിഭാഗവും റായി ചിത്രങ്ങളായിരിക്കും എന്നത് തർക്കമറ്റവിഷയമാണ്. ഏതൊരാൾക്കൂട്ടത്തിലും തിരിച്ചറിയാവുന്ന ആറടിഅഞ്ചിഞ്ച് ഉയരമുള്ള അതികായകനായ സത്യജിത്റായിക്ക് മുപ്പത്തേഴു അന്താരാഷ്ട്ര ബഹുമതികളാണ് ലഭിച്ചിട്ടുള്ളത്. 600 വർഷത്തെ പാരമ്പര്യത്തിനിടയിൽ രണ്ടു ചലച്ചിത്ര പ്രതിഭകൾക്കേ ഓക്സ്ഫോർഡ് സർവ്വകലാശാല ഡോക്ട്രേറ്റ് നൽകിട്ടുള്ളൂ. ചാർളി ചാപ്ലിനും. സത്യജിത് റായിക്കും. ലോകസിനിമയിലെ ഏറ്റവും വലിയ അംഗീകാരമായ ഓസ്ക്കാർ അവാർഡ് ലഭിച്ചപ്പോഴും. ഫ്രാൻസിന്റെ ഏറ്റവും വലിയ ബഹുമതിയായ "ലിജിയൻ ഓഫ് ഒർണർ" പതിൻമടങ്ങു ദു:ഖത്താൽ കലങ്ങിയ കണ്ണുകളുമായി കൽക്കത്തയിലെ ബെല്ലിവ് ക്ലിനിക്കിൽ തടിച്ചുകൂടി.... "നന്ദൻ" ഫിലിം കോംപ്ലക്സിൽ പൊതുദർശനത്തിനായി വച്ചിരുന്ന ഇൻഡ്യ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ മഹാനായ "7സത്യജിത്റായി" യുടെ ഭൗതികശരീരം കണ്ട ജനങ്ങൾ വാവിട്ടു കരഞ്ഞു. ലോകപ്രശസ്തസിനിമകളുടെ കൂട്ടത്തിൽ ഇൻഡ്യൻ സിനിമയേയും ഉൾപ്പെടുത്തിയ, ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെ മുഖം അതേപടി വരച്ചുകാട്ടിയ ലോകപ്രശസ്ത കലാകാരൻ സത്യജിത്റായി ഏപ്രിൽ 23 വ്യാഴാഴ്ച 5.45ന് കൽക്കത്തയിലെ ബെല്ലിവ് ക്ലിനിക്കിൽ വച്ച് ലോകത്തോട് വിട പറഞ്ഞു....

സത്യജിത്റായിക്ക് രണ്ടരവയസ്സുള്ളപ്പോൾതന്നെ അച്ഛൻ സുകുമാർറായി അദ്ദേഹത്തെ വിട്ടുപരിഞ്ഞു. പിന്നീട് അമ്മ സുപ്രഭാദേവിയുടെ സംരക്ഷണയിൽ ദക്ഷിണകൽക്കത്തയിലുള്ള സഹോദരന്റെ വസതിയിലേക്ക് താമസം മാറ്റുകയും ചെയ്തു. പട്ടിണിയിലും ദാരിദ്ര്യത്തിലും പുതിയ വീട്ടിലെ ജീവിതം മുന്നോട്ടുനീങ്ങുകയും ബാലിഗഞ്ചിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പ്രസിഡൻസി കോളേജിൽ ധനശാസ്ത്രത്തെ ഐച്ഛിക വിഷയമായെടുത്തു. പഠിക്കുകയുതു ചെയ്തു സത്യജിത്റായിയെ കുട്ടിക്കാലം മുതൽ ഹൃദയം കവർന്നത് പാശ്ചാത്യസംഗീതമായിരുന്നു. കൗമാരപ്രായത്തിൽ മാസത്തിൽ എട്ടും. ഒൻപതും സിനിമകൾവീതം കാണുകപതിവായതിലാകാം ചലചിത്രങ്ങളോട് റായിക്ക് ഇത്രതാത്പര്യം ഉടലെടുക്കാൻ കാരണം. മുപ്പത്തിയേഴുവർഷങ്ങൾക്കുമുൻപ് ഇൻഡ്യൻ സിനിമ ഫ്രെഞ്ച് പ്രസിഡന്റ് കൽക്കത്തയിലെത്തി സമ്മാനിച്ചപ്പോഴും. ലോകം കണ്ട ഏറ്റവും വലിയ മഹാനായ ചലച്ചിത്രകാരനെന്ന് ബ്രിട്ടീഷ് ഫിലിം സൊസൈറ്റി വിലയിരുത്തി അവാർഡ് നൽകിയപ്പോഴും ഒരു ഭാരതരത്നം നൽകി റായിയെ ബഹുമാനിക്കാൻ ഇൻഡ്യാക്കാരായ നമുക്ക് അദ്ദേഹം മരണക്കിടക്കയിലാവും വരെ കാത്തിരിക്കേണ്ടിവന്നുയെന്നത് വളരെ ഖേദകരമാണ്.

ഇൻഡ്യൻ സിനിമയുടെ മാത്രമല്ല ലോകസിനിമയുടെതന്നെ വെള്ളിനക്ഷത്രമായ. തൊട്ടതിനെയെല്ലാം പൊന്നാക്കാൻ കഴിവുള്ള ലോകസിനിമയ്ക്ക് പുതിയ ഊടും ഭാവവും നൽകിയ സത്യജിത് പുതിയ ചലച്ചിത്രകാരന്മാർക്കെന്നും ഒരു വഴികാട്ടിയായിരിക്കും ●

# ഓർമ്മയിൽനിന്ന്

ജയകുമാർ . L
രണ്ടാംവർഷ സസ്യശാസ്ത്രം

കാപട്യം നിറഞ്ഞ അസ്ഥിരതേ
നിന്റെ പേർ സ്ത്രീ എന്നാകുന്നു

–വില്യം ഷേക്സ്പിയർ–

മനുഷ്യന്റെ ബോധമല്ല അവന്റെ ചേതനയെ നിയന്ത്രിക്കുന്നത് നേരെ മറിച്ച് അവരുടെ സാമൂഹ്യചേതനയാണ് ബോധത്തെ നിയന്ത്രിക്കുന്നത്.

–കാറൽ മാർക്സ്–

വെളുത്ത വസ്ത്രവും നിറഞ്ഞ തീൻ മേശകളും സംഗീതം സൗന്ദര്യവും പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവിക്കാവുന്ന സമസ്ത സൗഖ്യങ്ങളും നിഷേധിക്കപ്പെടേണ്ടവയല്ല

അങ്ങനെ നിഷേധിച്ചാൽ മാത്രമേ കമ്യൂണിസ്റ്റാവൂ എന്ന് ഒരാചാര്യനും പറഞ്ഞിട്ടില്ല.

–മലയാറ്റൂർ രാമകൃഷ്ണൻ–

ഉദയതാരങ്ങൾ ജ്വലിച്ചുനിൽക്കുന്ന നമ്മുടെ ഇരുണ്ട ശിരസ്സുകളാൽ അവമതികളെ തുടച്ച്, തൂത്തുകളഞ്ഞ് നമ്മുക്ക് പോവുക.

–ഏണസ്റ്റോ ചെഗുവേരാ–

മൗനമെന്നാൽ മനുഷ്യന് മരണമെന്നർത്ഥം

–പാബ്ലോ നെരൂദ–

എരിയുന്ന ഭാരതത്തിലെ ആർത്തലക്ഷങ്ങൾ വരണ്ട തൊണ്ടയോടെ നിലവിളിക്കുന്നത് അപ്പത്തിന് വേണ്ടിയാണ്. അവർ അപ്പം ചോദിക്കുന്നു. നാം കല്ല് കൊടുക്കുന്നു. പട്ടിണി കിടക്കുന്നവർക്ക് മതം കൊടുക്കുന്നത് പരിഹാസമാണ്. പട്ടിണി കിടക്കുന്നവനെ തത്വജ്ഞാനം പഠിപ്പിക്കുന്നത് പരിഹാസമാണ്.

–സ്വാമി വിവേകാനന്ദൻ–

കല ഒരലങ്കാര വസ്തുവല്ല. ശത്രുവിനെ ആക്രമിക്കാനും ആക്രമണം ചെറുക്കുവാനുമുള്ള യുദ്ധോപകരണമാണ്

–പിക്കാസോ–

പത്തു പ്രാവശ്യം പട്ടിയായ് ജനിച്ചാലും ഈ നമ്പൂതിരി യില്ലങ്ങളിൽ പെണ്ണായ് പിറക്കല്ലേ തമ്പുരാനേ

–ലളിതാംബികാ അന്തർജ്ജനം–

ഒരമ്മതൻ മക്കളുലച്ച വാളുമായ്
പൊരുതും പോർക്കളമവൾ തൻ മാറിടം
ഇതോ ധരിത്രിതൻ പുരോഗതി
ഇതോ ധരിത്രിതൻ വാരിവസ്യാവിധി

–ഉള്ളൂർ–

ഒരു വീട്ടിൽ ജനിച്ചവ, രൊമ്മതൻ മക്കൾ നമ്മൾ
ഒരിമിക്കാനിത്ര വിഷമമാണോ
നമമൊരു ശുഭലോകം രചിച്ചതിൽ മനുഷ്യത്വം
നടമാടുന്നതും നോക്കിരസിക്കും നമ്മൾ

–ചങ്ങമ്പുഴ കൃഷ്ണപിള്ള–

നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്

–കടമ്മനിട്ട രാമകൃഷ്ണൻ–

പാദരക്ഷകളുടെ
പറുദീസ

Action
Bata / BSC
Micro
Travelling goods etc:-

കൊച്ചുപിള്ള
ഫുട്‌വെയർ



ചന്തമുക്ക്,
കൊട്ടാരക്കര.

സഹീർ.എസ്
മാനേജിംഗ് പാർട്ണർ

WITH
BEST
COMPLIMENTS
FROM,

അരോമ
aroma
DRESS
MAKErs

IIIrd milestone
Near. KSEB
OFFICE
KOLLAM.15

മിതമായ വിലക്കിൽ റെഡിമെയ്ഡ്
ഷർട്ടുകൾ വില്ക്കപ്പെടും.

NADAM
VIDEO GRAPHERS

നാദം
വീഡിയോ ഗ്രാഫേഴ്സ്
(*T. K. M.* ആർട്ട്സ് കോളേജിനു് സമീപം)
കരിക്കോടു്

ഈ സ്ഥാപനത്തിൻെറ സവിശേഷത :-

വീഡിയോ റിക്കോഡിംഗ്

- മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി കാസററുകളുടെ വിപുലമായ ശേഖരം.
- ഇലക്ട്രോണിക്സ് സാധനങ്ങൾ പ്രത്യേകിച്ച് *TV, VCR* റിപ്പയറിംഗ് *Door to Door.*
- ആഡിയോ വീഡിയോ റിക്കോഡിംഗ്.
- *TV, VCR, VCP* വാടകയ്ക്കു് കൊടുക്കുന്നതാണു്.

# ചരിത്രം മറയ്ക്കുന്ന ചരിത്രകാരന്മാർ



ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ഇൻഡ്യയുടെ സൂര്യപുത്രന്മാരെ കേവലം കൊലപാതകികളെന്നു മുദ്രകുത്തി സമൂഹത്തിന്റെ മുന്നിൽ അക്രമകാരികളെന്നും, തീവ്രവാദികളെന്നും ചിത്രീകരിച്ചു സമൂഹത്തിൽനിന്നും ഇവരെ ഒറ്റപ്പെടുത്തുന്നത് നമ്മൾ കണ്ടുവരുന്ന സത്യമാണ്. നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഇവരെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. ഇവരെപ്പറ്റി രേഖകളുമില്ല. എന്നാൽ സ്വാതന്ത്ര്യസമരത്തിൽ ഇവർവഹിച്ച പങ്കിനെക്കുറിച്ച് ചിത്രകാരന്മാർ മറന്നിരിക്കാൻ ഇടയില്ല കാരണം ഇവരെ അക്രമകാരികളാക്കി കാണിക്കുന്ന പുസ്തകങ്ങൾ വിരളമല്ലയയെന്നതുതന്നെ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ആയിരങ്ങൾ പിടഞ്ഞു മരിച്ചപ്പോൾ. സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം എന്ന മുദ്യാവാക്യവുമായി യുവാക്കൾ രംഗത്തിറങ്ങിയപ്പോഴും വാക്കിൽകൂടിയും വാചകങ്ങളിൽകൂടിയും സ്വാതന്ത്ര്യം സ്വപ്നം കണ്ടവരെ ചരിത്രത്തിൽ ഉയർത്തിയും സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻനൽകിയവരെ ചരിത്രത്തിൽ താഴ്ത്തിയും രേഖപ്പെടുത്തിയിട്ടുള്ളത് വളരെ പരിതാപകരമാണ്.

സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീര ദേശാഭിമാനികളിൽ പ്രധാനിയാണ് സഖാവ് ഭഗത്സിംഗ്. പഞ്ചാബിലെ ലായപ്പൂർ ജില്ലയിലുള്ള ബൻഗ എന്ന ഗ്രാമത്തിൽ 1907 സെപ്റ്റം ബർ 8ന് ജനിച്ച സഖാവ് ഭഗത്സിം ഗ്



രാജ്യത്തുടനീളം ഒരു ബഹുജനപ്രസ്ഥാനത്തിന്റെ കൊടുംകാറ്റ് അഴിച്ചുവിടാനും അതിവേഗത്തിൽ വളർന്നുവന്ന ബഹുജനപ്രസ്ഥാനങ്ങൾക്ക് ഒരു സോഷ്യലിസ്റ്റ് മാർഗദർശികത്വം നൽകുവാൻ സാധിക്കുകയും ചെയ്തു. സൈമൺ കമ്മിഷൻ ഇൻഡ്യ സന്ദർശിച്ചപ്പോൾ രാജ്യത്തിലുടനീളം പ്രതിഷേധപ്രകടനങ്ങളും പണിമുടക്കുകളും നടത്തുകയും തൊള്ളായിരത്തി ഇരുപത്തെട്ട് ഒക്ടോബർ 30–ാതീയതി ലാഹോറിൽ അന്വേഷണത്തിന് വന്ന സൈ മൺ കമ്മിഷനു നേരെ കരിങ്കൊടികൾ വഹിച്ചുകൊണ്ട് സൈമൺ ഗോബാക്ക് തുടങ്ങിയ മുദ്രാവാക്യങ്ങളുമായി പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും ചെയ്തു. ഇതിനു നേതൃത്വം വഹിച്ചത് പഞ്ചാബിലെ സമുന്നതനായ നേതാവും ധീരദേശാഭിമാനിയും കൂടിയായ ലാലാ ലജപത്റായി ആയിരുന്നു. എന്നാൽ ബ്രിട്ടീഷുകാർ പോലീസിനെ ഉപയോഗിച്ചു പ്രതിഷേധപ്രകടനത്തെ അടിച്ചമർത്തുകയും തുടർന്നുണ്ടായ സംഘട്ടനത്തിൽ ലജപത്റായിയ്ക്ക് മാരകമായ പരിക്കേൽക്കുകയും ഏതാനും ആഴ്ചകൾക്കുശേഷം അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു. ഇതിനുപ്രതികാരം തീർക്കുന്നതിനുവേണ്ടി തൊള്ളായിരത്തിഇരിപത്തിയെട്ടു നവംബറിൽ ലാഹോറിലെ പോലീസ് ഹെഡ്ക്വേട്ടേഴ്സിനു മുന്നിൽവച്ചു ലജപത്റായിയുടെ മരണത്തിനിടയാക്കിയ ലാത്തിച്ചാർജ്ജിനു നേതൃത്വം നൽകിയ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് "സാൺഡേഴ്സിനെ" ഭഗത്സിംഗ് വെടിവച്ചു കൊന്നു. 1928–ലെ ഗോബാക്ക് സൈമൺ പ്രക്ഷോപണം വിദ്യാർത്ഥി ഫെഡറേഷന്റെ രൂപീകരണത്തിന് വഴിതെളിക്കുകയും ആദ്യകാലങ്ങളിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ദേശീയതയുടേയും സോഷ്യലിസ്റ്റ് ആദർശങ്ങളുടേയും വിത്തുപാകുന്നതിന് ഈ സംഘടനയൊരു കാരണമായി ഭവിക്കുകയും ചെയ്തു. 1919 മനുഷ്യമനസ്സിനെയാകെ കണ്ണീരിലാഴ്ത്തിയ ജാലിയൻവാലാബാഗ് സംഭവത്തിനു നേതൃത്വം നൽകിയ മൈക്കിൾ ഒഡയറിനെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളായ വെള്ളക്കാരന്റെ ദേശമായ ലണ്ടനിൽ "കാകസ്റ്റൻ" ഹാളിൽവച്ചു നീണ്ട 21 വർഷത്തെ കാത്തിരിപ്പിനുശേഷം 1940 മാർച്ച് 13ന് 21 വെടിയുണ്ടകൾ ഒഡിയറിന്റെ നെഞ്ചിലേക്ക് പായിച്ചുകൊണ്ട് ധീരതയുടേയും ദേശസ്നേഹത്തിന്റേയും പ്രതീകമായ സർദാർ ഉത്തംസിഗ് തന്റെ പ്രതികാരം തീർക്കുകയാണുണ്ടായത്.

1929 ഏപ്രിൽ 8–ാം തീയതി തൊഴിലാളി പ്രസ്ഥാനത്തിന് എതിരായി ആസൂത്രണം ചെയ്ത "ട്രേഡ്സ് ഡിസ്പ്യൂട്ട്" ബിൽ കേന്ദ്രനിയമസഭയിൽ അവതരിപ്പിച്ചപ്പോൾ നിമിഷങ്ങൾക്കകം ഇൻഡ്യയെതന്നെ കിടിലം കൊള്ളിക്കുമാറ് ഔദ്യോഗിക ബഞ്ചുകളിൽ ബോംബുകൾ പൊട്ടിച്ചിതറി. കേന്ദ്രനിയമസഭയിൽ ബോമ്പുകളെറിയാൻ തങ്ങളെ പ്രേരിപ്പിച്ച ചേതോവികാരമെന്തെന്ന് വിവിരിച്ചുകൊണ്ടുള്ള ലഘുലേഖ ഭഗത്സിംഗ് സഭയിലേക്ക് വാരിയെറിഞ്ഞു. സന്ദർശകഗ്യാലറിയിലിരുന്നുകൊണ്ട് അവരെറിഞ്ഞ ചുവപ്പുലേഖയിൽ രാജ്യത്തോടും ജനങ്ങളോടും തങ്ങൾക്കുള്ള കടമകൾ എന്തൊന്നു വിശദീകരിക്കുകയും ചെയ്തിരുന്നു. കേന്ദ്രനിയമസഭയിൽ ബോംബെറിഞ്ഞതിന് ഭഗത്സിംഗിനും ദത്തിനും കിട്ടിയ ശിക്ഷ ജീവപര്യന്തം നാടുകടത്തലായിരുന്നു. തൊള്ളായിരത്തി ഇരുപത്തൊൻപതിൽ ഭഗത്സിംഗിനെ കോടതിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹത്തെ കണ്ട ജനങ്ങളുടെ കണ്ണുനിറഞ്ഞു. അവശനായി സ്ട്രച്ചറിൽകിടത്തിയാണ് ഭഗതിനെ കോടതിയിൽ ഹാജരാക്കിയത്. ഒക്ടോബറിൽ വിധിപ്രഖ്യാപിച്ചപ്പോൾ ഭഗത്സിതൃഗിനും, രാജ്ഗുരുസുഖ്ദേവിനും മരണശിക്ഷയും മറ്റ് ഏഴുപേരെ ജീവപര്യന്തം നാടുകടത്തലിനും കുറച്ചുപേരെ ദീർഘകാലത്തെ തടവുശിക്ഷയ്ക്കും വിധിച്ചു. ഭഗത്സിംഗിന് മരണശിക്ഷയാണ് കോടതി വിധിച്ചതെങ്കിലും ഭഗതിനെ രക്ഷിക്കാൻ കഴിയുമെന്നുള്ള വിശ്വാസം പിന്നെയും ജനങ്ങളിൽ അവശേഷിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഭഗതിന്റെ ജീവൻ രക്ഷിക്കുമെന്ന് ജനങ്ങൾ വിശ്വസിച്ചു. കാരണം കോൺഗ്രസും ബ്രിട്ടീഷുകാരുമായി ഒപ്പുവയ്ക്കുന്ന ഏതെങ്കിലുമൊരു കരാറിലെ വ്യവസ്ഥകളിലൊന്ന് ലാഹോറിലെ തടവുപുള്ളികളെ വിട്ടയയ്ക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നതായിരിക്കണമായിരുന്നു. പക്ഷെ ജനങ്ങളുടെ ആ വിശ്വാസം സഫലമായില്ല. ഗാന്ധിജിയുടെ കരാറിലൊന്നായി ഇത് അംഗീകരിക്കാൻ കോൺഗ്രസ് നേതൃത്വം തയ്യാറായില്ല. ഗാന്ധിജിയും കൂട്ടരും വിപ്ലവകാരികളെ തേജോവധം ചെയ്യാൻ ശ്രമിച്ചപ്പോൾ കോൺഗ്രസിലെ തന്നെ സുഭാഷ്ചന്ദ്രബോസ് മദൻമോഹൻ മാളവ്യ എന്നിവർ വിപ്ലവകാരികളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. ഗാന്ധിജിയുടെ ഇർവിൻ ഉടമ്പടിയെക്കുറിച്ച് കോൺഗ്രസിലെതന്നെ ഇടതുപക്ഷ ചിന്താഗതിക്കാരുടെ യോഗത്തിൽ സുഭാഷ്ചന്ദ്രബോസ്

ഇപ്രകാരം പ്രസംഗിച്ചു— "ബ്രിട്ടീഷ് ഗവൺമെന്റിനും നമുക്കുമിടയിൽ മനുഷ്യരക്തം ഒരു മഹാസമുദ്രവും മൃതദേഹങ്ങൾ കൊണ്ടുള്ള ഒരു വലിയ കുന്നിൻ കുമ്പാരവുമുണ്ട്. ലണ്ടനിലെ ആ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ഇപ്പോൾ ഗാന്ധിജി ഒപ്പുവച്ച ഒത്തുതീർപ്പ് കരാർ അംഗീകരിക്കണമെന്ന് പറയാൻ ഭൂമുഖത്ത് ഒരു ശക്തിക്കും സാധ്യമല്ല"

ഭഗത്സിംഗും കൂട്ടരും ആക്രമപ്രവർത്തനങ്ങൾ നടത്തിയെന്ന കാരണത്താൽ കോൺഗ്രസ് നേതൃത്വം ഇവരെ സഹായിക്കാതിരിക്കുകയും 1931 ഏപ്രിൽ മാസത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് മരണശിക്ഷനടപ്പാക്കി. മാതൃഭൂമിയുടെ അടിമച്ചങ്ങലപ്പൊട്ടിച്ചെറിയാൻ ശ്രമിച്ച യുവവിപ്ലവകാരി ഭഗത്സിംഗിനെ ബ്രിട്ടീഷ് ഭരണവർഗ്ഗം തൂക്കിക്കൊന്നു. ഇന്ത്യയിൽ ആ വിപ്ലവ ജ്യോതിസ് ഉദിച്ചുയർന്നിട്ട് അന്നേക്ക് 24 വർഷമേ ആയിട്ടുണ്ടായിരുന്നുള്ളൂ. വെറും 24 വയസ്സുമാത്രം പ്രായമുള്ള ആ യുവാവിനെ തൂക്കിലേറ്റിയവാർത്ത കേട്ടവരെല്ലാം• സ്ത്രീപുരുഷഭേദമന്യേ കൊച്ചുകുട്ടികൾപോലും പൊട്ടിക്കരഞ്ഞു. ആ വിപ്ലവതേജസ്സിന്റെ വേർപാട് ഇന്ത്യൻ ജനതയെയാകെ ദുഃഖത്തിലാഴ്ത്തി. സ്വാതന്ത്ര്യത്തിന്റെയും ജനങ്ങളുടെയും മോചനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ത്യാഗധന്യൻ ബ്രിട്ടീഷ് കാരാഗൃഹത്തിനുള്ളിൽ കിടന്നുകൊണ്ട് നരകയാതന അനുഭവിക്കുമ്പോഴും, കൊടിയമർദ്ദനങ്ങൾ ഏൽക്കുമ്പോഴും "ഇൻക്വിലാബ് സിന്ദാബാദ്" വിളിച്ച മനുഷ്യസ്നേഹിയായ വിപ്ലവകാരി. കൊലക്കയറിനപ്പുറവും മന്ദഹസിച്ചുകൊണ്ട് അദ്ദേഹം മുഴക്കിയ ഇൻക്വിലാബ് സിന്ദാബാദിന്റെ പ്രതിധ്വനി വാനോളമുയരുകയും ഒരു ചുവന്ന പ്രകാശം മുന്നിൽ കണ്ടുകൊണ്ട് മുന്നേറാൻ തന്റെ അവസാന നിമിഷത്തിലും തന്റെ സഖാക്കളോട് നിർദ്ദേശിച്ച ഭഗത്സിംഗ് എന്ന ആ വലിയ മനുഷ്യന്റെ ശബ്ദം എന്നന്നേക്കുമായി നിലച്ചു.

തന്റെ സഖാക്കളോടുള്ള മൃഗീയ പെരുമാറ്റത്തിൽ പ്രതിഷേധിച്ചുകൊണ്ട് പട്ടിണികിടന്നു മരിക്കാൻ തയ്യാറായ ജതിൻദാസ് സാമ്രാജ്യാധിപതികളുടെ മുഖത്തിനുനേർക്ക് ബോംബു വലിച്ചെറിഞ്ഞ ദത്ത് ധീരവിപ്ലവകാരികളായ ചന്ദ്രശേഖരൻ ആസാദ്, രാജ്ഗുരു സുഖ്ദേവ് അങ്ങനെ പോകുന്നു നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പ്രോജ്ജ്വലമായ അധ്യായങ്ങൾ രചിച്ച വിപ്ലവകാരികളുടെ പട്ടിക— ഇവർ സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ജനങ്ങളെ വികാരതീവ്രമാക്കി പ്രക്ഷോഭണ പാതയിലേക്ക് ആവേശപൂർവ്വം നയിക്കാൻ സ്വയം മുന്നോട്ട് വന്ന ആ ചെറുപ്പക്കാരെ വിപ്ലവത്തിന്റെ ചുവന്ന ധീരതയെക്കുറിച്ച് വളർന്നുവരുന്ന തലമുറയ്ക്ക് യാതൊന്നും നൽകാൻ ഇടനൽകാത്ത ഒരു സംവിധാനമാണ് നമ്മുടെ പാഠപുസ്തകങ്ങളിൽ കാണുന്നത്. ഈ സ്ഥിതി വളരെ ദയനീയമാണ്. ബ്രിട്ടീഷ് ഭരണാധികാരികൾ വിപ്ലവകാരികളെ കവർച്ചക്കാരെന്നും കൊലപാതകികളെന്നും ചിത്രീകരിച്ചു പൊതുജന ദൃഷ്ടിയിൽനിന്ന് അകറ്റിനിർത്താൻ ശ്രമിക്കുകയും തൽഫലമായി സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷവും വിപ്ലവകാരികളുടെ രാഷ്ട്രീയ മാഹാത്മ്യം വേണ്ടവിധത്തിൽ വെളിച്ചത്തു കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും തുടർന്നുള്ള കുറേയേറെ വർഷങ്ങളിലും ഒരേപാർട്ടിയുടെ ആധിപത്യത്തിന്റെ ദുഃഖഫലം കണക്കെ ഭരണം നടത്തുന്നതുകൊണ്ടായിരിക്കാം ചരിത്രപാഠപുസ്തകങ്ങളിൽ ഇവരെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ലാത്തത്. വിപ്ലവപ്രസ്ഥാനത്തിലെ നേതാക്കന്മാർ ദേശീയ സ്വാതന്ത്ര്യസമരത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്ന് സ്വാതന്ത്ര്യസമര ചരിത്രത്തെക്കുറിച്ച് പുറത്തിറക്കിയിട്ടുള്ള ഗണ്യമായ ഒരു വിഭാഗം പുസ്തകങ്ങൾ വായിച്ചാൽ തോന്നുക.

ഭഗത്സിംഗിനെയും കൂട്ടരെയും ഭീകരവാദികളാക്കി എഴുതിയിട്ടുള്ള പുസ്തകങ്ങളും കുറവല്ല. ജനങ്ങളെ പ്രക്ഷോഭ സമരവീഥിയിലൂടെ നയിച്ചവരും സ്വാതന്ത്ര്യം നേടിയെടുത്തതുമെല്ലാം കൈവിരലിൽ എണ്ണാവുന്ന ചുരുക്കം ചില നേതാക്കളുടെ മാത്രം മിടുക്കുകൊണ്ടാണെന്ന് ഭാവിതലമുറ മനസ്സിലാക്കാൻ ഇടവരുന്നത് പരിതാപകരമാണ്, പരമ നിന്ദനീയമാണ്. ●

ഷീബ ജെ.ജി II Year BA



1st
THE NUMBER ONE CHOICE

trusted name!
tested by time!

# Mohan and Krishnan

PRIVATE and PARALLEL COLLEGE

JAWAHAR JUNCTION, NEAR S.N. COLLEGE. QUILON

Classes for

P.D.C BA, BSc, Bcom
all groups and all subjects
MOST MODERN LABS
FOR PDC & DC

# അരങ്ങിലേക്കുള്ള വഴി

നിറം മങ്ങിയ ഗേറ്റ് തുറന്നുപിടിച്ചുനില്ക്കുന്ന വൃദ്ധനരികിലൂടെ പൊതുനിരത്തിലേക്ക് പ്രവേശിക്കുകയായിരുന്നു.

"ഒന്നു നിർത്താണേ ഡ്രൈവർ, ഒരു സെക്കന്റ്! വണ്ടി നിന്നു.

കണ്ണുകളിൽ ഉയർന്ന ചോദ്യം അവഗണിച്ച്, വസന്ത പുറത്തേക്കിറങ്ങി.

വൃദ്ധൻ നിസ്സഹായമായ കാലുകളിൽ ഓഫീസ് കെട്ടിടത്തിലേക്ക് കുതിയ്ക്കുമ്പോൾ,

സജ്ജി ബസിനു പുറത്തേക്ക് തലയിട്ട് വസന്തയെ നോക്കി.

അവൾ മറുപടി പറയാതെ ചിരിച്ചു.

ചിരി, ബസിനുപുറത്തേക്ക്നീണ്ട എല്ലാ കണ്ണുകളിലും പടർന്നുയർന്നു.

ഓഫീസ് കെട്ടിടത്തിന്റെ വരാന്തയിൽ ഇതുവരെ ശങ്കിച്ചുനില്ക്കുകയായിരുന്ന മദ്ധ്യവയസ്കൻ നീണ്ട ചുവടുകൾ വച്ച് ബസിനടുത്തെത്തി.

"സാർ, എന്റെ കാര്യം"

വണ്ടിയിലിരുന്നവരുടെ കറുത്ത കണ്ണടകൾക്കു പിന്നിൽ നിർവ്വികാരത കണ്ടു അയാൾ പതുങ്ങി

"സാർ"

"ഞങ്ങൾഒരു ശവമടക്കിന് പോകുകയാണ്. നാളെ വരൂ".

സജ്ജി മുഖത്തു പടർന്ന കറുത്ത ഭാവത്തിലേക്ക് മദ്ധ്യവയസ്കൻ മിഴികൾ തുറന്നു.

"ഇന്നു വരാൻ പറഞ്ഞിരുന്നു"

ഓടിക്കിതച്ചെത്തിയ വൃദ്ധന്റെ കൈയിൽ നിന്നു കടലാസുപൊതി വാങ്ങി വസന്ത വണ്ടിയിലേക്ക് കയറുമ്പോ, കുതിച്ച വാഹനത്തിന്റെ ഇരമ്പലിന് അരികിൽ ലേച്ചുനിൽക്കുന്ന മദ്ധ്യവയസ്കൻ.

കടലാസു പൊതി നിവർത്തി 'സ്കാർഫ്' പുറത്തെടുത്തു കെട്ടാൻ പോകുന്ന വസന്തയെ മുൻസീറ്റിലിരുന്നു ചരിഞ്ഞുനോക്കി സുജ ചോദിച്ചു.

"ഇയാൾ സ്കാർഫ് എടുക്കാനാണോ വണ്ടി നിർത്തിയത്?"

"ഒരു യാത്രയുടെ സുഖം കിട്ടണമെങ്കിൽ ഇതുവേണം" വസന്ത ചിരിച്ചു.

ഷീല പൊട്ടിച്ചിരിയിൽ ശരീരം ഉലച്ചു.

അനിയുടെ കണ്ണുകളിൽ കുസൃതി

വാഹനത്തിന്റെ ഇരമ്പലിനെ അതിജീവിക്കുന്ന അട്ടഹാസം.

വണ്ടി നിന്നു.



"ഹിസ്റ്ററി വിദ്യാർത്ഥിയുടെ അഭിപ്രായം

സണ്ണി "ഷീലയു" വരാൻ വൈകി വന്നു

വണ്ടി നീങ്ങി

ബസ്സിൽ ഒരു തൃശ്ശിവപേരൂർ സംഘത്തിൽ സ്വന്തം സീറ്റിട്ടു. കയ്യിൽ തൂക്കിയിരുന്ന ബാഗുകളും ചിലരെല്ലാം ചെറിയ ബാഗുകൾ തലയ്ക്കു മുകളിലുള്ള കമ്പിയിൽ കയറ്റി ഞാനും തൂക്കിയിരുന്നു. ചില സ്ത്രീകൾ ശബ്ദത്തോടെ ചെറു.

"ഭരതാ... കയ്യിലെ ബുക്കുകൾ ഇറക്കിയില്ലേ നമ്മ"

സണ്ണി ഒച്ചയിട്ട് ചോദിച്ചു.

"നോക്കാതെ ഒന്ന് ഇരിക്കാൻ"

ജോസ് പുറത്തേക്കുള്ളതൊന്നും നോക്കിക്കൊണ്ടിരുന്നു.

ചില തമാശ പറയുകയും തട്ടും കുട്ടികളെയും ഒന്നിച്ചാ ഇരിക്കുകയും ചെയ്യുന്ന സണ്ണി കണ്ട്, അയാൾ സുഹൃത്ത് ഒന്ന് ഞെട്ടി

"ഇനിയെ പോകുന്ന വഴിക്കുള്ള ചെറുതാണിവരെയല്ലേ."

ഷീലയുടെ ശബ്ദം

കുട്ടികളുടെ ചിരി

"അങ്ങിനിരിക്കുന്നു എന്നിട്ടും വിഷമിക്കാനോ"

ജോണി

"അടിയേ, ഞാൻ മാറി. എടാ ജോസ്, കാണാനുള്ളതു വല്ലതും കണ്ണുള്ളപ്പോൾ പറയാതെയാണോ നോക്കുന്നതെന്തിന്?"

വീണ്ടും കുട്ടികൾ

കുട്ടികൾ ഇരുവരും ബസിലെ സ്ത്രീകളുടെ നേരെ ജോസ് നോക്കി ജോസ് കണ്ണിറുക്കി

ജ്" ഈ പണിയൊന്നുമില്ലേ?" സണ്ണി

"അണ്ണാൻ മൂത്താലും മരംകേറ്റം മറക്കുമോ?"

ചില ഒരുമിച്ചിരിക്കുന്ന ഭാഗത്തേക്ക് ഒന്നു നോക്കി. കുട്ടികൾ അവർക്കു കൈ കൊടുത്തു.






"ഓ- അങ്ങനെ വരട്ടെ. ജോസിന്റെ പഴയ കഥകളൊന്നും ഞാ മറന്നിട്ടില്ല. ഇയാളിപ്പോഴും പഴയ ആളു തന്നെ"- ജോണി

രാധയും മേരിയും ചിരി അമർത്താനാവാതെ ഷീലയെ നോക്കി. ബസിൽ നിറഞ്ഞ ചിരിയിൽ സ്വന്തം വാക്കുകളുടെ മുഴക്കം തിരിച്ചറിഞ്ഞ് അവൾ പുറത്തേക്കു നോക്കിയിരുന്നു.

"അപ്പോൾ സണ്ണിസാറെ നമ്മുടെ വി. എ യുടെ ഓർഡർ എത്തിയോ?"

രാധാകൃഷ്ണൻ സണ്ണിയുടെ അടുത്തെത്തി. അയാൾ കണ്ണുകൾ അവതരിപ്പിച്ചു.

" മഹത്തായ ഒരു സ്ഥാപനം കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ് നമ്മൾ"

കള്ളുഷാപ്പിന് അരികിലൂടെ വാഹനം ചീറിപ്പായുമ്പോൾ ജോസ് പറഞ്ഞു

"തിരികെ പോരുമ്പോഴാകട്ടെ"

ജോണി ആശ്വസിപ്പിച്ചു.

"വണ്ടി ഇവിടെ നിർത്തിയാലെന്ത്?"

സണ്ണി കണക്കുകൾ മറന്നു.

"എങ്കിൽ യാത്രയ്ക്ക് ഒരു സുഖമുണ്ടാവും".

ജോസ് ദേഷ്യത്തോടെ സണ്ണിയെ നോക്കി.

"നമ്മൾ ഒരു കിലോമീറ്റർ പിന്നിട്ടു. ഇനി പറഞ്ഞിട്ടെന്തുകാര്യം? വേണ്ടപ്പോൾ വേണ്ടതു തോന്നില്ല".

സുധാകരൻ ഇച്ഛാഭംഗത്തോടെ സീറ്റിൽ ചരിഞ്ഞിരുന്നു.

"വിഷമിക്കാനില്ല. അഞ്ചുമിനിട്ടിനുള്ളിൽ അടുത്ത കേന്ദ്രമെത്തലായി."

" പക്ഷേ സാറേ, ഞങ്ങളും കൂടെയുണ്ടെന്ന് ഓർക്കണം".

മൊത്തം അഭിപ്രായം രൂപപ്പെടുത്തുന്നത് സുജ ഒറ്റയ്ക്കാക്കിയിരിക്കുന്നു.



"ഞാനാ കുപ്പി നിങ്ങൾക്കും തരാം".

ജോസിന്റെ ഒത്തുതീർപ്പ്.

"അതിനുവേറെയാളെ നോക്കണം". ഷീലയ്ക്ക് വാക്കുകളുടെ പുനർജ്ജന്മത്തിലുള്ള സംതൃപ്തി.

"ഒരു മാർഗ്ഗമുണ്ട് ഡ്രൈവർ വണ്ടി ഇവിടെ നിർത്തൂ"

സണ്ണി നിർദ്ദേശിച്ചു.

ചായക്കട

വിഭവങ്ങൾ മേശപ്പുറത്തെത്താറായപ്പോൾ സണ്ണി പുരുഷ വിഭാഗത്തിനുവേണ്ടി സംസാരിച്ചു.

"ഞങ്ങൾ ഇപ്പോൾ വരാം".

മേശയുടെ മുഖത്തേക്ക് പുക ഊതിക്കൊണ്ട് വിജയൻ പറഞ്ഞു.

"ഞാൻ വരുന്നില്ല

"ശരി....."

സണ്ണിയുടെ മുഖത്ത് കള്ളച്ചിരി

വയൽ വരമ്പിലൂടെ നടന്നു നീങ്ങുന്നവരുടെ മടക്കയാത്രയും പ്രതീക്ഷിച്ച് സ്ത്രീകളും വിജയനും ഇരുന്നു.

ബസ് പിന്നെയും ഓടിത്തുടങ്ങുമ്പോൾ ഷീല പറഞ്ഞു

" നിങ്ങൾ ഇത്രവേഗം തിരിച്ചെത്തുമെന്നറിഞ്ഞില്ല. എത്രാണ്ട് രണ്ടു മണിക്കൂറല്ലേയെടുത്തുള്ളൂ. ഇപ്പോൾ ശവമടക്കുകഴിഞ്ഞു കാണും."

ജോസ് മറുപടി പറയാതെ ഇളകിച്ചിരിച്ചു.

ജോണി എഴുന്നേറ്റ് തൂണിൽ ചാരിനിന്നു.

"ഇരിക്കടോ"

സണ്ണി അയാളുടെ കൈയിൽ പിടിച്ചു.

"എന്നെ തൊടരുത്".

അയാൾ കൈക്കുടഞ്ഞു

"അപ്പഴേ ഞാൻ പറഞ്ഞതാ വേണ്ടാത്തതൊന്നും കാണിക്കണ്ടെന്ന്"

ഷീല പരിഭവിച്ചു

"മിണ്ടരുത്"

ജോണിക്ക് ദേഷ്യം പിടിച്ചു അയാൾ നാസിക ആവുന്നത്ര തുറന്നുപിടിച്ചു.

കഴുത്തിലെ ഞരമ്പുകൾ എഴുന്നേറ്റുനിന്നു

# അക്കരയിലേക്കുള്ള വഴി

നിസാർ. കെ. എച്ച്

ഒന്നാം വർഷ ബി. എ

"സെബാസ്റ്റ്യൻ എന്റെ സുഹൃത്താണ്, സഹപ്രവർത്തകനാണ്, എന്റെ കൂടെയിരുന്ന് ജോലി ചെയ്യുന്നു. എന്റെ..... എന്റെ എല്ലാമാണ്"

രാധാകൃഷ്ണൻ അടുത്തുചെന്നു.

"ജോണി വരൂ നമുക്ക് ഇരുന്നുകൊണ്ട് സംസാരിക്കാം".

"നിർത്തൂ എനിക്ക് പറയാനുള്ളത് തീർന്നില്ല"

അയാൾ നിന്നുകിതച്ചു.

"എന്റെ സുഹൃത്താണ് സെബാസ്റ്റ്യൻ, നിങ്ങളുടെ സുഹൃത്ത്, മറ്റൊരുതരത്തിൽ പറഞ്ഞാൽ ബോഡി മാത്രം"

"ആശാനെ, പ്രസംഗം ഉഗ്രനാകുന്നുണ്ട്, ചർവ്വിതചർവ്വണമെങ്കിൽ ഇങ്ങു പിറകിൽ വാ". "ശബ്ദിക്കരുത്"

അയാൾ ഒറ്റക്കുതിപ്പിന് പുഷ്പചക്രമെടുത്തു.

"സെബാസ്റ്റ്യന്റെ ഭാര്യ വെച്ചു"

അയാൾ ഭിത്തിയിൽ മുഖം ചേർത്തുകരഞ്ഞു.

"ഞങ്ങളെ ഒരു വേക്കൻസി ഉണ്ടെന്നറിഞ്ഞല്ലേ സ്ത്രീജനങ്ങൾ നമ്മോടു കൂടി വരുന്നത്"

ജോസ് ഫലിതം പറഞ്ഞമട്ടിൽ ചിരിച്ചു.

"നിർത്തൂ"

ജോണി പിടി വിട്ട് മുന്നോട്ട് ചരിഞ്ഞു. സണ്ണി കയറി പിടിച്ചു. പുഷ്പചക്രം തെറിച്ചു. ജോണി കൈകമ്പിയിൽ മുഖം ചേർത്തു കരഞ്ഞു.

ബസിനുള്ളിൽ നിറഞ്ഞ പൊട്ടിച്ചിരിയിൽ ഭീകരമായി വിജയന്റെ ശബ്ദം തറഞ്ഞുകയറി.

"നാമുടനെ മരണവീട്ടിൽ എത്തിച്ചേരും".

# പറയാമോ?

1. ഗുട്ട്മോർഗൻ' എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. 'Biblioicle' ആരാണ്?
3. Molevulan Injection എന്നാലെന്ത്?
4. ലോകത്താദ്യം സ്വാതന്ത്ര്യം നേടിയ രാജ്യമേത്?
5. 'Socrates' നെ കൊല്ലാനുപയോഗിച്ച വിഷം?
6. ശ്രീമതി കമലാദാസിന്റെ ആത്മകഥയേത്?
7. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പട്ടണം
8. ജപ്പാനിലെ നാഗസാക്കിയിൽ വീണ ബോംബിന്റെ പേര്?
9. ലോകത്തിലേറ്റവും കൂടുതൽ യുറേനിയം ഉത്പാദിപ്പിക്കുന്ന രാജ്യമേത്?
10. ഭാരതത്തിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രത കുറഞ്ഞ സംസ്ഥാനം
11. കൂടുതൽ ഓർമ്മയുണ്ടാക്കുന്നതിനുവേണ്ടി ശാസ്ത്രലോകം കണ്ടുപിടിച്ച ഔഷധം?


എല്ലാവിധമായ ഇലക്ട്രോണിക്
ഉപകരണങ്ങളും (ടി.വി, VCR,
ടേപ്പ് റിക്കോർഡർ) മുതലായവ
ഉത്തരവാദിത്വത്തോടുകൂടി
ചെയ്തുകൊടുക്കുന്ന
ഏക സ്ഥാപനം

പ്രണവം
വീഡിയോസ്
ടി.കെ.എം. ആർട്സ്
കോളേജിനു സമീപം
കരിക്കോട്

ടി.വി, വി.സി.ആർ
വീഡിയോ കാസറ്റ്
വാടകയ്ക്ക് കൊടുക്കുന്നതാണ്
ആഡിയോ വീഡിയോ
റിക്കാർഡിംഗ്, ആന്റിന
റിപ്പയറിംഗ് ഇറക്കൽ
മുതലായവയും
ചെയ്തുകൊടുക്കുന്നു.


എവിടെ സ്ത്രീകൾ ആദരിക്കപ്പെടുന്നുവോ
അവിടെ ദേവതകൾ പ്രസാദിക്കുന്നു.
എവിടെ അവർ ആദരിക്കപ്പെടുന്നില്ലയോ
അവിടെ ചെയ്യുന്ന പ്രവർത്തികളെല്ലാം
വിഫലമാകും. സ്ത്രീകൾ ആദരിക്കപ്പെടുന്ന
ഗൃഹങ്ങളിൽ ശാന്തിയും ഐശ്വര്യവും
നിറയും
അവർ ദുഃഖിക്കാൻ ഇടവരുന്ന ഗൃഹങ്ങൾ
നാശമടയും........


ഫാഷൻ
മെയിൻറോഡ്
കൊല്ലം


## പറയാം.....

1. Good Morning
2. ലോകത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങളെ സ്നേഹിക്കുന്നയാൾ
3. മരുന്നുകളിലൂടെ അറിവ് ജനങ്ങൾക്ക് പകർന്നുകൊടുക്കുന്ന സമ്പ്രദായം
4. അമേരിക്ക (1776)
5. ഹെംലക്
6. എന്റെ കഥ
7. ടോക്കിയോ (ജപ്പാൻ)
8. Fat man
9. കാനഡ
10. സിക്കിം
11. വസോപ്രസിൻ


സുരേഷ്ബാബു. പി
രണ്ടാം വർഷ സാമൂഹ്യശാസ്ത്രം






# റാഷിദ് II A2

വർഷങ്ങൾക്കുമുമ്പ് സ്വീഡിഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ഗുന്നാർമിർദാൽ ലോകത്തിലെ (Softest State) സോഫ്റ്റസ്റ്റ് സ്റ്റേറ്റ് എന്ന് വിശേഷിപ്പിച്ച നാട്- മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തെക്കാൾ ശ്രേഷ്ഠവും എന്ന് പഠിപ്പിച്ച വേദങ്ങളുടെ നാടാണെങ്കിൽ- ഈ നൂറ്റാണ്ടിന്റെ പകുതിക്ക് എട്ടുവർഷങ്ങൾമാത്രം ബാക്കിനില്ക്കേ- നാൽപത്തിഎട്ടിൽ നാടൻതോക്കുകൊണ്ട് യാതനയ്ക്ക് വേതനം ചോദിക്കാതെ, രാഷ്ട്രം മുഴുവനും സ്വാതന്ത്ര്യപ്രാപ്തിയിലുലയടിക്കുമ്പോഴും വർഗ്ഗീയ വിദ്വേഷത്തിന്റെ ചോരക്കളങ്ങളിൽ വടികുത്തിനടന്ന് പാവപ്പെട്ടവന്റെ കണ്ണീരൊപ്പുവാ ലോകത്തിന്റെ വഴിവിളക്കായ രാഷ്ട്രപിതാവിനേയും എൺപത്തിനാലിൽ യന്ത്രതോക്കുകൊണ്ട് ഇന്ദിരാഗാന്ധിയേയും 91-ൽ അത്യന്താധുനികമായ ബെൽറ്റ്ബോംബുകൊണ്ട് രാജീവ് ഗാന്ധിയേയും കൊലപ്പെടുത്തിയത് ഇന്ത്യൻ സാങ്കേതിക വിദ്യയുടെ വളർച്ചയല്ല മറിച്ച് ഇന്ത്യയിൽ നിലനിക്കുന്നത് hardest democracy (ഹാർഡസ്റ്റ് ഡെമോക്രസി) യാണെന്നുള്ളതാണ് കാണിക്കുന്നത്.

ഭാരതം പുണ്യഭൂമിയാണ്, നാലായിരത്തിലധികം വർഷത്തെ സാംസ്കാരികപാരമ്പര്യം ഭാരതീയർക്കുമാത്രം അവകാശപ്പെടാവുന്ന ഒന്നാണ്. ലോകത്താദ്യമായി ഒരു പൊതുവേദിയിൽ വച്ച് ലോകത്തിലെ വിവിധ ജനവിഭാഗങ്ങളുടെ പ്രതിനിധികളെ കറുത്തവനെന്നോ വെളുത്തവനെന്നോ തരം തിരിക്കാതെ "എന്റെ സഹോദരീസഹോദരന്മാരെ" എന്ന് സംബോധനചെയ്ത വിവേകാനന്ദസ്വാമികളുടെ നാടാണ് ഭാരതം, ലോകത്തിന്റെ വഴിവിളക്കായിരുന്ന ഗൗതമബുദ്ധന് ജന്മം നൽകിയ നാടും സമസ്തലോകങ്ങളും സുഖമായി വാഴട്ടെ എന്ന് ഉദ്ഘോഷിക്കുന്ന വേദങ്ങളുടെ നാടും ഭാരതം തന്നെ. ലോകക്ഷേത്രങ്ങളുടെ സ്വച്ഛന്ദവിഹാരഭൂമിയും അനുഗ്രഹീതമായ പുണ്യഭൂമിയാണ് ഭാരതം. പക്ഷേ അത് ഭാരതത്തിന്റെ ഒരു വശം മാത്രം മറുവശമോ.

സഹനസമരത്തിലൂടെ ലോകത്തെ കീഴടക്കിയ ലോകം കണ്ട ഏറ്റവും വലിയ അഹിംസാ വാദികളിലൊരാളായ രാഷ്ട്രപിതാവിനെയും ഇന്ത്യൻ ഡെമോക്രസിയെ ഏറ്റവും മൃദുലമായിട്ടുള്ളത് എന്ന് വിശേഷിപ്പിച്ച മിർദാലിന്റെ വായടച്ചുകൊണ്ട് പ്രധാനമന്ത്രി പദത്തിലിരുന്ന അമ്മയേയും, യുവഭാരതത്തിന്റെ നിത്യപ്രതീക്ഷയായിരുന്ന പുത്രനേയും രക്തസാക്ഷിയാക്കിയതും പോകട്ടെ രാഷ്ട്രപിതാവിന്റെ ചിതാഭസ്മം ഗംഗയിലൊഴുക്കി 40 വർഷങ്ങൾ കഴിഞ്ഞിട്ടും രാഷ്ട്രപിതാവിനെ കൊന്ന ഗോഡ്സേ എന്ന മതഭ്രാന്തന്റെ ഓർമ്മകൾ നിത്യപ്രചോദനം എന്ന നിലയിൽ ഇന്നും സൂക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ ഇന്ത്യയ്ക്കെന്തുപറ്റി എന്ന ചോദ്യത്തിന് നാം തലമുടിനാരിഴകൾക്കിടയിലൂടെ വിരലുകൾപായിച്ച്, ചിന്തയുടെ ജടപിടിച്ച

# സ്ത്രീയെപ്പറ്റി മഹാൻമാർ

ഐക്യത്തെ ഇല്ലാതാക്കി ഇന്നത്തെ പിന്നോട്ടുകൊണ്ടുപോകുന്നു.

വികാരിയ വിപ്ലവങ്ങളുടേയും സ്വർണ്ണയുഗത്തിന്റെയും തത്വശാസ്ത്രങ്ങളുടെ പണിപ്പുരയായി ഭാരതീയന്റെ മനസ്സ് മാറിക്കഴിഞ്ഞിരിക്കുന്നു. പ്രബുദ്ധസാക്ഷരതയുടെ നെറ്റിത്തടങ്ങളിൽ വെടിയുണ്ടകൾ കൊണ്ട് ചോരപ്പുഴ തീർത്ത കാപാലികരും, കൊലക്കത്തി ഏന്തിപ്പിടിച്ച് ഗോത്രവർഗ്ഗങ്ങൾക്കുനേരെ വീഴുന്ന പകയും ചോരയിൽ മുങ്ങിക്കുളിച്ച പ്രഭാതങ്ങളുമാണിന്നുള്ളത്. ന്യൂനതയും മതാന്ധതകളുടെ ഗർഭത്തിലും ജനിക്കപ്പെടുന്ന തീവ്രവാദവും സ്വേച്ഛാധിപത്യങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഭരണകൂടങ്ങളും ഇന്ത്യയുടെ പൈതൃകവിശ്വാസങ്ങളുടെ നാരായ വേരറുക്കുമ്പോൾ ഓരോ ഭാരതീയനും ഇന്ത്യയെക്കുറിച്ച് എന്ത് ചോദിക്കുന്നത് സ്വാഭാവികം മാത്രം.

ചരിത്രപുരുഷന്മാരുടെ ഇടവേളകളിൽ കാരണങ്ങൾ തേടി ഉത്തരങ്ങളിലെത്തിയവർ രാഷ്ട്രീയത്തെയാണ് പ്രതിക്കൂട്ടിലാക്കുന്നത്. ബുദ്ധിജീവികളും വിപ്ലവകാരികളും പരിഷ്കർത്താക്കളും എഴുത്തുകാരും ശില്പികളും സമൂഹത്തിന്റെ സമഗ്ര ലക്ഷ്യത്തിന്റെ ഭാഗങ്ങളാണെങ്കിൽ ഇവരൊക്കെ ഉൾപ്പെടുന്ന പ്രജകൾക്ക് കുടിനീരും കഞ്ഞിയും കൊടുക്കാൻ സ്വയംപര്യാപ്തമല്ലാതായി തീരെക്കെട്ടിപ്പൂട്ടിയ ഭാരതത്തിന്റെ ഭരണവർഗ്ഗമാണ് പ്രജകളുടെ പട്ടിണി വിശപ്പുകൾക്കിടയിൽ കള്ളനാടകം നടിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ സാധിക്കുക.

മനുഷ്യന് അസ്വസ്ഥനാണ്. കമ്മ്യൂണിസത്തിന്റെ ചെങ്കൊടി ലോകത്തെങ്ങും തൊഴിലാളിവർഗത്തിന് മുദ്രാവാക്യം വിളിച്ചതും ദേശീയതയ്ക്കായി നിലകൊണ്ടതും സോഷ്യലിസത്തിനായി ജീവൻ കൊടുത്തതും മാർക്സിന് ജയ്‌വിളിച്ചതും ഗോർബച്ചേവ് പരിഷ്കാരത്തിന്റെ പുതിയ പതാകയിലൂടെ കെട്ടിപ്പിടിച്ചുള്ള ലൈംഗികസ്വാതന്ത്ര്യവാദികളും ലെനിന്റെ ചെങ്കൊടികളിൽ ക്രിസ്തുവിന്റെ കുരിശടയാളം തുന്നിപ്പിടിപ്പിക്കാൻ ശ്രമിച്ചതും ജനാധിപത്യത്തിന്റെ മൊത്തവിതരണക്കാരായി അഭിമാനിച്ചതും മാർക്സിസം പ്രസംഗിച്ച് തളർന്ന് ഗാന്ധിയൻ ചിന്തയിലേക്ക് കയറാൻ പോകുന്ന ആധുനിക വിപ്ലവകാരികളും ഉൾപ്പെടെ എല്ലാവരും അസ്വസ്ഥരാണ്. ഈ അസ്വസ്ഥതയാകാം ആധുനിക മനുഷ്യനെ കലാപകാരികളാക്കിയത്.

ഇന്ത്യയ്ക്കാവശ്യം പരാജയപ്പെട്ട പ്രത്യയശാസ്ത്രങ്ങളുടെ ശവകുടീരത്തിന് മുന്നിൽ നിരാശരായി നിൽക്കുന്ന ഒരു സമൂഹമല്ല. രാഷ്ട്രത്തെ മറക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോ, നൂറ്റാണ്ടുകളായി നാം നേടിയെടുത്തതെന്ന് അഭിമാനിക്കുന്ന മിഥ്യാസങ്കല്പങ്ങളുടെ പുതിയ പതിപ്പുകളോ അല്ല. ദേശകാലാവസ്ഥകളിലൂടെ ഉരുത്തിരിഞ്ഞ ഭാരതത്തിന്റെ ചക്രങ്ങൾ കറക്കിപ്പിടിക്കാൻ ജനതയെ സഹായിക്കുന്ന പുതിയൊരു ജീവിതവേദമാണ്. പരിവർത്തനത്തിന്റെ പ്രസ്ഥാനവുമായി ഒരു ഇന്ന് കാലത്തിന് കീഴടക്കാൻ പറ്റാത്ത, വഴിയിൽ വച്ച് വഴങ്ങാത്ത പുതിയൊരു വ്യവസ്ഥിതിക്കു മാത്രമേ ഭാരതത്തെയെന്നല്ല ലോകത്തെത്തന്നെയാകെ പ്രതിബന്ധങ്ങളുടെ ചുറ്റുപാടുകൾ പറയപ്പെടാതെ മുന്നോട്ട് നയിക്കാനാവൂ.

സ്ത്രീ സ്നേഹത്തിന്റെയും ക്ഷമ സഹനത്തിന്റെയും മൂർത്തിയാണ്

-ഗാന്ധിജി-

നാരികൾ, നാരികൾ വിശ്വവിപത്തിന്റെ നാരായ വേരുകൾ

-ചങ്ങമ്പുഴ-

കാപട്യമേറിയ അസ്ഥിരമേ നിന്റെ പേർ സ്ത്രീയെന്നാണ്

-ഷേക്സ്പിയർ-

മര്യാദയും ദൈവഭക്തിയുമുള്ള വനിത മഹിമയായ ലക്ഷം മനുഷ്യരെയും തുല്യനാക്കിത്തീർക്കുന്നു

-മുഹമ്മദ് നബി-

---

**മഹത് വചനങ്ങൾ**

സ്ത്രീകളെ സൂക്ഷിക്കുക!

സ്വർഗ്ഗത്തിൽ പണിതീർപ്പുകൾ ഭൗതിക ജീവിതത്തിൽ നടപ്പിലാക്കുന്നവളാണ്

-ഷില്ലർ-

നിർവചനമില്ലാത്ത ഒരു ഇതിഹാസമാണ് സ്ത്രീ

-സ്കോട്ട്-

സമൂഹ പരിവർത്തനത്തെപ്പറ്റി എല്ലാവരും ചിന്തിക്കുന്നു. എന്നാൽ സ്വയം പരിവർത്തനത്തെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല.

-ലിയോ ടോൾസ്റ്റോയ്-

അറിവില്ലായ്മയിൽ അറിവില്ലെന്ന അറിവുണ്ടായിരിക്കുക അറിവാണ്

-കൺഫ്യൂഷ്യസ്

സഹായിക്കുന്ന ഹസ്തം പ്രാർത്ഥിക്കുന്ന അധരങ്ങളെക്കാൾ നല്ലതാണ്

-ആഗസ്ത് സെന്റ്

വിവേകി സംസാരിക്കുന്നതിന് മുമ്പ് ചിന്തിക്കുന്നു, മൂഢനാകട്ടെ സംസാരിച്ച് കഴിഞ്ഞാണ് അതിനെപ്പറ്റി ചിന്തിക്കുന്നത്

-സെബീലി

സമ്പാദക
-ഷിബാനാ
യൂസഫ്



# സ്വതന്ത്രപാലസ്തീൻ-അവലോകനം

പാലസ്റ്റീൻ പ്രശ്നം അന്തർദ്ദേശീയ പ്രാധാന്യമുൾക്കൊള്ളുന്ന ഒന്നാണ്. പാലസ്റ്റീൻ മധ്യകിഴക്കൻ ഭാഗത്ത് രാഷ്ട്രീയമായും സാംസ്കാരികമായും ഉയർന്ന നിലവാരം പുലർത്തുന്ന ഒരു പ്രദേശമാണ്. ഈ ഭൂവിഭാഗം പലഘട്ടങ്ങളിലും വിദേശിയരുടെ കൈകളിലായിരുന്നു. ഒരു ഘട്ടത്തിൽ റോമാ സാമ്രാജ്യവും മറ്റൊരു ഘട്ടത്തിൽ ഒട്ടോമൻ സാമ്രാജ്യവും ഇവിടെ ഭരണം നടത്തി.

19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ പുതിയ ഒരു നീക്കത്തിന് തുടക്കം സ്ഥാപിക്കാനുള്ള നീക്കം ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ സഖ്യകക്ഷികളെ സിയോണിസ്റ്റുകൾ സഹായിച്ചിരുന്നു. ഇതിന്റെ പ്രതിഫലമായിട്ട് ഒന്നാം ലോകമഹായുദ്ധംഅവസാനിക്കുന്നതിന് ഒരു വർഷം മുൻപ് ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായിരുന്ന Balfour 1917 നവ2-ൽ സിയോണിസ്റ്റുകൾക്ക് അനുകൂലമായ ഒരു പ്രഖ്യാപനം നടത്തി. ഇതിൽ ജൂത വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു മാതൃരാഷ്ട്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. ഇത് ജൂതന്മാർക്ക് കൂടുതൽ പ്രോത്സാഹനം നൽകി. ഈ പ്രഖ്യാപനത്തിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജൂത വിഭാഗ ത്തിൽപെട്ടവർ തങ്ങളുടെ മാതൃരാജ്യത്തേയ്ക്ക് മടങ്ങണമെന്ന് അഭ്യർത്ഥിച്ചു. ബ്രിട്ടൻ,ഫ്രാൻസ്, അമേരിക്ക എന്നീ രാഷ്ട്രങ്ങൾ ഈ നീക്കത്തെ പിന്തുണച്ചു. എന്നാൽ ഈ തീരുമാനത്തെ അറബ് രാഷ്ട്രങ്ങൾ ആദ്യഘട്ടത്തിൽതന്നെ എതിർക്കുകയും അവരുടെ ശക്തികേന്ദ്രങ്ങളിൽ എതിർപ്പുപ്രകടിപ്പിക്കുകയും ചെയ്തു. ഈ എതിർപ്പുകൾ ക്രമേണ ഒരു തുടർ സംഭവമായി മാറി. അറബ്-ഇസ്രായേൽ സംഘട്ടനം എന്ന പേരിൽ അറിയപ്പെട്ടു. ലോകസിയോണിസ്റ്റ് സംഘടനയുടെ നേതൃത്വത്തിൽ തന്ത്രപരമായ നീക്കങ്ങളിലൂടെ ജനങ്ങളെ പാലസ്റ്റീനിലേക്ക് കൊണ്ടുവന്നിരുന്നു

1948 May 14-ാം തീയതി Jewish ഏജൻസി ഇസ്രായേൽ എന്ന പുതിയ രാഷ്ട്രം പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തെ അമേരിക്കയും മറ്റ് യൂറോപ്യൻ രാജ്യങ്ങളും പിന്താങ്ങി.

ഇതിനുശേഷം പാലസ്റ്റീനിൽ ഉണ്ടായിരുന്ന അറബിവംശജരെ പുറത്താക്കി. മാതൃരാഷ്ട്രം നഷ്ടപ്പെട്ട ഇവർ വിവിധ ഭാഗങ്ങളിലേക്ക് പലായനം നടത്തി. സിയോണിസ്റ്റുകളുടെ ഭീഷണി തുടർന്നു പോന്നു. എല്ലാ നീക്കങ്ങൾക്കുംപിന്നിൽ യൂറോപ്യൻ രാഷ്ട്രങ്ങളും അമേരിക്കയും ഉണ്ടായിരുന്നു. മാതൃഭൂമി നഷ്ടപ്പെട്ട അറബികൾ അഭയാർത്ഥികളായി. 1948 മുതൽ 52 വരെ ഏകദേശം 25 ലക്ഷത്തോളം അറബികൾ ഇത്തരത്തിൽ പാലസ്തീൻ വിടേണ്ടിവന്നു. ചെറിയ ലെബനൻ, ജോർദാൻ, എന്നീ രാജ്യങ്ങളിൽ ക്യാമ്പുകൾ നിർമ്മിച്ച് കഴിഞ്ഞുകൂടുവാൻ ഇവർ ബാധ്യസ്ഥരായി. ഇവരെ സഹായിക്കുവാൻ പൊതുഫണ്ട് രൂപീകരിച്ചു. വീടും സ്ഥലവും നഷ്ടപ്പെട്ട അറബികളെ പുനരധിവസിപ്പിക്കുവാൻ നടത്തിയ എല്ലാ ശ്രമങ്ങളും ഇസ്രയേൽ വിഫലമാക്കി. വർഷങ്ങളായി ഇവർ ക്യാമ്പുകളിൽ കഴിഞ്ഞുകൂടുന്നു. അറബ് രാഷ്ട്രങ്ങൾ ഒരുമിച്ച് ചേർന്ന് ഇസ്രയേലിന് എതിരായി നടത്തിയ നീക്കങ്ങൾ പരാജയപ്പെട്ടു. പാലസ്റ്റീൻ ഒളിപ്പോരാളികൾ Fedayins എന്ന ഒരു തീവ്രവാദി സംഘടന രൂപീകരിച്ച് ഇസ്രായേലിന് എതിരായി തുടരെ ആക്രമണം നടത്തി. 1856-ൽ ഇത് ഒരു തുറന്ന യുദ്ധത്തിന് വഴിയൊരുക്കി.

1964-ൽ പാലസ്തീനിൽ അഭയാർത്ഥികൾ അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ വേണ്ടി അഹമ്മദ് ഷുഖൈരിയുടെ നേതൃത്വത്തിൽ P.L.O രൂപീകരിച്ചു. 1967 ലെ അറബ് ഇസ്രായേൽ യുദ്ധത്തിന് ശേഷം P.L.O യ്ക്ക് ചില കനത്ത തിരിച്ചടികൾ ലഭിച്ചു. പാലസ്റ്റീൻ നാഷണൽ കൗൺസിൽ 1967-ൽ യോഗം ചേർന്ന് P.L.O. യ്ക്ക് ഒരു പുതിയ നേതൃത്വം ആവശ്യപ്പെട്ടു. യാസർ അരാഫത്തിനെ ചെയർമാൻ ആക്കി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിച്ചു.

മാതൃരാജ്യം നഷ്ടപ്പെട്ട പാലസ്തീൻ അവരുടെ ദേശം തിരിച്ചുപിടിക്കുവാനുള്ള ശ്രമങ്ങളിലും പോരാട്ടങ്ങളിലും ഇപ്പോ



**അബ്ദുൾവഹാബ്.എ**
**മൂന്നാംവർഷ ബിരുദം.**

ഴും വ്യാപൃതരായിരിക്കുന്നു. അരാഫത്തിന്റെ നേതൃത്വം കഴിഞ്ഞ 25 വർഷമായി അവർ സ്വീകരിച്ചിരിക്കുന്നു. മധ്യകിഴക്കൻ രാജ്യങ്ങളിൽ നിലനിൽക്കുന്ന രണ്ടു പ്രധാന വിഷയങ്ങളാണ് എണ്ണയും അഭയാർത്ഥി പ്രവാഹവും. ഈ രണ്ട് വിഷയങ്ങളും നേരിട്ട് ബന്ധമില്ലെങ്കിലും അറബികളുടെ ഇടയിൽ പരിഹാരം പൂർണ്ണമായും നേടുവാൻ ഈ വിഷയങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മാതൃരാജ്യ നഷ്ടപ്പെട്ട ഒരു വിഭാഗമാണ് മറ്റൊരു വിഭാഗത്തിന്റെ ദേശം പിടിച്ചെടുക്കുകയും അഭയാർത്ഥികളായി അലയുവാൻ പ്രേരിപ്പിക്കുകയും ചെയ്തത്. പാലസ്തീനികൾക്ക് തങ്ങളുടെ ദേശം നഷ്ടപ്പെടുകയും ഇസ്രായേലികൾക്ക് നഷ്ടപ്പെട്ടപ്രദേശം തിരിച്ചുകിട്ടുകയും ചെയ്തു. അഭിപ്രായ സമന്വയത്തിലൂടെ രണ്ടു വിഭാഗങ്ങളേയും സംരക്ഷിക്കുവാനുള്ള ചുമതല വൻശക്തികൾക്കുണ്ടായിരുന്നു. പാലസ്തീനികൾ ഭൂമി നഷ്ടപ്പെട്ടതോടെ പാലായനം ചെയ്ത് ജോർദ്ദാനിലേക്കും സിറിയയിലേക്കുമാണ്. ഇത് ഇവിടെ സാമൂഹ്യപ്രശ്നങ്ങൾക്ക് വഴിതെളിച്ചു.

U.N. സമിതി പാലസ്തീൻ പ്രശ്നത്തിൽ ഒരു തുറന്ന സമീപനം ഇതുവരെ നടത്തിയിട്ടില്ല. ഒരു കടമയെന്ന നിലയിൽ മാത്രണ്ണ പ്രശ്നങ്ങളെ നോക്കിക്കാണുന്നു. സമിതിയുടെ 242-ാന്ത്യ പ്രമേയം ഇസ്രാലീസേനെ പിടിച്ചെടുക്കപ്പെട്ട പാലസ്തീൻ പ്രദേശങ്ങൾ വിട്ടുകൊടുക്കണമെന്നുള്ളതാണ്. ഈ പ്രമേയം U.N അംഗീകരിച്ചെങ്കിലും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പാലസ്തീൻ ജനത ഇന്ന് അനുഭവിക്കുന്ന യാതനകൾ ആരുടേയും കരളലയിപ്പിക്കുന്നതാണ്. പിഞ്ചുകുഞ്ഞുങ്ങൾവരേയും മോചനത്തിനുവേണ്ടി പോരാടുന്നു.

പാലസ്തീൻ ജനതയെ ഇസ്രായേൽ പട്ടാളം നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങൾ കല്ലുകൊണ്ട് ഇസ്രായേൽ പട്ടാളത്തെ നേരിടുമ്പോൾ പട്ടാളം വെടിയുണ്ടകൾകൊണ്ട് അതിനെ നേരിടുന്നു. പല രാജ്യങ്ങളുടേയും സഹായം കൊണ്ടാണ് പാലസ്തീൻ ജനത ജീവിക്കുന്നത്. കഴിഞ്ഞ ഇറാക്ക് -സഖ്യകക്ഷിയുദ്ധത്തിൽ സദ്ദാം ഹുസൈനെ പിന്തുണച്ച യാസർ അരാഫത്തിന്റെ നടപടിയെ ചില അറബ് രാഷ്ട്രങ്ങളും വൻ ശക്തികളും അപലപിച്ചു. ചില രാഷ്ട്രങ്ങൾ പാലസ്തീനികൾക്ക് നൽകിക്കൊണ്ടിരിന്ന അവരുടെ സഹായങ്ങൾ ചുരുക്കുകയും ചെയ്തു.

എതിർപ്പുകളും അപകടങ്ങളും ധാരാളം അരാഫത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. ഇവയിൽ നിന്നെല്ലാം ഭാഗ്യം കൊണ്ടുമാത്രമേ രക്ഷപെടു. ഒരു സഞ്ചാരപ്രീയനായ അരാഫത്ത് 1992 ഏപ്രിൽ 8ന് ഉണ്ടായ ഒരു അപകടത്തിൽനിന്ന് അത്ഭുതകരമായി രക്ഷപെട്ടു. ലിബിയൻ മരുഭൂമിയിലെ മണൽക്കാറ്റിൽ നിലംപതിച്ച ഈ വിമാനദുരന്തത്തിൽ മൂന്നു വൈമാനികർ മരണമടഞ്ഞു. വാർത്താ മാധ്യമങ്ങൾ "മൂന്നാം ലോകത്തിന്റെ കാല്പനിക വിപ്ലവകാരിയെന്ന്" വിശേഷിപ്പിച്ചിട്ടുണ്ട്. പാലസ്തീൻ പ്രശ്നം പരിഹരികുന്നതിനുവേണ്ടി ശ്രമിക്കും എന്നുള്ള ഇസ്രായേലിന്റെ പുതിയ പ്രധാനമന്ത്രിയുടെ പ്രഖ്യാപനം ആശാവഹമാണ്. എത്രയും വേഗം പാലസ്തീൻ മോചിതമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം!!! ●


HOTEL
THUSHARA
NEAR T.K.M.C.E
KARICODE

# പഥികന്റെ സ്വപ്നം

കൃഷ്ണകുമാർ
II B.A

രാത്രിതൻ നിലാവിൽ,
ധരിത്രിതൻ മടിയിൽ-
തലചായ്ച്ചുമയങ്ങവേ;
പുത്തനൊരിന്ത്യയെൻ കരൾ-
ഭിത്തിയിൽ പടരുന്നു.
അവിടില്ല ജാതികൾ, മതങ്ങളും,
മനുഷ്യനെ മനുഷ്യനായ്-
കാണുന്നോൻ മാത്രം-
ഈയൊരിന്ത്യാ പുത്തനൊരിന്ത്യ
കാശ്മീരും മണക്കുന്ന നാട്ടിലിന്ന്,
കശ്മലൻമാരുടെ താണ്ഡവമോ?
അഞ്ചുനദികൾ സംഗമിക്കുന്നതാം,
പഞ്ചാബിലിന്നു സംഗമിക്കുന്നു
രക്തപ്പുഴകൾ
അക്ഷരമറിവിൻ തോണിയിലേകിയ,
സാക്ഷരകേരളമെന്നവർ വാഴ്ത്തിയ,
ആര്യന്റെ സംസ്കൃതിയിലാണ്ടു മുറുകിയ,
കേരംതിങ്ങും കേരളനാട്ടിലോ;
'വർണ്ണം' രക്തം വാരിവിതറുന്നു-
കാശ്മീരിൽ പൂക്കുന്ന പൂവിനിന്നെന്തേ?
ശോണഗന്ധവും വർണ്ണവും മാത്രമോ?
അലയടിച്ചെത്തുന്നു, സൗഗന്ധമിന്നിതാ-
കന്യാകുമാരി മുനമ്പുമുറിച്ചെന്നും
രാത്രിതൻനിലാവിൽ
ധരിത്രതൻ മടിയിൽ
തലചായ്ച്ചു മയങ്ങവേ
പുത്തനൊരിന്ത്യയെൻ കരൾ
ഭിത്തിയിൽ പടരുന്നു.



ആശംസകളോടെ

# മയൂരം

## റെഡിമെയ്ഡ് & കട്ട്പീസ് സെന്റർ

**ചാമക്കട റോഡ്, കൊല്ലം-1**

ചിന്നക്കട മുസ്ലിം പള്ളിക്കു മുൻവശം

ഉയർന്ന ഗുണനിലവാരമുള്ള കമ്പനികളുടെ
പാന്റ്സ്, ഷർട്ടിംഗ്, സ്യൂട്ടിംഗ്, ജീൻസ്, കോട്ടൺ ഷർട്ട്സ്
ചുരിദാർ, മിഡികൾ, കുട്ടികൾക്കുള്ള റെഡിമെയ്ഡ് വസ്ത്ര
ങ്ങളുടെയും പ്രശസ്തമില്ലുകളിൽ നിന്നുള്ള മേൽത്തരം
വെറൈറ്റിയായ എല്ലായിനം കട്ട്പീസ് തുണിത്തരങ്ങളുടെയും
പുത്തൻ ശേഖരം

---

ആശംസകൾ

# പ്രിയദർശിനി

## ഫാൻസി സ്റ്റോർസ്

ടി.കെ.എം.
ആർട്സ് കോളേജിനു സമീപം
കരിക്കോട്

**പ്രിയ** ഫുട്‌വെയർ

---

ആശംസകൾ

നവീന രീതിയിലുള്ള
22ct. സ്വർണ്ണാഭരണങ്ങൾക്കും,
വെള്ളി ആഭരണങ്ങൾക്കും
ഒരു കമനീയ കലവറ

# അമര

## ഫാഷൻ ജുവലറി

കിളികൊല്ലൂർ. ഫോൺ.535

നാം ഭൂമിയെ സർവ്വം സഹ എന്നു വിളിക്കുന്നു. പക്ഷേ, ഭൂമിയുടെ മക്കളായ നാം കാട്ടിക്കൂട്ടുന്ന എല്ലാ പ്രവർത്തികളും നമ്മുടെ അമ്മ സഹിക്കുമോ? അത്ര നിഷ്കരുണമായാണ് നാം നമ്മുടെ അമ്മയോടു പെരുമാറുന്നത്. ഈ പ്രവൃത്തികളുടെ ഫലമായി നാം ഉൾപ്പെടെ എല്ലാ ജീവജാലങ്ങളും നാശത്തെ നേരിടുകയാണ്.

അൽപ്പ ലാഭത്തിനായി മനുഷ്യൻ ചെയ്തുകൂട്ടുന്ന പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയമായ ചൂഷണവും, അന്തരീക്ഷ മലിനീകരണ പ്രവർത്തനങ്ങളും, ഭൂമിയുടെ പരിസ്ഥിതിയെ തകിടം മറിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും, യുദ്ധങ്ങളും, വനവൽക്കരണവും വനനശീകരണവും എല്ലാം തന്നെ ഭൂമിയുടെ നാശം ഉറപ്പിക്കും. കറന്നുകുടിക്കുന്നതിനുപകരം കൊന്നുതിന്നുക എന്ന രീതിയാണ് മനുഷ്യൻ കൈക്കൊണ്ടിരിക്കുന്നത്.

ഇത്തരം പ്രവർത്തനങ്ങൾ വഴി ഭൂമിക്കുണ്ടാകുന്ന നാശത്തെ കുറിച്ച് ലോകരാഷ്ട്രങ്ങൾ ചിന്തിക്കാൻ തുടങ്ങിയതിന്റെ തെളിവാണ് ബ്രസീലിലെ റിയോഡിജനീറോയിൽ നടന്ന പരിസ്ഥിതി ഉച്ചകോടി.

പ്രകൃതിയെ കീഴടക്കി സ്വന്തം പ്രതാപം പ്രതിഷ്ഠിച്ച് തന്നിഷ്ടംപോലെ പെരുമാറുന്നതിനുള്ള കഴിവുനേടുകയാണ് മനുഷ്യന്റെ മഹത്തായ ലക്ഷ്യമെന്ന് വിളിച്ചുകൂവുന്ന പാശ്ചാത്യരാണ് ഈ ഭൂമിയെ ഏറ്റവും കൂടുതൽ വിഷലിപ്തമാക്കാൻ ശ്രമിക്കുന്നത്. എന്നിട്ട് അതിന്റെ പഴി അവർ വികസ്വരരാജ്യങ്ങളുടെ പുറത്ത് കെട്ടിവയ്ക്കുകയും ചെയ്യുന്നു. വികസിത രാജ്യങ്ങളിലെ ബഹുരാഷ്ട്ര കുത്തകകൾ വികസ്വരരാഷ്ട്രങ്ങളിൽ വൻ ഫാക്ടറികൾ സ്ഥാപിക്കുകയും അതിൽനിന്നും വൻലാഭം നേടുകയും പകരം ആ വാടക ഗർഭപാത്രത്തിന് മാതാവിനും അവരുടെ മക്കൾക്കും വിഷം പ്രദാനം ചെയ്യുകയും ചെയ്യും. നമ്മുടെ രാജ്യത്തെ ഭോപ്പാൽ ദുരന്തം തന്നെ ഉദാഹരണം. ഇങ്ങനെ എത്രയോ രാജ്യങ്ങളിൽ ഈ കുത്തകകൾ വിഷം വിതയ്ക്കുന്നു.

നാം ശ്വസിക്കുന്ന വായുവും, കുടിക്കുന്ന ജലവും ജീവിക്കുന്ന മണ്ണ് എന്നിവയെല്ലാം ദിനംപ്രതി വിഷലിപ്തമായി കൊണ്ടിരിക്കുന്നു. മാത്രമല്ല അടുത്ത കാലത്തുണ്ടായിരിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും മനുഷ്യജീവിതത്തെ കാര്യമായി ബാധിക്കും എന്നാണ് ശാസ്ത്രാനുമാനം. അന്തരീക്ഷത്തിലെ വർദ്ധിച്ചുവരുന്ന ചൂട് ഈ വഴിക്കാണ് വിരൽചൂണ്ടുന്നത്. ഇത് ഗ്രീൻ ഹൗസ് പ്രഭാവം എന്ന പേരിലറിയപ്പെടുന്നു. ഈ അന്തരീക്ഷോഷ്മാവിലെ വർദ്ധനവ് ഒരു വൻലോകവിപത്തായി മാറിയേക്കാം.

ഈ ഗ്രീൻ ഹൗസ് പ്രഭാവത്തിനുള്ള പ്രധാന കാരണങ്ങൾ അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ വർദ്ധനവാണ്. ലോകത്തെമ്പാടുമുള്ള വ്യവസായശാലകളും വാഹനങ്ങളും പുറത്തുവിടുന്ന മാരകങ്ങളായ വാതകങ്ങൾ അന്തരീക്ഷത്തിനെ വിഷലിപ്തമാക്കിയിരിക്കുന്നു. വ്യവസായവത്ക്കരണം മൂലം പ്രതിവർഷം 200 ദശലക്ഷം $CO_2$ 50 ലക്ഷം ടൺ ഹൈഡ്രോകാർബണുകൾ 150 ദശലക്ഷം ടൺ സൾഫർ ഡൈയോക്സൈഡ് 200 ദശലക്ഷംടൺ ചാരം മുതലായവ അന്തരീക്ഷത്തിലേക്ക് തള്ളുന്നതായാണ് യുനെസ്കോയുടെ കണക്ക്. രണ്ടുലോകമഹായുദ്ധങ്ങളെക്കാളും വിനാശകരമായ പരിസ്ഥിതിവിനാശമാണ് ഇക്കഴിഞ്ഞ ഗൾഫ് യുദ്ധം ലോകത്തിന് വരുത്തി വച്ചത്. ഇറാക്ക് കത്തിച്ച എണ്ണക്കിണറുകളും കടലിൽ ഒഴുക്കിയ എണ്ണയും എത്രമാത്രം നാശമാണ് വിതയ്ക്കുന്നത്. അന്തരീക്ഷത്തിൽ കുമിഞ്ഞുകൂടുന്ന സൾഫർ ഡൈയോക്സൈഡും നൈട്രസ് ഓക്സൈഡും അമ്ലമഴ സൃഷ്ടിക്കുന്നു. ഈ മഴമൂലം ജലവിഭവവും വനസമ്പത്തും മത്സ്യ സമ്പത്തും മേൽമണ്ണും വരെ നശിക്കുന്നു.

# സർവ്വം സഹയായ ഭൂമി.... ചരമക്ഷ...

സർവ്വം സഹയായ ഭൂമി പക്ഷേ......

## അഭിലാഷ്.എസ്.എസ്

I. A1



എല്ലാ മലിനീകരണവും തകർക്കുന്നത് സമുദ്രത്തിലെ ജൈവസമ്പത്തിനെയും ഓസോൺ പടലത്തെയുമാണ്. നമ്മുടെ ഭൗമമണ്ഡലത്തിലെ ഓക്സിജന്റെ 70 % വും സമുദ്രത്തിലെ സസ്യലോകമാണ് പ്രദാനം ചെയ്യുന്നത്. ഇതിനാൽ സമുദ്രത്തെ കരയുടെ ശ്വാസകോശം എന്നു വിളിക്കുന്നു. സമുദ്രമലിനീകരണത്തിന് പ്രധാനകാരണം, മലിനീകരിക്കപ്പെട്ട നദികളിലൂടെ ഒഴുകിവരുന്ന ജലമാണ്. ലോകത്തിലെ മിക്കനദികളും മലിനീകരിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധമായ ഗംഗാനദിപോലും മലിനമായില്ലേ? സമുദ്രത്തിലെ ഫൈറ്റോ പ്ലഗ്ടണുകൾ എന്നു പറയപ്പെടുന്നവയുടെ പ്രവർത്തനംമൂലമാണ് ഓക്സിജൻ രൂപപ്പെടുത്തുന്നത്. സമുദ്രത്തിലെ മലിനീകരണംമൂലം അതു നശിക്കുകയാണ് വർഷംതോറും ആറുലക്ഷംടൺ പെട്രോളിയം പദാർത്ഥങ്ങളാണ് കടലിൽ എത്തുന്നത്. കഴിഞ്ഞ ഗൾഫ് യുദ്ധം അത് 6 ദശലക്ഷം ടൺ പെട്രോളിയം കൂടി കടലിലെത്തിച്ചു.

സൂര്യനിൽ നിന്നുള്ള മാരകമായ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിലെത്താതെ തടഞ്ഞുനിർത്തുന്ന ഓസോൺ പടലത്തിന് വിള്ളൽ വീണിരിക്കുന്നു. ദക്ഷിണ ധ്രുവത്തിനു മുകളിൽ ഉണ്ടായ വൻ വിള്ളൽ നിംബസ് എന്ന കൃത്രിമ ഉപഗ്രഹം എടുത്ത ഛായാചിത്രങ്ങ വഴികാണിച്ചു തന്നു. മാരകമായ അൾട്രാവയ ലറ്റ് രശ്മി ഏൽക്കുന്നവർക്ക് 20-30 വർഷത്തു കഴിഞ്ഞ് മാത്രമേ രോഗം പ്രത്യക്ഷമാകു. ഓസോൺ 3% കുറവ് വന്നാൽ പരിസര മലിനീകരണം കൂടുതൽ നടത്തുന്ന രാജ്യ ങ്ങളിൽ 400,000 കൂടുതൽ നേത്രരോഗികളുണ്ടാകുമത്രെ. വിവേകിയും, ബുദ്ധിമാനുമെന്ന് സ്വയം നടിച്ച മനുഷ്യന്റെ പ്രവർത്തന ഫലമാണ് ഈ ഓസോൺ പാളിയുടെ നാശം. ആഡംബര വസ്തുക്കളായ ഫ്രിഡ്ജ്, എയർ കണ്ടീഷണർ ചില വൻകിട കമ്പനികൾ എന്നിവ പുറംതള്ളുന്ന ക്ലോറോ ഫ്ലൂറോ കാർബൺ എന്ന മാരകവാതകമാണ്. ഇത് രണ്ടുതരമാണ് സി. എഫ്.സി പതിനൊന്നും സി. എഫ്. സി പന്ത്രണ്ടും. ഇതിൽ ആദ്യത്തേതിന് മാറ്റം ഒന്നും കൂടാതെ 75 വർഷത്തോളം പ്രകൃതിയിൽ നിലനില്കാം എന്നാൽ സി. എഫ്. സി പന്ത്രണ്ടിനാകട്ടെ 100 വർഷത്തോളമുണ്ടായുസ്സ്. ഓസോൺ മണ്ഡലത്തിലെത്താൻ സിഎഫ്. സിക്ക് അഞ്ചുകൊല്ലം മതി. ഓസോൺ മണ്ഡലത്തിലെത്തുന്ന ക്ലോറിൻ ആണ് ആദ്യം രാസപ്രക്രിയയിലേർപ്പെടുന്നത് മൂന്നാമത്തെ ഓക്സിജനുമായിട്ടാണ് അവയോജിപ്പിച്ച് ക്ലോറിൻ മോണോക്സൈഡ് ഉണ്ടാകും. അതോടെ നേരത്തെ ഉണ്ടായിരുന്ന ഓസോൺ ഓക്സിജനുമായിമാറുന്നു. ഇത്തരം ഒരു ക്ലോറിൻ ആറ്റത്തിന് ആയിരക്കണക്കന് ഓസോൺ തന്മാത്രകളെ തകർക്കാൻ കഴിയും.

ഇനി വനനശീകരണത്തെക്കുറിച്ച് ചിന്തിച്ചാലോ. അത് പറയാതിരിക്കുകയാണ് ഭേദം എന്നുതോന്നും. വനനശീകരണം ഭൂമുഖത്തെ ജലലഭ്യത ഇല്ലാതാക്കുന്നു മാത്രമല്ല മണ്ണൊലിപ്പിന് വഴിയൊരുക്കുകയും ചെയ്യുന്നു. മഴക്കാടുകൾ വെറും ആറുശതമാനമായി ചുരുങ്ങിയിരിക്കുന്നു. എന്നാൽ അവിടെയാണ് സസ്യങ്ങളും ജീവികളുമുൾപ്പെടെയുള്ള ജീവജാലങ്ങൾ വസിക്കുന്നത്. ഈ ജീവജാലങ്ങളും കൂടെ വംശനാശം നേരിട്ടാൽ ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്താനാവുകയില്ല. വനനശീകരണംമൂലം ഭൂഗർഭജലത്തിന്റെ ലഭ്യതയും കുറഞ്ഞുവന്നിരിക്കുകയാണ്. വനം ഇല്ലാതാകുന്നതോടെ മണ്ണൊലിപ്പു ഉണ്ടാകുന്നു.

ഈ മണ്ണെല്ലാം നദിയിലൂടെ ഒഴുക്കി സമുദ്രത്തിൽ എത്തിച്ചേരുന്നു. അമേരിക്കയിൽ മാത്രങ്ങ 170 കോടി ടൺ മേൽമണ്ണ് പ്രതിവർഷത്തു ഒലിച്ചുപോകുന്നു. ഇന്ത്യയിൽ ഗംഗാനദിയിലൂടെ വർഷംതോറും ഒഴുകിപോകുന്നത് 145.5 കോടി മെട്രിക്ടൺ എക്കലാണ്. എന്നാൽ തെക്കേ ഇന്ത്യയിലെ നദികളെല്ലാം കൂടി പ്രതിവർഷം 431 ദശലക്ഷം ടൺ എക്കൽ മണ്ണാണ് സമുദ്രത്തിലേക്ക് തള്ളുന്നത്. ഇത് നമ്മുടെ കൃഷി സമ്പത്താകെ തകർക്കുകയാണെന്നുള്ളത് ഒരു നഗ്ന സത്യമാണ്.

മണ്ണിലെ അമിത രാസവളപ്രയോഗവും മറ്റു പല കീടനാശിനികളും മണ്ണിന്റെ ജൈവികശേഷി തകർക്കുകയാണ്. ഇത് ഉത്പാദനക്ഷമതയെ കാര്യമായി സ്വാധീനിക്കുന്നു.

ഇങ്ങനെ ഭൂമി നാശത്തിന്റെ പടുകുഴിയിലേക്ക് വീണുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ആഗോളവ്യാപകമായി ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കാരണം ഈ തലമുറയും വരും തലമുറകളുമാണ് പരിസ്ഥിതിനാശത്തിന്റെ കെടുതി ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിയിരിക്കുന്നത്.

# ദിനരാത്രങ്ങൾ

ക്ലോക്കിൽ പന്ത്രണ്ടടിച്ചു.

ഘടികാരത്തിന്റെ സൂചികൾ- അയാളുടെ ചിന്തകൾപോലെ പുറകോട്ട് സഞ്ചരിക്കുന്നതായി അയാൾക്ക് തോന്നി. അയാൾക്ക് ഉറക്കം വന്നതേയില്ല. ചിന്തകളാണ് അതിന് കടിഞ്ഞാണിട്ടത്. തലേന്ന് രാത്രി വായിച്ച യക്ഷിക്കഥയിലെ ചെകുത്താൻ, ഭ്രാന്തന്റേതുപോലുള്ള ദുഷ്ടരൂപങ്ങൾ തന്റെ ഉറക്കം കെടുത്തുന്നതായി അനുഭവപ്പെട്ടു. അയാൾ ബെഡ്ഡിൽനിന്നുമെഴുന്നേറ്റ്-കഷായത്തിന്റെ കയ്പ് അനുഭവപ്പെടുന്നതുപോലെ-തണുത്ത വെള്ളം ഒറ്റവലിക്ക് കുടിച്ചിറക്കി. രാവേറെ ചെന്നപ്പോൾ അയാളെ ഉറക്കംമാടി വിളിച്ചു. അപ്പോഴേക്കും കറ ദുഷ്ട പിശാചുക്കളും അയാളുടെ മനസ്സിൽ കുടിയേറി.

പതിവുപോലെ കൃത്യസമയത്ത് അയാൾ എഴുന്നേറ്റു. തലേന്ന് രാത്രി ഉറക്കം വരാതിരുന്നിട്ടും രാവിലെ എഴുന്നേറ്റതിൽ അയാൾക്ക് അത്ഭുതം തോന്നി. പ്രഭാതകൃത്യങ്ങൾക്ക്ശേഷം ആ ഏകാന്തപഥികൻ ഓഫീസി ലേക്ക് നീങ്ങി. അല്പനേരത്തെ അവിടുത്തെ ശബ്ദം അയാളുടെ കർണ്ണപടങ്ങളെ അരോജകമാക്കി. ഉച്ചയ്ക്ക് ശേഷം അയാൾ ഓഫീസിൽനിന്നുമിറങ്ങി ഒരു ലീവ്‌ലറ്റർ എഴുതി മാനേജരുടെ ടേബിളിൽ വച്ചു. ലക്ഷ്യമില്ലാതെ അയാൾ നടന്നു. താടി നീട്ടി വളർത്തി. മുടികൾ ആടിയുല ഞ്ഞു-മുഖത്ത് ചുളിവുകൾ പകർത്തിയ ആ മനുഷ്യൻ ഒരു വർഷത്തിനിടയ്ക്കാണ് ഇങ്ങനെയുള്ള ശാരീരികവും മാനസ്സികവുമായ പിരിമുറുക്കത്തിലേക്ക് കടന്നത്. സമയം അതിക്രമിക്കുന്നതനുസരിച്ച് അയാളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി. ബീച്ചിൽ വന്ന് അയാൾ ഒരു ഭ്രാന്തനെപ്പോലെ പെരുമാറി. സന്ദർശകർ അയാളെ കണ്ട് ആശ്ചര്യപ്പെട്ടു. സന്ദർശകർ സായംസന്ധ്യ ആയപ്പോഴേക്കും അവരുടെ താവളങ്ങളിലേക്ക് മടങ്ങിപ്പോയി. എന്നാൽ കടലിന്റെമക്കൾ അയാളുടെ ചേഷ്ടകൾ കണ്ടുനിന്നു. സന്ദർശകരിലൊരാൾ പറഞ്ഞതനുസരിച്ച് അയാളൊരു രോഗിയായിരുന്നു. മയക്കമരുന്നിനടിമപ്പെട്ട രോഗി-, രാത്രിയായി ഇരുട്ടിന് കാഠിന്യമേറിയിട്ടും അയാൾ അതൊന്നും ശ്രദ്ധിച്ചില്ല. എന്തൊക്കെയോ പുലമ്പിക്കൊണ്ടും ആരോടെന്നില്ലാതെ ക്ഷോഭിച്ചുകൊണ്ടും അയാൾ അലഞ്ഞു. ആടിയും അവിടെതന്നെ താവളമടിച്ചു.

ഒരാൾ ആത്മഹത്യാശ്രമം കടലിന്റെ ചെറുമക്കൾ. തങ്ങളുടെ ചിന്തകളെ അലട്ടിയ ആ അത്ഭുതത്തിലേക്ക് തുറന്നുവെച്ചിട്ട് ഉറക്കം പിടിച്ചു. കുട്ടികൾ രാവിലെ അയാളെ കാണാൻ ചെന്നപ്പോൾ പറഞ്ഞിരുന്നില്ല. അയാളുടെ സ്വപ്നങ്ങൾക്ക് പൊന്നായി മാറ്റിയിരുന്നു.

ഒരു ദിവസങ്ങൾ പിന്നിട്ടു. തങ്ങളുടെ ചിന്തകൾ കടലിലെ ഓളങ്ങൾ പോലെ വരുന്ന ദിവസമായിരുന്നു. ആ ദിവസം പല കുട്ടികൾ ഉത്സാഹത്തോടെ രാവിലെ എഴുന്നേറ്റു. തങ്ങളുടെ കുടിലിന് മുന്നിൽ ആൾക്കൂട്ടം കണ്ട് അവർ അവിടേക്ക് നീങ്ങി.

മൂന്നാംപക്കം അതിരാവിലെ ആ ആൾക്കൂട്ടത്തിന്റെ നടുവിലായി ഒരു ചീഞ്ഞളിഞ്ഞ ശവശരീരം കിടക്കുന്നു. തങ്ങളുടെ ആശ്രയമായ കടലിന്റെ മറ്റൊരു വികൃതി കണ്ട് കുട്ടികൾ ഞെട്ടിത്തരിച്ചു. ആ തെങ്ങോലകെട്ടിട്ട് എന്ന വിധത്തിൽ സന്തോഷം തോന്നിയതുപോലെ ആ കടലമ്മ ഒന്നുകൂടി ആർത്തിരമ്പി. ഒരു ഇരയെ കിട്ടിക്കഴിഞ്ഞ സന്തോഷത്തോടെ—

ആ കടലമ്മയുടെ സാന്നിധ്യത്തിൽ കിടക്കുന്ന ആ ശവശരീരം മയക്കുമരുന്നിനടിമപ്പെട്ട ആ പഴയ യുവാവ് ആണെന്ന് ആരറിഞ്ഞു? ●



അമൽഷാ. എസ്

IInd A4

# SREE NARAYANA OPEN EDUCATION CENTRE

**KOLLAM**
**(An Undertaking of the Sree Narayana Samskarika Samithy Kollam)**

**A CENTRE OF EXCELLENCE FOR COMPETITION SUCCESS CARRIER MANAGEMENT P.G.CENTRE & RESEARCH**

**COURSES OFFERED:-**

**PREPARATION COURSES FOR:**

1. Entrance Exams. in Medicine & Engineering, 1993 (Year long Week-end course and Intensive Course April, May)
2. Entrance Exams. for All India Pre-medical & Pre-Dental Test, 1993
3. National Talent Search Exam.
4. Banking Service Recruitment Board's Clerical Test.
5. Staff Selection Commission's Clerical Test.
6. U.P.S.C'S Asst. Grade Exam.

**POST-GRADUATE COURSES:-**

1. M.A.English, Malayalam, Politics(Kerala).
2. M.Sc. Mathematics(Kerala)

**EXPERT TUITION:**

Expert tuition for pre-degree first and Second year (I & II group), Students with not less than 70% marks for SSLC examination.

**UNIQUE TEACHING METHODOLOGY, EVALUATION & ASSESSMENT**

**PRESTIGIOUS FACULTY INCLUDING RETD. PROFESSORS AND EXPERIENCED TEACHERS OF GREAT REPUTATION**

T.D.DATHAN
SECRETARY
SNS. SAMITHY

Tel. 77670

PROF. S.SIVAPRASAD
DIRECTOR

# പശ്ചാത്താപം

ഇരുണ്ട പ്രഭാതം. ആകാശം കറുത്ത് മൂടിക്കിടക്കുന്നു. ഇന്നത്തെ ദിവസത്തിന് ഒരു പ്രത്യേകതയുണ്ട്. ഇന്നാണ് തന്റെ കേസ് വിചാരണയ്ക്ക് എടുക്കുന്നത്. തന്റെ ജീവനാണ് ആ ത്രാസിൽ തൂങ്ങുന്നത്. അല്ലെങ്കിൽത്തന്നെ താൻ എന്തിന് വേണ്ടി ജീവിക്കാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷെ തന്നെ കോടതി വെറുതെ വിട്ടാലും തനിക്ക് ആ സമൂഹത്തിൽ ജീവിക്കാൻ സാധിക്കുമോ.

വളരെ പ്രതീക്ഷയോടെയാണ് അവൻ (കാർക്കോടകൻ) എഴുന്നേറ്റത്. പക്ഷെ അവന് ഈ ലോകത്തിൽ ആരുമില്ല. ഉറ്റബന്ധുക്കൾ എന്നുള്ളവർ അവനെ തിരിഞ്ഞു നോക്കാറുമില്ല. ഏതോ വഴിയിലൂടെ തന്റെ ബന്ധുക്കൾ തന്റെ പിതാവിന്റെ സ്വത്ത് തട്ടിയെടുത്തു. അതിന് പണവും ധൈര്യവും ഉണ്ടായിരുന്നെങ്കിൽ ആ സ്വത്തുക്കൾ തനിക്ക് നേടാമായിരുന്നു. മടിയനായ താൻ തന്റെ സ്വന്തം വീടുവിട്ടിറങ്ങി. തന്റെ അമ്മയുടേയും അച്ഛന്റേയും ശവകുടീരത്തിൽ കത്തിക്കാനുള്ള മെഴുകുതിരിയ്ക്കുവേണ്ടി അവൻ തെണ്ടിത്തിരിഞ്ഞു. കടത്തിണ്ണകളിൽ കിടന്നുറങ്ങി. ആ ദിവസങ്ങളിൽ അവൻ പട്ടിണികിടന്നിട്ടുണ്ട്. അവൻ ആ കാര്യങ്ങളെല്ലാം ഓർമ്മിച്ചു. തന്റെ സ്വത്ത് തട്ടിയെടുത്തവനെയാരോ കൊന്നിരിക്കുന്നു. ശത്രുവായ തന്നെയാണ് പോലീസ് സംശയിക്കുന്നത്. ഒരു ദിവസം രാവിലെ കടത്തിണ്ണയിൽ ഇരിയ്ക്കുമ്പോൾ പോലീസുകാർ അടുത്തെത്തി. അവർ തന്നെ ഒരുപാടു മർദ്ദിച്ചു. അങ്ങനെ കുറേ ദിവസങ്ങൾ തന്റെ ജീവിതത്തിലെ കറുത്ത ദിവസങ്ങളായി മാറുകയായിരുന്നു. അവനെ പോലീസ് റിമാന്റിലാക്കി. തനിക്ക്‌വേണ്ടി വാദിക്കാൻ ആരുമില്ല. ഉണ്ടെങ്കിൽത്തന്നെ തന്റെ കയ്യിൽ ഒരു ചില്ലിക്കാശും പാലുമില്ല. അവസാനം താൻ കുറ്റം ഏൽക്കുകയായിരുന്നു.




ഉമാശങ്കർ
III Botany



അങ്ങനെ ദിവസങ്ങൾ നിരങ്ങി നീങ്ങി. ഓരോ മിനിറ്റു തനിക്ക് യുഗങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഒടുവിൽ ആ ദിവസം എത്തി.

പോലീസുകാരുടെ അകമ്പടിയോടെ വിലങ്ങുകളണിഞ്ഞ് തന്നെ കോടതിയിൽ ഹാജരാക്കി. വാദിക്കുവേണ്ടി വാദിക്കുവാൻ വക്കീലുകൾ ഹാജരായിരുന്നു. പിന്നീട് തന്നോട് ആരോ പറഞ്ഞുവത്രേ തന്റെ മുഖത്ത് കളിയാടുന്നത് നല്ല പ്രശാന്തത ആയിരുന്നുവെന്ന്. തന്റെ കണ്ണുകൾ ആ മുറിയുടെ മുകൾഭിത്തിയിൽ ഇരിക്കുന്ന ഫോട്ടോകളിൽ പതിഞ്ഞു.

ആ വലിയ പ്ലാറ്റ്ഫോറത്തിന് മുകളിൽ വലിയ മേശയ്ക്ക് പിറകിൽ ഹാജരായ വ്യക്തിയെ താൻ നോക്കി. അദ്ദേഹത്തിന്റെ വേഷവും മറ്റും കണ്ട താൻ മനസ്സിൽ അറിയാതെ ചിരിച്ചു പോയി. അപ്പോഴാണ് എവിടെയോ ബെല്ലടിച്ചത്. കോടതി നടപടികൾ ആരംഭിച്ചു. താൻ ചെയ്ത കുറ്റങ്ങൾ അവിടെ വായിച്ചു. അത് കേട്ട് സത്യത്തിൽ ഞാൻ ചിരിച്ചുപോയി. താൻ പിന്നെ പറയാനുള്ളതെല്ലാം പറഞ്ഞു. എന്തോ സംഭവിക്കാനിരിക്കുന്നു. അപ്പോൾ ആ മരിച്ച ആളുടെ പുത്രൻ കോടതി മുമ്പാകെ വന്നു. ആ നവാഗതനെ എല്ലാവരും ശ്രദ്ധിക്കുകയായിരുന്നു. അയാൾ വക്കീൽ മുഖാന്തിരം കോടതിയോട് സംസാരിക്കുവാൻ അനുവാദം ചോദിച്ചു. അതിനുശേഷം തുടങ്ങി. ഇവിടെ വായിച്ചത് ഒന്നും ശരിയല്ല എന്നും താനാണ് കുറ്റം ചെയ്തതെന്നും അയാൾ വാദിച്ചു. അക്കാലത്ത് അയാൾ മയക്കുമരുന്നിന് അടിമയായിരുന്നുവെന്നും അങ്ങനെ ബോധം നഷ്ടപ്പെട്ട അവസ്ഥയിൽ താൻ പേടിച്ചുകൊണ്ട് ഉയർത്തിയ തന്റെ കത്തികൊണ്ടാണ് തന്റെ പിതാവ് മരിച്ചതെന്നും അയാൾ പറഞ്ഞു. പിന്നെ അയാൾ വിങ്ങിപ്പൊട്ടുകയായിരുന്നു. തനിക്ക് മരണശിക്ഷ വിധിക്കുവാൻ അയാൾ ആവശ്യപ്പെട്ടു. പിന്നെ അയാൾ തന്റെയടുക്കലേക്ക് ഓടി വന്ന് തന്റെ ബന്ധനത്തിൽ ഉള്ള കരങ്ങൾ തലോടിക്കൊണ്ട് ക്ഷമ ചോദിച്ചു. തന്റെ അമ്മയേയും പെ ങ്ങന്മാരേയും കാത്ത് സൂക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട് അയാൾ കരഞ്ഞു. കുറ്റം ഞാൻ ഏറ്റെടുക്കാം എന്ന് ഞാൻ പറഞ്ഞുനോക്കി. സാധിക്കുന്നില്ല.

താൻ മോചിതനായി. പക്ഷെ എങ്ങോട്ട് പോകും? ആര് തന്നെ സംരക്ഷിക്കും? ഈ ചോദ്യങ്ങൾ മുൻപിൽ നിന്നു. അയാളുടെ കാലുകൾതൊട്ട് വന്ദിക്കുവാൻ ഞാൻ കൊതിച്ചു. അപ്പോൾ തന്റെ മാതാപിതാക്കളുടെ മെഴുകുതിരി കത്തിക്കാതെ ഇരുട്ട് പിടിച്ചുകിടക്കുന്ന ശവക്കല്ലുകളെ അയാൾ ഓർത്തു. ആ ചോദ്യങ്ങൾ അപ്പോൾ ഇരട്ടിക്കുകയായിരുന്നു. എങ്ങനെ ഞാൻ ജീവിക്കും? എവിടെ ജീവിക്കും ●

# അധ്യായം

കഥ

ഇരുട്ടുപടർന്ന പാതയോരങ്ങളിൽ കാലുറക്കാതെ നടക്കുമ്പോഴും അയാളുടെ മനസിൽ അബ്ദുവിന് പണം കൊടുക്കേണ്ട തീയതി മാഞ്ഞിരുന്നില്ല. നാളെയാണ് അവസാന തീയതി. ഒതുക്കു കല്ലുകൾ കയറി ഉമ്മറത്തെ അരഭിത്തിയിൽ ചടഞ്ഞിരിക്കുമ്പോഴും നാളെയുടെ ചിന്തകൾ അയാളെ അസ്വസ്ഥനാക്കി. പുതുതായി പറയേണ്ട ഒഴിവുകളെക്കുറിച്ചോ, മുടുപടമണിയേണ്ട നിമിഷങ്ങളെക്കുറിച്ചോ അയാൾ ആലോചിച്ചു.

ഉമ്മറത്തെ മണ്ണെണ്ണ വിളക്കിൽ ചത്തു വീഴുന്ന ഈയാം പാറ്റകളിലൊന്നായെങ്കിലെന്നയാൾ ചിന്തിച്ചു. മുഷിഞ്ഞുനാറിയ വാതിൽ കർട്ടനുപിന്നിൽ കതകുപലകകൾ കരഞ്ഞു. ആലസ്യം പൂണ്ട കണ്ണുകളിൽ കാമത്തിന്റെ നനവുമായി അവൾ.

നിശ്ശബ്ദമായ നിമിഷങ്ങളിലെപ്പോഴോ അവളുടെ ശബ്ദം പ്രകമ്പനം കൊണ്ടു.

"ചോറു വിളമ്പിയിട്ടുണ്ട്"

വേണമെന്നോ വേണ്ടെന്നോ അയാൾ പറഞ്ഞില്ല. മനസ്സിനെക്കാൾ വയറിനാണ് വിശപ്പ്. ഒടുവിൽ യാന്ത്രികമായി അവൾക്കുപിന്നിൽ നടക്കുമ്പോഴും ഒരു ഭീമാകാരനായി അബ്ദു അയാൾക്കു മുന്നിലുണ്ടായിരുന്നു.

ഇരുട്ടിൽ. കിടക്കയിൽ അവളുടെ കണ്ണും കയ്യും കാമപൂരിതമാകുമ്പോഴും അയാളുടെ ചിന്തകൾ നാളെയിലെ നിമിഷങ്ങളായിരുന്നു. ഉത്തരമില്ലാത്ത നിശ്വാസങ്ങൾ അയാൾക്കുചുറ്റും ഉതിർന്നുവീണു. കിതപ്പുകൾ ചോദ്യങ്ങളാകുമ്പോൾ എപ്പോഴോ അവളുടെ കഴുത്തിലെ നരച്ചുതുടങ്ങിയ ചരടില കൊരുത്ത കെട്ടുതാലിയുടെ തിളക്കം അയാൾക്ക് പ്രചോദനം നൽകി. കട്ടപിടിച്ച ഇരുട്ടിലും അയാളുടെ കണ്ണുകൾ തിളങ്ങി. ഏതോ കടംകഥയ്ക്ക് ഉത്തരം ലഭിച്ചപോലെ അയാൾ അവളിൽ അലിഞ്ഞു.

പുലർച്ചെ. അവളുണരുന്നതിനുമുമ്പു പോയ വണ്ടിയിൽ അയാളുമുണ്ടായിരുന്നു. ഇരുമ്പുപാളങ്ങളിൽ അകന്നുപോയ വണ്ടിയുടെ താളാത്മകമായ ചലനംപോലെ അവളുടെ കണ്ണിലും കിനാവിലും അയാളുണ്ടായിരുന്നു. അവളുറങ്ങട്ടെ.

കെട്ടുതാലി പോയത് അവളറിയണ്ട. ●

ജയകുമാർ

IInd B.com

"ഹിന്ദുക്കളുടെ മതം
വേദത്തിലോ
പുരാണത്തിലോ അല്ല,
ഭക്തിയിലോ, മുക്തിയിലോ
അല്ല - അത്
ചോറ്റുകലത്തിൽ
കലർന്നിരിക്കുന്നു."

"ധരിച്ചത് പറയുകയും
പറയുന്നതുപോലെ
നടക്കുകയും ചെയ്യുന്ന
നിരീശ്വരവാദിയാണ്
സംസാരം ഒന്നും
നടപ്പ് മറ്റൊന്നുമാകുന്ന
സിദ്ധാന്തവാദിയേക്കാൾ
പരമാർത്ഥി"

സ്വാമി വിവേകാനന്ദൻ





# PRASAD'S COLLEGE OF COMMERCE

East of Saradamutt, Near Jude Automobiles,
KOLLAM-1

With great pleasure we announce that we are starting Computer classes

- Ms - Dos
- Word Processing
- Basic Programming
- d Base III +
- LOTUS 1-2-3

"STEP IN TO PRASAD'S SOLVE THE INTRICACIES OF COMPUTER"

# അത്താഴ വിരുന്ന്

ഹരിലാൽ.ജെ. II.BOT.



പകലറുതിയായി. നമ്മളീമുറിവിട്ടിറങ്ങിടാം
തമ്മിൽ മംഗ  ചൊല്ലിപ്പിരിഞ്ഞിടാം
ഏതോ ദശാസന്ധിയിൽ
നമ്മൊളൊന്നായ് ചേർന്നതും
വിധിയെ ശപിച്ചതും പാഴ്കഥകളാക്കുക
ദുരിതമാം ജീവിതരസം കുടിച്ചവർ
തമ്മിൽ ചതിച്ചവർ
തെറ്റിൽനിലയ്ക്കാത്ത പ്രവാഹമാർഗ്ഗങ്ങൾ
ദു:ഖിതർ, നമ്മളിന്നേറെയസ്വസ്ഥർ
എന്നാകിലും നമ്മിൽ മംഗളം ചൊല്ലിപിരിഞ്ഞിടാം
വഴിവിട്ടു ചുവടുവച്ചാടുന്ന ജീവിതം,
പിശാചുബാധിച്ചതായ ചിന്തയും ശക്തിയും,
മൂർച്ചനശിച്ചൊരീ വാക്കിൻ ശരങ്ങളും,
മാത്രമായ് ഞാനെന്റെ ഭാണ്ഡം   മുറുക്കവേ,
എല്ലാം പൊറുക്കുവാൻ മാത്രമപേക്ഷിച്ചു
അന്ധത നടിച്ചു നീ കടന്നുപോകെ.
മറന്നുവോ നീ,
ഇരുളിൽ ശിരസ്സുയർത്തി നില്ക്കുമൊരു വഴിയമ്പലത്തിൽ,
കർക്കിടകം തന്റെ കയ്കളിൽ–
വെട്ടിത്തിളങ്ങുന്ന വാളോങ്ങിനില്ക്കവേ.
തൃഷ്ണതൻ ശരശയ്യയിൽ നീ പുകയവേ
ശാന്തി നേടാൻ എന്റെ പാപം കറന്നതും
തളർന്നുറങ്ങുന്നെന്റീന്ദ്രിയങ്ങൾക്ക്
ശക്തിനല്കാൻവേണ്ടി മെല്ലെ പറഞ്ഞു നീ–
"നിന്റെ കവിതകളാണെന്റെ ചേതന
എന്നെങ്കിലും നീ എന്നെ പ്പിരിയുതിൽ
അന്നെന്റെ ശ്വാസവും എന്നെയുപേക്ഷിക്കും"
ഇന്നു നിനക്കു ഞാനന്യൻ,
എൻ കവിതകൾ നിനക്കിന്നസ്വസ്ഥമായീടുന്നു.
കാലപ്രവാഹത്തിൽ നമ്മളെല്ലാം വെറും,
ചതഞ്ഞരഞ്ഞ തൃണശകലമാകവേ,
എന്നെക്കുറിച്ചുള്ളയവസാനയോർമ്മയും–
നിന്നെപ്പിരിഞ്ഞു കടന്നുപോകും
ഇനിയുമെന്തുണ്ടു നാം തമ്മിൽ വെറും,
നാണയത്തുട്ടിൻ അന്തരമല്ലാതെ.
ഇനിയീമുറി വിട്ടിറങ്ങുക തീ–
പോകുക നീയെന്റെ ദു:ഖമായ്തീരുക
പുറത്ത് ഇരുൾ പടർന്നീടുന്നു–
ഏതോനിശാഗായകൻ എരിയുന്ന വയറിന്റെ
താളലാൽമകുടിയൂതുന്നു.
അശാന്തിയുടെ തീരങ്ങളിൽ വീണ്ടും ശാന്തിയും–
സ്വപ്നം കണ്ടുറങ്ങുന്ന ദൈവത്തെത്തേടി
ഞാൻ യാത്രയായീടുന്നു.
സഖീ, നമുക്കീമുറിവിട്ടിറങ്ങിടാം
തമ്മിൽ മംഗളം ചൊല്ലിപിരിഞ്ഞീടാം

---

**സമൂഹത്തിൽ അനാചാരങ്ങളും ക്രൂരതകളും ദുരിതങ്ങളും മറ്റുമുണ്ടായിരിക്കാം. അതൊക്കെയും സംസാരജീവിത സമുദ്രത്തിലെ തിരമാലകൾ മാത്രം. മിഥ്യാപ്രായമായ ആ തിരമാലകൾക്കപ്പുറത്താണ് സത്യം.**

എം.കെ.സാനു

മതത്തിന് സാമൂഹ്യനിയമങ്ങൾ രൂപീകരിക്കാൻ യാതൊരു അവകാശവുമില്ല. സാമൂഹ്യകാര്യങ്ങളിൽ മതം ഇടപെടുന്നു വെന്നത് മതം ചെയ്ത ഗുരുതരമായ തെറ്റാണ്. മതം സാമൂഹ്യപരിഷ്കർത്താവാകാതിരിക്കുക എന്നതാണ് യാഥാർത്ഥത്തിൽ നമുക്കാവശ്യം. മതം അതിരുകടക്കാതെ നിലയ്ക്ക് നിൽക്കുക. എല്ലാം നേരെയായി കൊള്ളും

- സ്വാമി വിവേകാനന്ദൻ





നാണം കെട്ടൊരു
നാണയ നിധിയും
നാടിൻ ജീവൻ വിൽക്കും
ചോര കൊതിയും.
• അടിമത്തം പാരമ്പര്യം,
• IMF ഉം, ലോക ബാങ്കും –
നീണാൾ .....

# ഇന്ത്യ

വീണ്ടും അടിമത്തത്തിലേക്ക്

രചന_
ആർ.സി
ബോസ്
IB3

# വാൻഗോഗ്

## സ്നേഹത്തിന്റെ ചിത്രകാരൻ....

വിൻസന്റ് വാൻഗോഗ്...
തന്റെ കലാജീവിതം
സാമൂഹ്യപ്രതിബദ്ധതയുടെ
ഒരു തിളങ്ങുന്ന സൂര്യകാന്തിപ്പൂവാ
യിരുന്നു.
ക്രിസ്തുവിലെ മനുഷ്യനെ
കണ്ട മഹാനായ കലാകാരൻ
ഒരു വാഗ്മിയായ
പ്രാസംഗികന്റെ ശക്തിയേറിയ
അഭ്യർത്ഥനകൾക്കു തുല്യം
അദ്ദേഹം തന്റെ കൃതികളെ
കനത്ത ചായക്കഷണങ്ങൾ
കൊണ്ടുനിറച്ചു.
സ്നേഹിക്കുന്നവന്റെ ഹൃദയത്തെ
കാർന്നുതിന്നുന്ന കൃമിയാണ്
അവന്റെ പ്രേമം.
സ്നേഹിക്കപ്പെടുന്നവളുടെ
അനിവാര്യമായ ജീവിതാവശ്യം
നിറവേറ്റിക്കൊടുക്കണമെന്ന
ഇതാണ് സ്നേഹിക്കുന്നവന്റെ
മനസ്സിൽ എപ്പോഴും
വേദനയുളവാക്കുന്ന വ്രണം.
സ്നേഹത്തിന്റെ അപ്പോസ്ത
ലനാകാൻ വേണ്ടി ഒരിക്കൽ
പുരോഹിതനാകാൻ
ആഗ്രഹിച്ചവനാണ്
വിൻസന്റ്.

വിൻസന്റ് വാൻഗോഗിനെപ്പറ്റി

ഗുരു നിത്യചൈതന്യയതി

### എനിക്കു തോന്നുന്ന സ്നേഹം

ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്, എന്തിനാണ് ഞാൻ വിൻസൻറ് വാങ്കോക്കിനെ ഇത്രയേറെ സ്നേഹിക്കുന്നതെന്ന്? വിൻസൻറിൻെറ സൗന്ദര്യദർശനമല്ല എനിക്കുള്ളത്. സാധുക്കളെ കാണുമ്പോൾ വളരെയേറെ കാരുണ്യം എനിക്കു തോന്നാറുണ്ട്. എന്നാൽ അവരെയാരെയും എൻെറ തോഴരാക്കാൻ ശ്രമിക്കാറില്ല. എന്നെ സന്തോഷിപ്പിക്കുന്നത് ചിരിക്കുന്നവരാണ്. കരയുന്നവരല്ല. എൻെറകൂടെയുള്ളവരെല്ലാം ഒരു തങ്കമണിയുടെ കിലുക്കംപോലെ എപ്പോഴും ചിരിച്ചുകൊണ്ട് നടക്കുന്നവരാണ്. ലോകത്തിലെ ഏററവും സൗന്ദര്യം കുറഞ്ഞ ആളുകളാണ് ഡച്ച് സ്ത്രീകൾ എന്നു ഞാൻ കരുതുന്നു. അവരിൽ മിക്ക സ്ത്രീകളുടേതും മരമോന്തയാണ്. പൃഷ്ഠഭാഗം ഭീമാകാരമുള്ളതും. എന്നാലും വിൻസൻറിന് അവയൊക്കെ വരച്ചുവയ്ക്കാനാണിഷ്ടം. വേറൊന്നുംകൊണ്ടല്ല. ആ പാവത്താൻെറ കൈയിൽ കാശില്ല. വെറുതെയിരുന്നു കൊടുക്കാൻ വേറെ വല്ലവരുമുണ്ടോ?

ക്ളാസിന മേരിയ ഹൂർണിക്കിൻെറ ചിത്രമാണ് ദുഃഖം എന്ന പേരിൽ വിൻസൻറ് വരച്ചിട്ടുള്ളത്. ഞാനത് കൂടക്കൂടെ എടുത്തുനോക്കും. വിൻസൻറ് അവളെ 'സീൻ' എന്നാണ് വിളിച്ചിട്ടുള്ളത്. അവൾ പാവമായിരുന്നു. ഗർഭിണിയായ ഒരു വേശ്യ. നേരത്തേ ആരിലോ ഉണ്ടായ ഒരു കുഞ്ഞ്. അതൊന്നും അവളെ സ്നേഹിക്കാതിരിക്കുന്നതിന് വിൻസൻറിന് പ്രേരണയായിട്ടില്ല. വിൻസൻറ് സ്നേഹിക്കുന്നത് ദൈവം എല്ലാവരെയും സ്നേഹിക്കുന്നതുകൊണ്ടാണ്. ക്രിസ്തുവിൻെറ സ്നേഹമാണ് വിൻസൻറിൻെറ സ്നേഹത്തിന് ഉറവുചാലായിരിക്കുന്നത്. സീനിൻെറ ചിത്രത്തിന് സൗന്ദര്യമില്ല എന്നു പറഞ്ഞുകൂടാ. ശകുന്തളയുടെയോ, മേനകയുടെയോ സൗന്ദര്യമല്ല. ദുഃഖിതയായ ഒരു പാവപ്പെട്ട സ്ത്രീക്ക് സഹജമായിട്ടുള്ള സൗന്ദര്യം. അതായത് അവളെ ഒരു മാതൃകയാക്കിവച്ച് അവളുടെ നഗ്നരൂപം പകർത്തുന്ന ഒരു കലാകാരനുമാത്രം കാണാവുന്ന സൗന്ദര്യം അവൾക്ക് എത്രവേണമെങ്കിലും ഉണ്ട്. മാന്യന്മാരുടെ ലോകത്തിൽ അവളൊരു അസ്പൃശ്യയാണ്. വിൻസൻറും മറിച്ചായിരുന്നില്ലല്ലോ. ●

# ദേശീയോദ്ഗ്രഥനവും.... ...ഭീഷണികളും




സുധീർ. എ.
II B., Com


നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കുമെതിരെ ഇത്രയേറെ ഭീഷണി ഇതിനുമുമ്പ് ഒരു കാലത്തും നേരിടേണ്ടി വന്നിട്ടില്ല. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വളരെയേറ വെല്ലുവിളികൾ നാമിന്ന് നേരിടുന്നു. മതം, ജാതി, ഭാഷ മുതലായവ നമ്മുടെ ഐക്യത്തിന് വിലങ്ങുതടിയായി നിലകൊള്ളുന്നു.

വർഷങ്ങളായി നിലനില്ക്കുന്ന പഞ്ചാബ് പ്രശ്നം ഒരു ഉദാഹരണമാണ്. ഖാലിസ്ഥാൻ എന്ന പ്രത്യേക രാഷ്ട്രത്തിനു വേണ്ടി വാദിക്കുന്ന സിക്ക് ഭീകരർ രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നും അക്രമം അഴിച്ചുവിടുന്നു. സിക്ക് മതമൗലികവാദികളെ വളർത്തിയതിൽ നമ്മുടെ രാഷ്ട്രീയ നായകൻമാരുടെ പങ്ക് മറച്ചുവയ്ക്കാനാവില്ല. ഇന്ന് പഞ്ചാബിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവണ്മെന്റിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ നമ്മുടെ കേന്ദ്രഗവണ്മെന്റിന് കാര്യമായ ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു ദു:ഖസത്യമാണ്.

ഭാരതം ഒരു ഹിന്ദു രാഷ്ട്രമാണെന്നുള്ള ഹിന്ദുവർഗ്ഗീയവാദികളുടെ വിശ്വാസം ന്യൂനപക്ഷങ്ങൾക്കിടയിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നു. നമ്മുടെ രാജ്യത്തു അമ്പലങ്ങളും പള്ളികളും ഇടകലർന്ന് നിലകൊള്ളുന്നുണ്ട്. നമ്മുടെ രാജ്യത്തെത്തുന്ന വിദേശികൾക്ക് എന്നും ഇതൊരു കൗതുകമാണ്. അമ്പലവും പള്ളിയും അടുത്തടുത്ത് വന്നു എന്ന് വച്ച് രണ്ടിന്റേയും പ്രസക്തി നഷ്ടപ്പെടുന്നില്ല. ബാബറി മസ്ജിതിന് വേണ്ടി മുസ്ലീം വർഗ്ഗീയവാദികളും രാമജന്മഭൂമിക്കുവേണ്ടി ഹിന്ദുവർഗ്ഗീയ വാദികളും മുറവിളികൂട്ടുന്നു. നമ്മുടെ രാഷ്ട്രീയ നായകന്മാരെല്ലാം ഈ പ്രശ്നത്തെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വാർത്ഥലാഭത്തിന് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് എന്ന കാറൽമാർക്സ് പറഞ്ഞത് എത്ര ശരിയാണ്.

ഭാഷയുടെ പേരിലും ഇവിടെ പ്രതിദിനം പ്രശ്നങ്ങളുണ്ടാകാറുണ്ട്. അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി ഭാഷ അടിച്ചേല്പിക്കുന്നു എന്നാക്ഷേപിച്ചു ഭരണഘടനയുടെ ചിലഭാഗങ്ങൾ കത്തിച്ചുകളഞ്ഞ സംഭവങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. എല്ലാമതങ്ങളിലും ഒരേ തത്വങ്ങളാണ് ഉപദേശിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കിയാൽ മാത്രമേ നമുക്ക് ഈ സങ്കുചിത മനോഭാവത്തിൽ നിന്ന് മുക്തിതേടാനാവൂ.

നമ്മുടെ സംസ്ഥാനങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ദേശീയ ഐക്യത്തിനും അഖണ്ഡതയ്ക്കും സാരമായ കോട്ടം വരുത്തിവച്ചിട്ടുണ്ട്. ഇതിന് നല്ല ഒരു ഉദാഹരണമാണ് ഈ അടുത്ത കാലത്ത് ഉടലെടുത്ത 'കാവേരി' പ്രശ്നം. രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള അവകാശവാദത്തിനിടയിൽ ദേശീയ താത്പര്യങ്ങൾ വിസ്മരിക്കപ്പെടുന്നു. നമ്മുടെ രാഷ്ട്രീയ നായകന്മാരിൽ ചിലരുടെ സ്വാർത്ഥത ഈ പ്രശ്നപരിഹാരത്തിന് വിലങ്ങുതടിയായി നിൽപുണ്ട് എന്നുള്ളത് നിർഭാഗ്യകരമാണ്. മേൽപറഞ്ഞ രാഷ്ട്രീയക്കാരാണ് ഇന്ന് രാഷ്ട്രപുനരർപ്പണത്തിന് വേണ്ടി മുറവിളിക്കൂട്ടുന്നത്.

നമ്മുടെ രാജ്യത്ത് വർഗ്ഗീയവാദികൾ മനുഷ്യർക്കിടയിൽ വൻമതിലുകൾ സൃഷ്ടിക്കുന്നു. ഒരു നാടകമോ നോവലോ എഴുതിയാൽ അത് ഏതെങ്കിലും മതത്തിനെ വ്രണപ്പെടുത്തുന്നുണ്ടോ എന്നറിയാനാണ് വർഗഗീയെ വാദികൾക്ക് താത്പര്യം. നമ്മുടെ രാജ്യത്തെ ജനാതിപത്യ വ്യവസ്ഥിതി ആകെ തകിടം മറിഞ്ഞിരിക്കുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്.

പാമ്പിന് പാൽ കൊടുക്കുന്നത് പോലെയാണ് നാം ഭീകരരെ പ്രോത്സാഹിപ്പിക്കുന്നത്. ലോകമനസ്സാക്ഷിയെ ഞെട്ടിച്ച നമ്മുടെ മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ വധം അതിന് ഉത്തമ ദൃഷ്ടാന്തമാണ്. ശ്രീലങ്കയിൽ തമിഴ് വംശജരുടെ സംരക്ഷണത്തിന് വേണ്ടി എൽ. ടി. ടി. ഇ എന്ന സംഘടനരൂപം കൊണ്ടു. ഈ സംഘടനയ്ക്ക് നമ്മുടെ കേന്ദ്രസർക്കാർ ആയുധവും പരിശീലനവും മറ്റു സഹായസഹകരണങ്ങളും നൽകി. തമിഴ്പുലികൾ എന്നറിയപ്പെടുന്ന ഈ സംഘം ഒടുവിൽ നമ്മുടെ രാജ്യത്തിന്തന്നെ ഭീഷണിയായി മാറി. ഈ സംഘടനയെ ഇന്ത്യയിൽനിന്നും തുരത്താൻ കേന്ദ്രസർക്കാർ നടപടിയാരംഭിച്ചു. അങ്ങനെ അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി തമിഴ് പുലികളുടെ പ്രധാനശത്രുവായി മാറി. കള്ളക്കടത്തും മയക്കുമരുന്നു കച്ചവടവും പ്രധാന തൊഴിലാക്കിമാറ്റിയ ഒരു മാഫിയ സംഘമായി മാറിക്കഴിഞ്ഞിരിക്കുന്നു തമിഴ്പുലികൾ. രാജീവ്ഗാന്ധിയുടെ വധം ഭീകരുരോടുള്ള നമ്മുടെ തെറ്റായ സമീപനത്തിൽനിന്നും ഉടലെടുത്തതാണ്.

നാമെല്ലാം ഒരു രാജ്യത്തിലെ പൗരന്മാരാണ് എന്നുള്ള ബോധം നമ്മിൽ ഉണ്ടാകണം. മതവും ഭാഷയും അതിനൊരു തടസ്സമാകരുത്. നമ്മുടെ രാജ്യത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും തകർക്കാൻ ഒരുമ്പെട്ടിരിക്കുന്ന ഛിദ്രശക്തികളെ നാം തുരത്തണം. ദേശീയബോധം ഓരോ പൗരനിലും ഉണ്ടാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പ്രൊഫ. ശിവശങ്കരപ്പിള്ള. R



പ്രൊഫ: എസ്. ഖാദർ



ഇവർ
സർവ്വീസിൽനിന്ന്
**വിടവാങ്ങി...**

....We
Wish You a long
Happy and peaceful
retired life.....

# NSS REPORT

T K M COLLEGE OF ARTS AND SCIENCE, KOLLLAM-5.

# 91.92

Apart from taking part in the various camps, Competitions and Seminars conducted by N S S units of various colleges and other outside agencies, the N S S unit of this college has conducted the following noteworthy programmes for the year 1991- 92.

1. SEMINAR ON "GANDHIJI & NATIONAL INTEGRATION": On his visit to kerala, Sri. Krishna Swamy, secretary, Gandhi peace Foundation,, New Delhi, was kind enough to pay visit to our College. N S S unit has organised a Seminar on "Gandhi & National Integration" on 15-01-92. Sri. Krishna Swamy was kind enough to inagurate the Seminar. Good number of N S S volunteers, students and teachers took part in the seminar. ( For reference please see

our letter dated 21-01-92).

2. EYE CAMP: With the help of Lions Club, Quilon, N S S unit conducted survey and registred 50 cases in and around the college.

When eye camp was conducted, among the 50, six were reported to have cataract. They were freely treated in Sir Arbindo Hospital, Thirunelveli by conducted eye operation and provided them spectacles too. They were thankfull to the N S S unit and the Lions Club for the free service rendered and the vision respored. The camp was conducted on 12-01-92. ( Please see our report dated 17-01-92.)

3. INAGURATION OF N S S UNIT IN ST. ANTONY'S HIGH SCHOOL,, KANJIRACODE: Apart from one N S S unit in NSM High School, Kottiyam ( inagurated on 22nd Nov.1986.), another N S S unit was started on voluntary basis in St.Antony's High School Kanjiracode on 19th Feb.1987,, under the able guidence of our N S S unit. The inaguration of the unit was done by Dr. C V Pratapan DMO kollam.

Now both the units are functioning well .

4. PAINTING COMPETITION ON POPULATION EXPLOSION: On the request of the Social Welfare Department, we conducted, painting Competitions on population Explosion and prizes were awarded to the best paintings. It was on 24-01-92. ( please see our letter dated 20-02-92.)

5. BLOOD GROUPING DAY: Our N S S is constantly donating blood to the poor and needy patients . On 23-12-91, we observed Blood Grouping Day. Blood grouping of nearly 300 volunteers was done. ( please see our letter 03-01-92.)

6.TALK ON 'AIDS': As a part of our Health Education Programme, we conducted a talk on AIDS by Sri. Dr.Rajagopal Dy.DMO, Kollam for our N S S volunteers on 20-12-91. ( please see our letter 03-01-92. )

7. MPFL PROGRAMME: As a part of second phase of MPFL Programme, we identified the illiterates in the adopeted colony and selected volunteers were deputed to undertake the total Literacy programme in the colony. Some other volunteers undertook this total literacy work in the areas from where they come.

8. YOUTH WEEK CELEBRATIONS: On the eve of birthday celebrations of Swamy Vivekananda our NSS unit conducted a meeting along with the essay-writing competitions on the life and the teachings of Swamy Vivekananda and prizes were distributed on the College Day. The Celebrations and Competitions were conducted on 11-01-92.

# NSS



NSS. Programme officers - ① S. Khajameiah ② M.A. Majeed ③ H. Shemine
④ Shanavas.A III. BSc Maths N.SS. Sr. Volunteer ⑤ Jayasree (Volunteer Secretary) ⑥ Thajudeen. E (Volunteer Sec.)

---

# NCC

① G. PRASANNAKUMARI
ARMY WING OFFICER

② S. Shahul
S/U officer

③ INDUMATHY
Senior U/O
C, certificate holder

④ KAVITHA PRASAD
FINAL BCom
C' Certificate holder

⑤ BABITHA PRASAD
FINAL ZOOLOGY
C' Certificate holder.







RASHEED.H
De/U.O

# യൂണിയൻ സമാപന സമ്മേളനം



ഉദ്ഘാടനം.
മുൻ മേഘാലയ
ഗവർണർ
ശ്രീ. എം.എം. ജേക്കബ്

സ്വാഗതം.
ശ്രീമതി.
[illegible]
[illegible] അസോസിയേറ്റ് പ്രൊഫസർ

ആശംസ:
ശ്രീ. [illegible]

അദ്ധ്യക്ഷം -
ചെയർമാൻ




മൈനർ ഇക്വേഴ്സ്ഡേ
നാസർ.ഫൈസി

മൃത്യുവിദ്യാർത്ഥിദിനം
കെ. സിയാവുദ്ദീൻമുസലിയാർ



സ്കോളർഷിപ്പ്ഡേ/ സമ്മാനദാനം







ഉദ്ഘാടനം: പ്രൊഫ. ഡോ: ആർ. ലതികാബായി (ജില്ലാ കൗൺസിലർ)
സ്വാഗതം. ബഹു. പ്രിൻസിപ്പാൾ




ആശംസ: ശ്രീമതി. ജൈമേഴ്സിക്കുട്ടിയമ്മ.
ശ്രീമതി എം. എൻ. സതീഭായി



ആശംസ
ശ്രീമതി
ഷാഹിദാബീഗം

# നാളെതൻ കേരളം

ഇന്നുഞാൻ കാണുന്നു നാളെതൻ കേരളം
കത്തികരിഞ്ഞൊരു ചാമ്പലിൻ കൂനയായ്
കത്തികരിയുന്നു പ്രത്യയശാസ്ത്രങ്ങൾ
കാണുന്നു പിന്നെയും ശാന്തമാം കേരളം
ഹരിതമാം ഇന്നത്തെ കേരളം നാളത്തെ
ചെഞ്ചോരയൊഴുകുന്ന കേരളം
ശാന്തിതൻ നാടായ കേരളം നാളെയോ
വർഗ്ഗീയ വാദിതൻ സ്വന്തമായ് മാറുന്നു
കാളിതുള്ളുന്നതുപോലെയാ വർഗ്ഗീയ-
വാദികൾ തുള്ളുന്നു കേരളവീഥിയിൽ
അല്ലിതു കേരളമല്ലതു കേരളം
ആനന്ദൻ കണ്ടൊരു ഭ്രാന്താലയമിത്
വർഗ്ഗീയ ഭ്രാന്തൻമാർ തിങ്ങിനിറഞ്ഞൊരു
ഭ്രാന്താശുപത്രിയായ് കേരളം മാറുന്നു
കേരളം മാറുന്നു കേരളം മാറുന്നു
വർഗ്ഗീയ ശക്തിയാൽ കേരളം കേഴുന്നു
ഇന്നു ഞാൻ കാണുന്നു നാളെതൻ കേരളം
കത്തികരിഞ്ഞൊരു ചാമ്പലിൻ കൂനയായ്

നവാസ്. എസ്
I B.A

بسم الله الرحمن الرحيم

قال سهيل: كان أبو صالح يأمرنا إذا أراد أحدنا أن ينام
أن يضطجع على شقه الأيمن ثم يقول اللهم رب السماوات
ورب الأرض ورب العرش العظيم ربنا ورب كل شيء فالق الحب
ومنزل التوراة والإنجيل والفرقان أعوذ بك من شر كل شيء أنت
آخذ بناصيته اللهم أنت الأول فليس قبلك شيء وأنت الآخر
فليس بعدك شيء وأنت الظاهر فليس فوقك شيء وأنت
الباطن فليس دونك شيء من فقر (مسلم)

SHAHAL.A.K
II.BCom

# ക്ലബ്ബ് സെക്രട്ടറിമാർ


1


2


3


4


5


6


7


8


9


10


11

---

1, ദീപു.ആർ (കോ-ഓപ്പറേറ്റീവ് സൊസൈറ്റി)
2, ജയകുമാർ (ആർട്സ് ക്ലബ്ബ് ജോ: സെക്രട്ടറി)
3, മഹേഷ് (വീഡിയോ ക്ലബ്ബ്)
4, മുജീബ് (ഹോബി ക്ലബ്ബ്)
5) ഷിഹാബുദ്ദീൻ (ഫിലാറ്റലി ക്ലബ്ബ്)
6, നജ്മുദ്ദീൻ (കാന്റീൻ പ്രതിനിധി)
7, മനോജ് (മ്യൂസിക് ക്ലബ്ബ് സെക്രട്ടറി)
8, ഷിജു.വി (കരിയർ ക്ലബ്ബ്)
9, മിഥിലാജ് (ഫോട്ടോഗ്രാഫിക് ക്ലബ്ബ്)
10, അജി (ഹിന്ദി ക്ലബ്ബ്)
11, റിച്ചാർഡ്.ജെയിംസ് (ബോക്സിംഗ് ക്ലബ്ബ്)

---

# ക്ലബ്ബ് സെക്രട്ടറിമാർ
























ഗോപകുമാർ
(ബെസ്റ്റ് ഡിബേറ്റർ)

നബീൽ. പി
(ചെയ്ഞ്ച്-വാല്യൂ
പ്രതിനിധി)

1, നൂറുദ്ദീൻ (ഗാർഡൻ പ്രതിനിധി)
2, സിറാജ്
(ആർട്സ് ക്ലബ്ബ് സെക്രട്ടറി)
3, അനസ്
(ഡ്രമാറ്റിക് ക്ലബ്ബ് ജോ. സെക്ര.)
4, ഹരിലാൽ (മ്യൂസിക് ക്ലബ്ബ്)
5, ഷാജു (ആർട്സ് ക്ലബ്ബ്
ജോ: സെക്രട്ടറി)
6, സുരേഷ് ബാബു
(ഡിബേറ്റിംഗ് ക്ലബ്ബ്)
7, ഷഹാൽ. കെ. കെ
സ്പോർട്സ് ക്ലബ്ബ്
ജോ: സെക്രട്ടറി
8, മുഹമ്മദ് റിസ
(സ്റ്റുഡന്റ്സ് കോർട്ട് ജഡ്ജ്)

7, നഹാസുദ്ദീൻ
(പെയിന്റിംഗ് ക്ലബ്ബ് സെക്രട്ടറി)

10, മധു ഡിക്രൂസ്
(മ്യൂസിക് ക്ലബ്ബ്. ജോ. സെക്രട്ടറി)

# Sports



ജന.ക്രമൻഷാ
സ്പോർട്സ് ക്ലബ്ബ്
സെക്രട്ടറി



ശ്രീജയൻ

കേരളാ അമച്വർ
അത്‌ലറ്റിക് മീറ്റിലും
യൂണി. അത്‌ലറ്റിക് മീറ്റിലും
നമ്മുടെ കോളേജിനെ
പ്രതിനിധീകരിച്ചു.
91-92 ലെ
കോളേജ് ചാമ്പ്യൻ



സുനിൽ.
കെ.പി
സ്പോർട്സ് ക്ലബ്ബ്
ജോ: സെക്രട്ടറി

സ്പോർട്സ് കൗൺസിൽ



# Sports























1, ഒ. ഷാനവാസ്ഖാൻ
ഷട്ടിൽ ബാഡ്മിന്റൺ
ക്യാപ്റ്റൻ

2, ഷഫീക്ക്
ജനറൽ ക്യാപ്റ്റൻ

3, വസന്തൻ. ബി
(കബഡി)

4, ഷറഫുദ്ദീൻ
(വോളി. ടീം ക്യാപ്റ്റൻ)

5, നിഹാസ്
(ടേബിൾ ടെന്നീസ്
ക്യാപ്റ്റൻ)

6, ഷാനവാസ്. ഒ
വെയിറ്റ് ലിഫ്റ്റിംഗ്
ക്യാപ്റ്റൻ
യൂണി. മീറ്റ്-വെയിറ്റ്
ലിഫ്റ്റിംഗിൽ
ഒന്നാം സ്ഥാനം

7, രാജേഷ്. വി. ദാസ്
ക്രിക്കറ്റ് ടീം ക്യാപ്റ്റൻ

8, നൗഷാജ് ജിയാസ്. ടി
1. PDC ജനറൽ
ക്യാപ്റ്റൻ

9, നിസാം. കെ
ചെസ്സ് ചാമ്പ്യൻ

10. നിസാമുദ്ദീൻ
രണ്ടാംവർഷ ഡി-
ഗ്രി ക്യാപ്റ്റൻ





ഫുട്ബോൾ ടീം

വോളിബോൾ ടീം







അത്‌ലറ്റിക്സ് ടീം

ബോൾ ബാഡ്മിന്റൺ ടീം



FOR SHIRTS, TROUSERS, JEANS
COTTON BAGGIES, CUTPIECES

CASTLE

The Fasion people.

PALKKADA ROAD, KOLLAM.1.
KERALA

PHONE
RESI-78781
SHOP-78788

Best Compliments from



Illam

MAIN ROAD,
KOLLAM.
PHONE.70232

# അനന്തതയിലേക്ക്

ആ ഇടിഞ്ഞുപൊളിഞ്ഞ തുളസിത്തറയിലെ ദീപത്തിന് മുമ്പിൽ തൊഴുകൈയ്യോടെ നിൽക്കുമ്പോഴും സായംസന്ധ്യപോലെ മങ്ങിയതായിരുന്നു അവളുടെ മനസ്സ്. അടുത്ത മുല്ലച്ചെടി കണ്ടപ്പോൾ അവൾ നയന്ത്രണം വിട്ടുപോകുമെന്ന് തോന്നി. തന്റെ രാജേട്ടന്റെ ഇഷ്ടതോഴിയായ മുല്ലച്ചെടി. തന്റെയും അനുജത്തിമാരുടേയും ജീവിതം ഉയർത്താൻവേണ്ടി ഇറങ്ങിത്തിരിച്ച രാജേട്ടൻ. ഇപ്പോൾ എവിടെയാവും. ഇന്നേക്ക് 24 ദിവസം തികയുന്നു. രാജേട്ടൻ വീട് വിട്ടിട്ട്. തൊഴിൽ തേടിയുള്ള യാത്ര. ഈ യാത്രയ്ക്ക് അന്ത്യമില്ലേ? ഉമ്മറത്തെ ചാരുകസേരയിൽനിന്നും അച്ഛന്റെ ഉറക്കെയുള്ള ചുമകേട്ടാണ് രാജി ഓർമ്മയിൽനിന്നുണർന്നത്.

അച്ഛന് ഈയിടെയായി അസുഖം കൂടുതലാണ്. പാവം അച്ഛൻ. ഇപ്പോൾ ആരാണ് അച്ഛന് തുണയായിട്ട്.ഒരു ആൺതുണയുള്ളതും പോയില്ലേ? അച്ഛന്റെ ചുമകേട്ടാൽ ഓടിയെത്തുന്ന അമ്മായിത്തള്ള ഇപ്പോൾ എവിടെ? ബോംബെയിലോ? ഡൽഹിയിലോ? ഇപ്പോൾ അവർക്ക് സഹോദരൻ എന്തിന്? ഇനയെന്തിനാണ് ആ താറവാട് എന്ന് തോന്നുന്നുണ്ടാകണം. സ്വത്ത് ഭാഗിച്ചില്ലേ. അല്ലെങ്കിലും ചേട്ടന് മൂന്നു പെൺകുട്ടികളല്ലേയെന്ന് തോന്നുന്നുണ്ടാകണം. തറവാടിനുചേർന്നുള്ള പടിപ്പുരയുടെ ഭാഗത്ത് നിന്നുള്ള കുറച്ചുഭാഗമെങ്കിലും ഞങ്ങൾക്ക് കിട്ടിയില്ലെങ്കിൽ ഞങ്ങളുടെ ജീവിതം എങ്ങനെ? ഇതേന്തേ അവർ മനസ്സിലാക്കുന്നില്ല.

പാവം ചേട്ടൻ, ഞങ്ങളുടെ കാര്യമോർത്തിട്ടാകണം കൂടുതൽ ദു:ഖവും. എന്റെ ബാധ്യതയെങ്കിലും ഒഴിഞ്ഞു കിട്ടിയിരുന്നെങ്കിൽ എന്ന് തോന്നുന്നുണ്ടാകണം. അതിന് സ്ത്രീധനമെവിടെ? എവിടെയും ലക്ഷങ്ങളും കാറും കൊടുക്കാനിരിക്കുന്നവരും വാങ്ങാനിരിക്കുന്നവരുമല്ലേയുള്ളൂ. ലക്ഷങ്ങളെ കൊടുത്ത് ഡോറുത്യ എൻജനീയറുമൊക്കെയായ മരുമക്കളെ വാങ്ങാനിരിക്കുന്ന ജന്മികളുടെ കൂട്ടത്തിൽ പഴയ ജന്മിയായിരുന്ന എന്റെ അച്ഛൻ ലക്ഷ്യങ്ങളില്ലാതെ കാത്തിരിക്കുന്നു. സ്ത്രീധനം കൊടുക്കരുത് വാങ്ങരുത് എന്ന് മുറവിളികൂട്ടുന്ന പ്രസംഗകർ തന്നെ ഇതിന് കൂട്ടുനിൽക്കുന്നില്ലേ.



സൈറാ.എം
II. Bcom



രാജേട്ടന് ഒരു ജോലിയായെങ്കിൽ ഞങ്ങളുടെ ഏറെകുറേ കഷ്ടപ്പാടുകൾ ഒഴിഞ്ഞുകിട്ടുമായിരുന്നു. എന്തിനീ തറവാട്ടിൽ പിറന്നെന്ന് രാജേട്ടൻ കരുതുന്നുണ്ടാകണം. ഈ കുടുംബത്തിന്റെ നെടുംതൂണായ രാജേട്ടന് ഇനിയെങ്കിലും ഒരു തൊഴിലില്ലെങ്കിൽ ഇത്രയം പഠിച്ചത് കൊണ്ടുള്ള ഫലം. അമ്മാവന്റെ മക്കളെ ബോംബെയിലും ഡൽഹിയിലും വിദേശത്തും അയച്ച് പഠിപ്പിക്കുമ്പോൾ എന്റെ രാജേട്ടൻ മാത്രം ഇവിടെ

എല്ലാം എന്റെ രാജേട്ടൻ വിഷണ്ണനായിരുന്നു. അവളെക്കാളും. ഗൾഫിൽ ശ്രീക്കുട്ടിക്ക് ജോലിയാണെന്നറിഞ്ഞപ്പോൾ രാജേട്ടൻ ആകെ തളർന്നിരുന്നു.

പഠിച്ചിറങ്ങുന്നതിനുമുമ്പുതന്നെ വ്യവസ്ഥിതിക്കും പണവു മായി കാണുന്ന ശ്രീക്കുട്ടനെന്ത ജോലിക്കു ബുദ്ധിമുട്ട്? എന്റെ രാജേട്ടന് ലക്ഷങ്ങളുണ്ടോ? പഠിച്ചുകഴിഞ്ഞ് അലച്ചിൽ കഴിഞ്ഞു. വിദ്യാഭ്യാസവും നേടിയപ്പോൾ അച്ഛന് എന്തൊക്കെ പ്രതീക്ഷയായിരുന്നു. കുടുംബം ഇനിയെങ്കിലും രക്ഷപ്പെടുമെന്നുള്ള സന്തോഷമായിരുന്നു ആ മുഖത്ത്. പണം മുടക്കി പഠിപ്പിച്ചിട്ട് ഫലം ജോലിക്ക് വേണമെങ്കിൽ ലക്ഷങ്ങളും വേണം കൂടെ.

ശ്രീക്കുട്ടന് പിന്നെ മന്ത്രിയുടെ മകളായിരുന്നല്ലോ സഹപാഠികൾ. പിന്നെ ജോലിക്കു ബുദ്ധിമുട്ടുണ്ടോ? വിദ്യാഭ്യാസത്തിന് ലക്ഷങ്ങൾ മതിയല്ലോ. രാജേട്ടൻ ബന്ധുവാണെന്ന് പറയുന്നതുപോലും വെറുപ്പായിരുന്നില്ലേ?

ഒന്നുമറിയാത്ത ദേവിയും വിദ്യയും അവർക്ക് ഇപ്പോഴും കൊച്ചുകുട്ടികളുടെ പ്രകൃതമാണ്. രാജേട്ടന്റെ മുല്ലച്ചെടിയിലെ മുല്ലപ്പൂവിന് വേണ്ടിയുള്ള ബഹളമാണ് മുറ്റത്ത്. ആ മുല്ലച്ചെടിയിൽ നിറയെ മുല്ലപ്പൂക്കൾ. പാവം രാജേട്ടന്റെ പ്രിയ തോഴിയായിരുന്നുവോ രാജേട്ടന്റെ വിരഹം അറിയുന്നു ണ്ടാകണം. രാജേട്ടന് ജോലിയായിക്കാണുമോ? അതാണോ തോഴിനിറയെ പൂക്കൾ തരുന്നത്. എല്ലാം ദൈവനിശ്ചയം.

രാവിലെ ഉണർന്നപ്പോഴും അച്ഛന്റെ ചുമ നില കുറഞ്ഞിട്ടില്ലായിരുന്നു. രാവിലെതന്നെ ദേവിയും വിദ്യയും അമ്മ അച്ഛന്റെടുത്ത് എത്തിയിട്ടുണ്ട്. അച്ഛൻ അവരെ നിറകണ്ണുകളോടെ നിരീക്ഷിക്കുകയാണ്.

അമ്മ കുളിച്ചുവന്ന് പടിപ്പുരയിൽ നിന്ന് നോക്കെ പോസ്റ്റുമാനാണ് സൈക്കിളിന്റെ ബെല്ല് കേട്ടത്. ലെറ്റർ കൈയിൽ കിട്ടിയപ്പോൾ ഉള്ള് നിറയെ സന്തോഷമായിരുന്നു. ആ സന്തോഷം എത്രനേരമുണ്ടായിരുന്നു. ലെറ്റർ വായിച്ചുകഴിഞ്ഞപ്പോഴേക്കും അവർ വീണ് കഴിഞ്ഞിരുന്നു.

ഗൾഫിലെ ശ്രീക്കുട്ടന്റേതാണ്. ഗൾഫിലെ ഒരു ഹോട്ടൽ മുറിയിൽ രാജേട്ടന്റെ മരണം.

അടക്കം കഴിഞ്ഞപ്പോഴേക്കും അറിയാതെ അവളുടെ കണ്ണുകൾ ആ മുല്ലച്ചെടിയിൽ പതിച്ചു. ആ പൂക്കളെല്ലാം വാടിക്കഴിഞ്ഞിരുന്നു. അണയാൻപോകുന്ന ദീപത്തിന്റെ ആളിക്കത്തലായിരുന്നിരിക്കാം- രാജേട്ടന്റെ പ്രിയതോഴി ആരോടെന്നില്ലാതെ വിലപിക്കുന്നതായി അവൾക്ക് തോന്നി. ഇനി മക്കൾ മാത്രം അതിന് സാന്ത്വനമേകാൻ.

തിരികെവന്ന പെട്ടി രാജേട്ടന്റെ ഡയറിയിൽ നിന്ന് ഒരു കുറിപ്പെടുത്തു. അതിൽ ഇങ്ങനെയെഴുതിയിരുന്നു:-

പ്രിയപ്പെട്ട അച്ഛന്.

മാപ്പ്. യോഗ്യതയില്ലായിരുന്നു:-

നമുക്ക് പണമില്ലല്ലോ

മന്ത്രിമാർക്ക് ജീവിതമില്ല

എനിക്ക് ജോലിയില്ല

എന്ന്

അച്ഛന്റെ സ്വന്തം

രാജുക്കുട്ടൻ ●

# ഉണർവ്വ്

മിനിക്കഥ

മിദിലാജ്. എം.എ

ചത്തുമലച്ച ഒരു പാമ്പിനെപ്പോലെ ആ പാത അവന്റെ മുന്നിൽ മലർന്നുകിടന്നു. കാട്ടുപൂക്കളാലംകൃതമായ ആ വഴിത്താരയിലൂടെ അവൻ മുന്നോട്ട് നടന്നു; എങ്ങോട്ടെന്നറിയാത്ത യാത്ര. അവന്റെ കീറിപ്പറഞ്ഞ വസ്ത്രങ്ങൾ കാറ്റത്ത് പാറിക്കളിക്കുന്നുണ്ടായിരുന്നു.

അയാൾ തന്റെ സർട്ടിഫിക്കറ്റുമായി അകത്തേക്ക് കടന്നു. തന്റെ മുന്നിലിരിക്കുന്ന മൃഗങ്ങളെക്കണ്ട് അയാൾ ഞെട്ടി. വിശപ്പടങ്ങാത്ത പുലി മുഖത്ത് നിന്നും കണ്ണട ഊരിമാറ്റി. അതിന്റെ ഇരുവശങ്ങളിലുമിരിക്കുന്ന കഴുകന്മാർ കാൽനഖങ്ങളിൽ നിന്നും രക്തവും മാംസവും നക്കിക്കുടിയ്ക്കുന്നുണ്ടായിരുന്നു. ആ പുലിയുടെ കൈ അവന്റെ നേരെ നീണ്ടുവന്നു. അവൻ കൈമലർത്തി. അതോടെ അയാൾ പുറത്തേക്കെറിയപ്പെട്ടു.

മുട്ടുവിൻ തുറക്കപ്പെടും എന്നയാൾ എവിടെയോ കേട്ടിരുന്നു. അവൻ മുട്ടി. പക്ഷേ എവിടെയും തുറക്കപ്പെട്ടില്ല. ചവിട്ടിപ്പൊളിക്കാനാകട്ടെ അവൻ അശക്തനായിരുന്നു.

ആ ഇരുട്ടിലും അയാൾ നടക്കുകയായിരുന്നു. ഒരു കടൽ തീരത്തിലൂടെ അവന്റെ മുഖത്ത് നിശ്ചയദാർഢ്യത്തിന്റെ സ്ഫുരണങ്ങൾ ആളിക്കത്തി. അവൻ പൂർണ്ണനായി. ആ ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് അയാൾ കടലിലേക്ക് നടന്നടുത്തു. വീണ്ടും വീണ്ടും അയാൾ മുന്നോട്ടു നടന്നു. അവന്റെ ഹൃദയത്തിലെ കനൽ ആ കടൽ ഏറ്റുവാങ്ങി. അതിന്റെ നിറം ചുവന്നു.

# സാമ്പിൾ സർവ്വേ റിപ്പോർട്ട് 1991–'92

കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി 500-ൽപരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടു് നടത്തിയ സർവേയിൽ കാലിക പ്രാധാന്യമുള്ള 23 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയതു്. വിവിധതരത്തിലുള്ള പ്രതികരണമാണു് സർവേയ്ക്ക് ലഭിച്ചതു്. ഒരു വിഭാഗം വിദ്യാർത്ഥികൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി തന്നെ സർവേയിൽ പങ്കുകൊണ്ടു.

സർവേയിൽ ഒന്നാമത്തെ ചോദ്യമായി ഉൾപ്പെടുത്തിയിരുന്നതു് ഇഷ്ടപ്പെട്ട സാഹിത്യകാരൻ. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഇഷ്ടപ്പെട്ട സാഹിത്യകാരനായി വൈക്കം മുഹമ്മദ് ബഷീറിനെ അംഗീകരിച്ചപ്പോൾ ഒ. വി. വിജയൻ, തകഴി, എം.ടി. വാസുദേവൻനായർ, ഒ.എൻ.വി. കുറുപ്പ് എന്നിവർ രണ്ടാം സ്ഥാനത്ത് നിലകൊള്ളുന്നു.

നമ്മുടെ കലാലയത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട ദിനപ്പത്രം മാതൃഭൂമിയാണു്. മനോരമ, കേരളകൗമുദി എന്നിവ രണ്ടാം സ്ഥാനത്ത് നിലകൊള്ളുന്നു. മാധ്യമം, വീക്ഷണം ചന്ദ്രിക, ഇന്ത്യൻ എക്സ്പ്രസ്, ദേശാഭിമാനി എന്നിവ ഇഷ്ടപ്പെടുന്ന വിദ്യാർത്ഥികളും കുറവല്ല.

ഭൂരിഭാഗം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്ന വിനോദം വായന, ക്രിക്കറ്റ്, ഫുട്ബോൾ, ചെസ്സ്, സ്റ്റാമ്പ് കളക്ഷൻ, സിനിമ എന്നിവയാണു്. സചിൻ ടെൻഡുൽക്കറെ ഇഷ്ടപ്പെട്ട കായികതാരമായി ബഹുഭൂരിപക്ഷവും അംഗീകരിച്ചപ്പോൾ കപിൽദേവ്, പി.ടി. ഉഷ, അസറുദ്ദീൻ മറഡോണ, ഷൈനി എബ്രഹാം എന്നിവർ രണ്ടാം സ്ഥാനത്ത് നില്ക്കുന്നു.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട സിനിമ ഗോഡ്ഫാദറാണ്. കൗരവർ, കിലുക്കം, സാന്ത്വനം, ഭരതം എന്നിവയാണ് രണ്ടാം സ്ഥാനത്ത്. മൂന്നാംകിട ചിത്രങ്ങൾ ഇഷ്ടപ്പെടുന്നവരും കൂട്ടത്തിലുണ്ട്. കൂടുതൽ വിദ്യാർത്ഥികളും ഇഷ്ടപ്പെട്ട നടനായി മമ്മൂട്ടിയെ നിർദ്ദേശിച്ചപ്പോൾ മോഹൻലാൽ, നെടുമുടി, മുകേഷ്, മുരളി, മാമുക്കോയ, തിലകൻ എന്നിവരെ നിർദ്ദേശിച്ചവർ രണ്ടാം സ്ഥാനത്തുണ്ടു്. ഏറ്റവും നല്ല നടിയായി ഉർവ്വശി നിർദ്ദേശിക്കപ്പെട്ടപ്പോൾ പാർവ്വതി, ശോഭന, കനക തുടങ്ങിയവരെ ഇഷ്ടപ്പെടുന്നവർ തൊട്ടുപിന്നിൽ നിലകൊള്ളുന്നു.

ഭൂരിഭാഗം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്ന രാഷ്ട്രീയനേതാവായിമുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയെ നിർദ്ദേശിച്ചപ്പോൾ *P. V.* നരസിംഹറാവു, *E.M.S.* നമ്പൂതിരിപ്പാട്, *K.* കരുണാകരൻ നെൽസൺ മണ്ഡേല, ഇ. കെ. നായനാർ എന്നിവർ തൊട്ടുപിന്നിൽ നിലകൊള്ളുന്നു.

നല്ലൊരുശതമാനം വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട നിറം നീലയാണു്. വെള്ള. ചുവപ്പു്, പച്ച തുടങ്ങിയവ ഇഷ്ടപ്പെടുന്നവരും കുറവല്ല.

ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും ഇഷ്ടപ്പെട്ട വേഷം പാവാടയും ഷർട്ടുമാണ്. ചുരിദാർ, സാരിയും ബ്ലൗസും തുടങ്ങിയവ തൊട്ടുപിന്നിൽ നിൽക്കുമ്പോൾ നേരിയതും മുണ്ടും ധരിക്കുന്നവർ മൂന്നാംസ്ഥാനത്താണ്. ആൺകുട്ടികളുടെ ഇഷ്ടപ്പെട്ട വേഷം പാൻറും ഷർട്ടുമാണു്. മുണ്ടും ഷർട്ടും ഇഷ്ടപ്പെടുന്നവരാണു് തൊട്ടുപിന്നിൽ.

നമ്മുടെ കാമ്പസിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ചോറും കറിയും ഇഷ്ടപ്പെടുമ്പോൾ ചപ്പാത്തിയും, ചീനിയും മീനും, ബിരിയാണി എന്നിവ ഇഷ്ടപ്പെടുന്നവർ രണ്ടാം സ്ഥാനത്തു് നിൽക്കുന്നു.

ഭൂരിഭാഗം വിദ്യാർത്ഥികളും ബസ്സിൽയാത്ര ചെയ്യുന്നവരാണ്. 25 ശതമാനം വിദ്യാർത്ഥികൾ നടന്നുവരുമ്പോൾ 5% വിദ്യാർത്ഥികൾ തീവണ്ടിയിൽ യാത്ര ചെയ്യുന്നു. ഇരുചക്രവാഹനങ്ങളിൽ കോളേജിലെത്തുന്നവരും കുറവല്ല.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും കാന്റീൻ പ്രവർത്തനം തൃപ്തികരമല്ല എന്നു് നിർദ്ദേശിച്ചപ്പോൾ നിലവാരമില്ലാത്ത ഭക്ഷണവും അമിതമായ വിലയും എന്നു് നിർദ്ദേശിച്ചവരും കൂട്ടത്തിലുണ്ടു്.

നമ്മുടെ കലാലയത്തിലെ മിക്കവിദ്യാർത്ഥികളും കോളേജ് യൂണിയൻ പ്രവർത്തനങ്ങളോടു് പൂർണ്ണമായി അനുകൂലിച്ചു. യൂണിയൻ പ്രവർത്തനത്തെക്കുറിച്ചു് അറിവില്ലാത്ത വിദ്യാർത്ഥികളും തൃപ്തികരമല്ലെന്ന് നിർദ്ദേശിച്ചവരുമുണ്ട്

ഈ സാമ്പിൾ–സർവേയിൽ ഗൗരവപൂർവ്വം പങ്കാളികളായ മുഴുവൻ വിദ്യാർത്ഥികൾക്കും കോളേജ് യൂണിയന്റെ ഒരായിരം നന്ദി രേഖപ്പെടുത്തിക്കൊണ്ടു് 1991–'92–ലെ സർവേ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു



കൺവീനർ,

നിസാം എ. എസ്. I B.Sc

# ചിരിക്കാം...

നാസർ. എച്ച്
II B.com

കോടതിയിൽ ജഡ്ജി പ്രതിയോട്: നിങ്ങൾ നിരീക്ഷരവാദിയാണെന്നല്ലെ പറഞ്ഞത് എങ്കിൽ നിങ്ങളുടെ മാതാവിനെകൊണ്ട് സത്യം ചെയ്യൂ.

പ്രതി: സോറി സാർ ഞാനൊരു ടെസ്റ്റ്യൂബ് ശിശുവാണ്

വ്യപാര ഉടമ പരസ്യക്കാരനോട്: നിങ്ങൾക്ക് പരസ്യം തന്നതിൽ പിന്നെ ഒരൊറ്റ ആൾപോലും തുണിക്കടയിൽ വരുന്നില്ലല്ലോ!!

പരസ്യക്കാരൻ: സാർ എനിക്കൊരു മണ്ടത്തരം പറ്റിയതാ, വസ്ത്രവ്യപാര രംഗത്ത് 60 വർഷത്തെ പാരമ്പര്യം എന്നത് 60 വർഷത്തെ പഴക്കം എന്നായിപ്പോയി

വഴിവക്കിൽ ഒരു കഴുത നിൽക്കുന്നത് കണ്ട് ഭർത്താവ് ഭാര്യയോട് ചോദിച്ചു: എടി നിന്നെ ആ കഴുതവന്ന് ചുംബിച്ചാൽ നീ എന്ത് പറയും

ഭാര്യ: നിങ്ങൾ എന്നെ ചുംബിച്ചാൽ എന്ത് പറയാനാ

മാജിക്കുകാരൻ ഇരുമ്പ് കഷണമെടുത്ത് ജലത്തിലിട്ടപ്പോൾ അത് ഉയർന്നു കിടക്കുന്നു. ഇതുകണ്ട ഒരാൾ "ഹലോ ഞങ്ങളെപ്പറ്റിക്കാൻ നോക്കണ്ട അത് കപ്പലിലുള്ള ഇരുമ്പു കഷണമല്ലെ!!

നഴ്സ്. സർ മൂന്നാം നമ്പർ ബെഡ്ഢിലെ രോഗി എന്നെ ശല്യപ്പെടുത്തുന്നു.

ഡോ സാരമാക്കേണ്ട. ഒരു ദിവസത്തേക്കല്ലെ ക്ഷമിക്കു. നാളെ ഓപ്പറേഷനാ. അതുവരെ അല്പം സന്തോഷത്തോടെ കഴിയട്ടെ.

സാറ് കുട്ടിയോട്: ച്ഛ ചേർത്ത് രണ്ടു വാക്ക് പറയു

കുട്ടി: സാറിന്റെ അച്ഛന്റെ മുത്തച്ഛൻ

ഭാര്യയുടെ നിലവിളികേട്ട് ഓടിയെത്തിയ ഭർത്താവ് "എന്താ.... എന്തുപറ്റി?

ഭാര്യ: ദാ അവിടെയൊരു എലി

ഭർത്താവ്: എലിയെ നിനക്ക് ഇത്രയ്ക്ക് പേടിയൊ. കർത്താവെ ഒരു എലിയായി പിറന്നാൽ മതിയായിരുന്നു.

# വിട

ജയകുമാർ
IIIrd Botony

കാലചക്രം കറങ്ങിത്തിരിയുമ്പോഴു സമയതീരങ്ങളിൽ–
ദോലനം ചെയ്യുമൊരു പെൻഡുലം
സമയദൈർഘ്യത്തിന്റെ മണിമുഴക്കുന്നു.
കൗമാരം കാർന്നുതിന്നുന്ന ബാല്യം
വിരഹദുഃഖത്താലച്ചുതൻ ചേലത്തുമ്പിലെ
പിടിവിടാതെ വിതുമ്പിക്കരയുന്നു
പഴകിദ്രവിച്ചൊരീ വാതിൽ ചാരി
പോരുകയത്രേ എനിക്കിനിവേണ്ടൂ
ഇത്തിരി നിർത്തുകാവഞ്ചി കൂടിയടുപ്പിച്ചുനിറഞ്ഞ്യകാവഞ്ചി
ഉൽക്കടമായി വിറയ്ക്കുന്നിതെൻപാദങ്ങൾ
കാലടിപ്പാടുകളിലെ മൺതരികളുരയ്ക്കുന്നു
കാണുമോ? നമ്മളിനി വീണ്ടുമെന്ന്
കാരാഗ്രഹത്തിന്റെ പടിചവിട്ടുന്നൊരീ
പാവം മനുഷ്യനും വിരഹദുഃഖം?
കാലം കടുപ്പിച്ച മതിലുകളിലിണചേർ–
ന്നീഴയുമീ നിഴലുകൾ തീർത്തൊരീയാത്മബന്ധം
നിറമാർന്നു നിൽക്കുമീ വീഥികളിൽ
വിടപറയുന്നുവിതെങ്കിലും
കണ്ടുമുട്ടീടാ മിനിയൊരിവീഥിയിലോർക്കുകിൽ
ഇരുളേറെപ്പടർന്നു തുടങ്ങുമ്പോഴും
പരസ്പരം വിടചൊല്ലിപിരിയാൻ കഴിയാത്ത
നിറം മങ്ങി മുന്നിൽ വീണുടയുന്ന
വഴികളിൽ ഇത്തിരി നടന്നിട്ടുടൻ
തിരിഞ്ഞി നിന്നില്ലില്ലയാവില്ല
യെന്നുറക്കെക്കരയുന്ന കിടാങ്ങൾ നാമിപ്പോഴും
ജീവിതത്തണ്ടു വലിക്കുവാനിനിയൊറ്റ
നുകം വച്ചുഴുവാനുമിനിയൊറ്റ
പകലും രാത്രിയും പരസ്പരം പങ്കുവയ്ക്കു–
ന്നൊരീയന്ത്യയാമത്തിൽ–
ശിഥിലനാദമിതെങ്കിലും,
മുറിവേറ്റൊരെൻ മനസ്സുചൊല്ലുന്ന വിട
ലോകമേ വിട!

# വിഷാദവിത്തുകൾ

പാടുവാൻ തുടങ്ങുമ്പോൾ
വാചക നിഗൂഢത–
തേടി നീ അടവിയെ
സാകൂതം നോക്കവേ

പൂർണ്ണമാകുവാൻ കഴിയാത്ത
മിഥ്യയാം ലോകത്തുനാം
കൺചിമ്മികൾ വിണ്ടി
നഗ്നസ്വപ്നങ്ങൾ കണ്ടു.

ഏടുകൾ മറിക്കുമ്പോൾ
മായാത്ത മനക്കാമ്പിൽ
കാതോർത്തിരമ്പുന്നു
കടലിൻ തിരമാല.

വേർപെടാൻ സമയമായ്!
എന്നിലെ മനോഭൂവിൽ
പാകട്ടെ! നിന്നോർമ്മകൾ
വിഷാദ വിത്തുകളായ്.

പിരിയാൻ തുടങ്ങുമീ
നിമിഷ സായാഹ്നത്തിൻ–
ഇനിയും പുതുക്കാമീ,
പഴയ ഈരടികൾ !

സ്വാഗതം, സായാഹ്നത്തിൽ
കാറൊളി മിന്നിടുമ്പോൾ
നിന്നാഗമം പ്രതീക്ഷിച്ചു.
ക്ഷമിച്ചു ഞാനിരിക്കവേ.

പാറിടും നിൻ മുടികൾ
ചൂടുവാൻ ഉണങ്ങാത്ത
ചേലുള്ള പൂവും സ്നേഹ–
സ്പന്ദവും കോർത്തു ഞാൻ വയ്ക്കേ

തേങ്ങുവാൻ തുടങ്ങീടും
യാചന നിൻ മിഴികൾ
ഊറിടും കദനത്തിൻ
കൂരമ്പു തറച്ചെന്നിൽ

ബീനാറാണി.എസ്
II B.A

കവിത

ജി. ആർ. സംഗീത

# പൊയ് മുഖങ്ങൾ

ഒന്നഴിച്ചീടുവാൻ പോലുമാകാതെയായ്
ഇന്നുമെനിക്കു, ഞാനേന്തുമിപ്പൊയ്മുഖം.
എന്നോ അണിഞ്ഞതാ, ണെപ്പൊഴാ, ണെന്തിനാ-
ണൊന്നുമറിയില്ലെൻ ബുദ്ധി മന്ദിച്ചുവോ?
സ്വാർത്ഥമോഹങ്ങൾക്കു പൊന്നണിയിക്കുവാൻ
ആർത്തിപെരുത്തൊരാ പോയകാലങ്ങളിൽ
ഏതോ ഗുരുവെനിക്കേകിയ താണയാൾ
പേരിപ്പഴകിയോരീമുഖം മൂടികൾ!
അന്നുതൊട്ടിന്നോളമെൻമുഖ മുദ്രകൾ
ആരോവരച്ചിട്ടൊരീ നിറക്കൂട്ടുകൾ!
ഉൾത്തളം നീറിഞാൻ കേഴുമ്പൊഴും മുഖം
മുഗ്ദ്ധമാം പുഞ്ചിരിപ്പാലല തൂവുന്നു.
കോപത്താൽ ഞാൻ കത്തിയാളുമ്പൊഴു മനു-
താപമാർന്നെൻമുഖം മഞ്ഞുപെയ്യിടുന്നു.
ഇല്ല വികാരങ്ങളൊന്നും പ്രകടമാ-
വില്ലെന്നിൽ, ഞാൻ വെറും നിർവ്വികാര ബ്രഹ്മം!
ഉണ്ടെനിക്കാഗ്രഹമൊന്നു ചിരിക്കുവാൻ
ഉള്ളിലെ ദുഃഖം കരഞ്ഞുതീർത്തീടുവാൻ,
ശത്രുക്കളോടേറ്റുമുട്ടുവാൻ ചിത്തത്തി-
ലിത്തിരിത്തീയുമായ് കത്തിജ്വലിക്കുവാൻ
വയ്യെനിക്കീമുഖംമൂടിചുമക്കുവാൻ
വയ്യെനിക്കീനരനാടകമാടുവാൻ....
ഞാനെന്റെ പൊയ്മുഖം ദൂരത്തെറിയട്ടെ;
ഞാനെൻ വികാരങ്ങൾ വ്യക്തമാക്കീടട്ടെ

പുരാതനമനുഷ്യൻ
മരവുരിയും പച്ചിലച്ചാർത്തുകളും
കൊണ്ടു നാണം മറച്ചിരുന്നു.
ഇത് പഴയ കഥ.
ഇന്നോ...
കാലചക്രം തിരിഞ്ഞു....
കാലത്തിനേക്കാൾ
വേഗതയിൽ നാടും നാട്ടാരും
ഫാഷൻഭ്രമവും മാറി....
ഒപ്പം വസ്ത്ര സങ്കല്പങ്ങളും
അറിയണ്ടേ പുതുപുത്തൻ വിശേഷങ്ങൾ...
എല്ലാ വിഭവങ്ങളും നിങ്ങൾക്കായ് ഒരുക്കി, കണി
ക്കൊന്നയേക്കാൾ സുന്ദരിയായി......
സാരംഗ
കല്യാണസാരികൾക്കും
മറ്റു വസ്ത്രങ്ങൾക്കും.....
സാരംഗ ടെക്സ്റ്റൈൽസ്
രാമൻകുളങ്ങര, കൊല്ലം-3

# Satyagraha

A WEAPON OF THE STRONG

The word 'Satyagraha' was coined by Gandhiji to describe the non- violent resistance organised by him. It was at the beginning of the century to protest against repressive and discriminatory laws in South Africa. The struggle was at first known as "passive resistance", a term used by suffragetters who had devised it as a weapon of the weak. Gandhiji had made non-violence the sheet anchor of his movement which was based on soulforce or the force of truth.

The wodr Satyagraha which literary means insisting on or holding on to truth. Explaining the concept of Satya graha, Mahatma Gandhi said, "To lay down one's life, even alone, for what one considers to be right, is the very core of Satyagraha". Firmness in the right and unrelenting persuit of truth are the two essential factors of Satyagraha.



sive reaserch in mathematics. He gave the value for pie as 355/113 and for Arya Bhatta it was 3.416.

Arabs have also contributed to the developement of mathematics especially in Algebra. Todays familiar numerals are derived from early Hindu Script and arabic numerals of Moorish spain with Subsequent European refinements. The round dot at the end of some rows reprsents the symbol for zero, whose importance the Arabs recognized in one of the most trenchant sentence in mathematical history: "when (in subtraction) nothing is left over, then write the little circle so that the place does not remain empty" Muhammed-ibn-musa-al-Khwarizmi (? - 825) wrote a mathematical treatise entitled his abal-jabar w'al Muqabalah which means "the science of reduction and comparison" and which probably refers to the solving of equations. Al-Khwarizmi's book made its way to europe and in the 12th century it was translated into Latin, the common language of European scholars. As the book was studied throughout Europe, the world "Al-Jabar" in the title grew into 'algebra' which is what this branch of mathematics is called today. Omar Qayam (1044-1123) is also an arabic mathematican whose book was taugh in Persian schools for centuries. He was the first mathematician to use conic sections to explain cubical equations. His book contains about measurable quantities, algebraic solution, cubical equations trinomial equations etc..

There are also other great mathematicians like Diophantus, a Greak mathematician of 3rd century is known as the father of Algebra. He was the first to use symbols to represent an algebraic problem. It is not known when he was born,, how old he was, when he died. This fact comes to us through an ancient problem, which states; 'Diophantus' boyhood lasted one-sixth of his life, his beared grow after one twenfth more; after another one-seventeenth he marrid, five years later his son was born, the son lived to half the fathers age, and Diophantus died four years after his son. Thus x/6+x/12+x/7+5+x/2+4=x. ie X is 84 years. Georg cantor (1845-1918) , Germen mathematician developed set theory. It made solving problems more easy. Georg Cantor used the set theory as a technique for dealing with infinite things. He compared different orders of different infinite sets. He found, all the fractions can be matched off against an infinite set of all the whole numbers, yet the set of fractions contains the set of whole numbers as a "subset". Quetlet (1796-1874), a Belgian statistician developed a theory which is mainly based on "Constancy of Great Numbers". Quetlets's principle was used by Hain, Knapp, Lexis, Galton, Karl-Pearson and Edge worth to develope statistical theory. Statistics is playing vital role in nearly all phase of human endeavour like Agriculture, Business, Communications, Physics, Economics, chemistry, Biology, Medicine and Psychology. Niels Henric Abel (1802-29) a Norwigian mathematician, considered as one of the inventors of modern mathematics. His first book

was published in 1823 by his master. It contains functional equations integrals and solutions. His important work was published in 1826 on October 30. we all know about Archimedes (287-212 B.C) a Greak mathematician. He is considered as the greatest mathematician before Issac Newton. His father was an astrologer named Fidiyos. Archimedes was killed by a Roman soldier. There are many stories about him. One such story is that he pulled a ship to the shore by using pulley and rope. He calculated the value of as 310/71 less than pie less than 310/70.

All of us use logrithms. It help us in solving problems which are not easy. John Napier (1550), English mathematician was the inventor of logrithms. He presented logrithms in a book with a Latin name meaning "A description of an admirable table of logrithm". Leanard Euler (1707-1783) a Swiss mathematican was the first mathematician who solved two problems related to the network theory. J.J Sylvester (1858) was the first who used the term "matrix". Matrices are extemely useful in statistics, Economics and Atomoc Phisics. Rene - Descartes (1596-1650) a French mathematician was the inventor of co-ordinate geometry after his name. He unified Algebra and Geometry. Vieta (1540-1603) in 1579 recomended using fractions with denominators that were powers of 10 but Simon Stevin usually credited with the invention of the decimal fraction. In 1585 he published a book in which he explained how, by using decimals, all computations could be done as if with whole numbers. Ludolph Van Ceulen found 35 decimal places for pie ( ) this number was engraned on his tombstone as that was his wish and this number is still known in Germany as "Ludolphin" number in his honour. John Venn (1834- 1923) a British Logician, further developed the idea of using digrams to represent sets. So Venn-digrams are named after John Venn. Karal Friedrish Gauss (1777-1855) a German mathematician gave a good explanation to fundamental theory of algebra.

Euclid,, a Greak mathematician and author of "The Elements". It contains 13 chapters. Geomatry facts and principles which discovered logical reasoning, are collected in this geomatric text written in 325 B.C. This work was systamised mainly by the outstanding Greek mathematicians Thales, Phythagores,, Plate and Aristotle. There were also mathematicians like Cavaliera, Ivanfelisto Toriselly who worked on differencial and integral calculas. Godfredphon Lebnitz and Issac Newton is considered as the inventors of calculas by the European scholars. However Bhaskaracharya had already invented calculas in the 12th century.

We have introduced more than 30 mathematician in this article. Yet the picture is highly incomplete. There remains many more to be introduced. Learn mathematics and enjoy its pleasure.

II.D.C MATHEMATICS (1991-1992)

# Hey! Look at this....

"A foolish man is soon angry"
"Beauty is only skin deep"
"Brevity is the soul of wit"
"Do not refuse correction"
"East or west home is best"
"Fortune favours the bold"
"Harsh answers stir up trouble"
"Happy is he who finds wisdom"
"Keep the law and be happy"
"Kind words are like honey"
"Many hands make work lighter"
"out of sight is out of mind"
"One cannot serve two masters"
"Pride goes before a fall"
"Truth shines as the stars"
"Wisdom is better than rubies"

Collected by
**ANAS A.S**
**II year BOTANY**

Karate
Learn Scientific Karate through Shito-Ryu.
A REAL JAPANESE KARATE
CLASSES BY NATIONAL REFEREE, SEMPAI REGHU KUMAR (4th DAN BLACK BELT)
SPECIAL CLASSES FOR LADIES AND KIDS
JAWAHAR BALBHAVAN KOLLAM
Alan Thilak Shito-Ryu Karate School GOVT. REG.

WITH THE BEST COMPLIMENTS FROM
SREEKRISHNA PRINTERS
Mangalassery
KILIKOLLOOR
KOICKAL JUNCTION
KOLLAM-4

# ARABIC NUMERALS

The numerals now in every day use are called Arabic numerals, because it was from Arabia that there numerals spread to Europe. Actually, they are Indian in origin and should rightly be called Indian numerals. The concept of 'zero' and the digital system (including decimals) are Indians contributions to the science of numerals. The Arabs adopted the Indian system.

(See Landmarks of Science Supra)

## ROMAN NUMERALS

Roman numerals are those used by the ancient Romans.They are letters converted into numbers I=1,V=5,,X=10 etc. they do not follow the digital system of Arab numerals.The general rules of Roman numerals are the following..

(I) Repeating a letter repeats its value :XX=10+10=20.

(II) A letter placed after one of greater value adds there to

VI = 5+1 = 6

(III)A letter placed before another of greater value substracts there from : IV = 5-1=4

(iv) A dash line over a numeral multiplies its value by thousend

$\bar{X}$ = 10 * 1000 = 10,000.

## ARABIC AND ROMAN NUMERALS.

Arabic numerals and their corresponding Roman numbers are given below.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | I | 11 | XI | 30 | XXX | 300 | CCC |
| 2 | II | 12 | XII | 40 | XL | 400 | CD |
| 3 | III | 13 | XIII | 50 | L | 500 | D |
| 4 | IV | 14 | XIV | 60 | LX | 600 | DC |
| 5 | V | 15 | XV | 70 | LXX | 700 | DCC |
| 6 | VI | 16 | XVI | 80 | XXC | 800 | DCCC |
| 7 | VII | 17 | XVII | 90 | XC | 900 | CM |
| 8 | VIII | 18 | XVIII | 100 | C | 1000 | M |
| 9 | IX | 19 | XIX | 200 | CC | 1500 | MD |
| 10 | X | 20 | XX | | | 2000 | MM |

## TABLE

| Figure | US and France | UK and other European countries | India |
|---|---|---|---|
| 1 and 5 Zoros | One Hundred Thousand | One Hundred Thousand | One Lakh |
| 1 .. 6 .. | One Million | One million | Ten Lakhs |
| 1 .. 7 .. | Ten Millon | Ten Million | One Core |
| 1 .. 8 .. | Hundred Million | Hundred Million | Ten Cores |
| 1 ,, 9 ,, | Billion | Milliard;Tousand Million | Hundred cores |
| 1 ,, 12 ,, | Trillion | Billion | One lakh core |
| 1 ,, 15 ,, | Quadrillion | Thousand Billion | |
| 1 ,, 18 .. | Quintillion | Trillion | |

## HIGHER ARABIC NUMERALS.

Some higher Arabic numerals cause a lot of confusion, when use as words. The classic instance is 'billon' which in the U.s is equal to one thousand millon and in the V.K to one millon .




ബഹു: പ്രിൻസിപ്പാൾ, ഇൻസ്പെക്ടർ സാർ, രഘുസാർ
സുരേഷ് സാർ, ശാന്തകുമാരി ടീച്ചർ, മനീഷ്. എസ്
(കോളേജ് യൂണിയൻ ചെയർമാൻ) കെ.എൻ. ബാലഗോപാൽ, ഷാജി (SIR)[illegible] ഷാജു.ജി, ജയകുമാർ, രഞ്ജന, ബി. രാജേന്ദ്രൻ, [illegible]
A.V. വിജയൻ, സോമരാജൻ. അംബിക, ലോഡ്ജ്, ബിന്നി. യു.എം, തോമസ്. ജെ. തുടങ്ങി
മാഗസിൻ നിർമ്മാണവുമായി സഹകരിച്ച ഏവർക്കും..........

Statement of ownership and other Particulars.

| | | |
|---|---|---|
| Place of Publication | : | Kollam |
| Periodicity of Publication | : | Annual |
| Printer's Name | : | LT.COL.Prof.Basheer Kannu |
| Nationality | : | Indian |
| Address | : | Principal., T.K.M.C.A.S. Kollam |
| Publisher's Name | : | LT.COL.Prof. Basheer Kannu |
| Nationality | : | Indian |
| Address | : | Principal., T.K.M.C.A.S. Kollam |
| Editor's Name | : | Nazar.H. |
| Address | : | Chippy, Pallimukku, Kollam |
| Layout, Design | : | Binny. U.M. Thomas. J., |
| Illustrations | : | Surendran, Pulppally, Wynad. |
| Cover Design | : | Binny. U.M. |
| Name and Address of Individuals who own the magazine | : | T.K.M. College of Arts and Science Kollam - 5. |

I, LT.COL. Prof Basheer Kannu Hear by declare that the particulars given above are true to the best of my knowledge and Belief.

Kollam,
Dated,
15-12-92

Sd/-
P R I N C I P A L.


BESTNUT
cashews
NET WT 150g
Taste the freshness of premium Cashews

# HYCOUNT PIPE

HYCOUNT

IS : 4985

**From Virgin PVC**